The school strength rose up. More class rooms were required. We had to shift the school from the rented house to the Garden. There was no finance. Sr. Lutgardis was not very much in favour of starting the school. It was my pressure on the Monsignor which moved her to accept the proposal of starting school, and she agreed to run it only up to class 4. There was no fund foreseen for school buildings. We spread a news in the town that school may be closed down as there was no fund for constructing proper class rooms. I got a reliable news that Mr. Gopaldas Mohta family in Akola was willing to donate land for school in the town. Everybody in the town welcomed the idea, as it will be much convenient for the public. We made a study over it. This family had 20 acres of land in the heart of the town, which was attached to Income Tax Dept.The Mohtas said that they would get 3 acres of it exempted for educational purpose and will donate to us. Sr. Veena and myself proceeded to Akola, had one day stay there in their palatial house and discussed on their proposal. We fixed a date to meet again at Hinganghat. As it was planned both the parties reached the old garden of late Gopaldas Mohta and we had one hour meeting. Before this scheduled meeting took place Advocate Mr.Thrivedi of Wardha whom Sr. Lutgardis had delegated to make a draft contract together with the Lawyer of Mohta family, had done their job well and it was presented in our meeting. We found most of the clauses acceptable. The last clause that was most demanding read thus: "In case the school was closed down on any ground the entire property, with all our investment there, shall go to the donor of the land." Out right we had to object it and there ended the grand offer !!

There was certain Marwadi Society in Hinganghat. Its members approached us that they would construct the required buildings with necessary classrooms on our land, provided we were ready to name the school after their society and 25 percent of the admissions were left to their choice. Unfortunately we could not accept the second condition !

In the meantime effort was going on in Germany to find out sponsors. I challenged the Sisters and the Staff to make a fund raising campaign. One Saturday afternoon in March 1977 our team consisting of Sr.Veena, Sr. Sudhara, Mrs. Bhandari, Miss Joseph and myself set in motion the first collection. This was visiting all the shops and houses on the main road of Hinganghat. It was a grand success. In three hours door to door request we could collect Rs. 7600.00. After a week the Proprietor of Great Bombay Circus which had its show in the town came to meet me and handed over Rs.500.00 for the school. Mr. Appu also had come with him. I told them about the forthcoming Episcopal ordination of Bishop of Chanda. The Proprietor said that we should make it grand. I asked him why shouldn't we garland the new Bishop by an elephant. He agreed to my suggestion and promised to do it by Ramu the famous elephant which had its role in film "Hathi mere Sathi". On March 31, 1977 two elephants from Hinganghat reached Balharshah. Ramu accompanied by other elephant garlanded the Bishop at the grand reception after his consecration.

***New life to Chanda Samachar:***

The Chanda Samachar (diocesan News Bulletin) was dormant for some time. The Bishop wanted to revive it. He came all the way to Hinganghat in the last week of October 1977 to convince me of taking up that job. I agreed on the condition that there should be an editorial board and the bulletin should cover not news alone but views

as well. This Team consisting of Fr. K.D. Chacko, Fr. K.S. Joseph, Fr. Koyikara and myself brought out the first issue before Christmas 1977.

***Recognition for the School:***

The school buildings started coming up in the garden. Classes were shifted there. Sr. Lutgardis agreed to run the school up to Std.vii. Recognition of the school was next issue. I insisted that the parents should take the pains to get the school recognized. Sr.Veena the Head Mistress convened Parents' Body meeting. Bishop Januarius was in the chair. I made the demand that the parents' body elects a committee which will do all the work regarding the recognition. Three member Committee was elected. This committee went to Bombay, met the Education Minister Mrs. Prabha Rau and invited her to visit the school. She obliged. The visit took place. Without delay the school got its recognition. During this period the convent of Sisters and the Gruhini School were ready as residences and centers of activities respectively. Jeevan Jyoti started Boys' boarding.

***Proposed Balharshah Bal Bhavan Technical School:***

One fine afternoon in 1978 the Bishop and Fr. Mathew Manikompel came to meet me at Hinganghat. The Bishop explained to me that SEBEMO, an Austrian Agency had accepted the proposal of opening a Technical Training School at Balharshah. He wanted that I take over its responsibility.I told him that Higanghat would be a better site for it, as there were two large cotton mills there and Buti Bori the new industrial belt was coming up very fast, where the trainees might get job and the workshop might get sufficient fabrication work. However as it was planned for Balharshah, I had to say 'no' to the offer. This project was later handed over to Montfort Brothers. This is the present Montfort Technical School in Balharshah. Every thing happened for the growth of the church.

In the academic year 1979 – 80 I gave classes in Political Science and Socilogy to the Aspirants in Thukum at the request of the then Rector Fr. Mathew Vathallur riding 95 kms to Chandrapur on motor bike once a week. Obliging to the decision of the Bishop, I said farewell to Jeevan Jyoti on December 30, 1979 handing over charge of a flourishing mission station with a wide range of human contacts to Fr.Antony Cyriac Chirayath cmi.

The Tribute given in the farewell meeting in Laxmi Talkies, in the heart of the industrial town, organized by Lawyers, Doctors, Business Community, Bank officials and other citizens of Hinganghat reads so:


***To Rev. Fr. James, Jeevan Jyoti Church, Hinganghat.***

***Sir, The well known adage "He came, he saw and he conquered" is really true as far as you are concerned. You came here in the service of the Lord five years ago, but in such a short span, you conquered our hearts, as much as your curtsey and ready smile, as by your deep sympathy and sense of service. You were a pioneer of the Church in Hinganghat region and during your stewardship the Church put its roots here and the good work has spread. What was once almost a jungle has now flowered into a beautiful garden with graceful buildings taking shape; thus rendering Nandgaon cross roads and the Church periphery into a spot of infinite beauty. Under your aegis different schemes for the benefit of the poor and the destitute have been implemented to render philanthropic service. It is for these reasons that gossamer webs of friendship and respect sprang up between you and ourselves and neither distance can diminish the intensity, nor can the years weaken them. We have no doubt that wherever you go, the good work will go and strong bonds will spring up to bind minds and***

***hearts together. We wish you a happy life in the service of the Lord and humanity.***

***Hinganghat*** ***Yours ever***
***Dated 23-12-1979*** ***(K.Appu, Family and friends)***

Kaotha Mission: Leaving Hinganghat after establishing Jeevan Jyoti Mission center with a priest's residence, Boys' Boarding, perennial water source, cows and cattle shed, Fish tank, Rose garden, vegetation and other plantations and cultivations, a wide contact with several villages and many parts of the town and maintaining regular service to the small Christian community, I took charge of Kautha Mission center from Fr.Panthenus Pookkat on December 31, 1979. During my short stay of five months there I did the maximum to give a renewed face to it. The first fridge landed in the house in January 1980. Following this I applied for telephone connection depositing Rs. 6000.00. The distance to the exchange in Pulgaon was six kilometers. To the reasons explained to the Bishop and the Provincial Fr. Philip Neri I resigned from Kautha on June 01, 1980 handing over the charge to Fr. Joseph Kozhikothickal



# Fr Saju Chackalackal CMI, Councilor for Evangelization and Pastoral Ministry

Rev. Fr. Saju Chackalackal CMI (51) has been elected the General Councilor for Evangelization and Pastoral Ministry on July 25, 2016. He is also elected to serve as the Secretary of the General Council. Carmelasandesam wishes him all the best and accords prayerful wishes for effective ministry in the new capacity.

He belongs to Preshitha Province, Coimbatore and has been serving on the teaching faculty of Philosophy at Dharmaram Vidya Kshetram (DVK), Bangalore for almost two decades. His checkered career includes responsibilities like President of DVK, Dean of Philosophy, Head of the Dept of Philosophy of Christ University, and Visiting Professor to many institutions, prolific writer, editor of Journals and books, etc. He did his doctoral studies at St Thomas University, Rome.

He fills in the vacancy left by the sudden demise of Rev. Fr. George Thanchan CMI who left for his heavenly abode on July 4, 2016.

# രാജഗിരി ആശുപത്രി

ഫാ. ജോസ് പാലാട്ടി സി.എം.ഐ.
Mob: 9447811845

ഈ വർഷാരംഭത്തിൽ ഏതാനും ദിവസം നമ്മുടെ ചുണങ്ങംവേലി രാജഗിരി ആശുപത്രിയിൽ കഴിക്കാനുള്ള അവസരമുണ്ടായി. ഹൃദയത്തിന്റെ ശസ്ത്രക്രിയയും, വാൽവ് മാറ്റി വയ്ക്കേണ്ട ആവശ്യവുമായിരുന്നു, അടിയന്തിരമായി ചെയ്യേണ്ടിയിരുന്നത്. പിന്നെ രക്തസമ്മർദ്ദത്തിന്റെയും പ്രമേഹത്തിന്റെയും പ്രശ്നങ്ങളുണ്ടായിരുന്നു. വളരെപ്പേരുടെ പ്രാർത്ഥനയും, സമർത്ഥരായ ഡോക്ടർമാരുടെ പ്രതിജ്ഞാബദ്ധമായ ശുശ്രൂഷയും, നേഴ്സുമാരുടെ നിരന്തരമായ പരിചരണവും സർവ്വോപരി സൗഖ്യദായകനായ യേശുവിന്റെ പരിപാലനയും എന്നെ പരിവലയം ചെയ്യുന്ന അനുഭവമായിരുന്നു എനിക്കുണ്ടായത്. എല്ലാറ്റിനും ദൈവത്തിനു സ്തുതി! എല്ലാവർക്കും നന്ദി!

## ഗാംഭീര്യവും ഉദാത്തവും

അകലെ നിന്ന് കാണുമ്പോഴേ തന്നെ ആശുപത്രികെട്ടിടത്തിന്റെ ഗാംഭീര്യവും ഉദാത്തതയും ദൃശ്യമാണ്; ആധുനിക വാസ്തു ശില്പത്തിന്റെ സാങ്കേതിക മികവും, ശാസ്ത്രീയ കഴിവും പ്രകാശിതമാണ്. അടുത്തു വരുമ്പോഴും അകത്തുകയറുമ്പോഴും ഉണ്ടാകുന്ന അനുഭവം തീർത്തും സ്നേഹോഷ്മളമാണ്. വാഹനത്തിൽ വരുന്ന രോഗികളെ ഡോർ തുറന്ന് താങ്ങിപ്പിടിച്ച് നടത്തിയും, കൂടുതൽ അവശരാണെങ്കിൽ വീൽ ചെയറിൽ ഇരുത്തി ലക്ഷ്യ സ്ഥാനത്ത് എത്തിക്കാൻ സെക്യൂരിറ്റിക്കാരും വോളന്റിയേഴ്സും സന്നദ്ധരാണ്.

മുറിക്കകത്തും, വരാന്തയിലും പരിസരങ്ങളിലും ദൃശ്യമാവുന്ന ശുചിത്വവും ക്രമവും വേറിട്ടൊരു അനുഭവമാണ്. ഈയവസ്ഥ നിലനിർത്താനുള്ള അധികൃതരുടെ ശ്രദ്ധ ശ്ലാഘനീയം തന്നെ. കിടക്കവിരിയും രോഗികളുടെ വസ്ത്രങ്ങളും പ്രതിദിനം മാറ്റി ശുദ്ധിയാക്കുന്നത് രാജഗിരിയിൽ മാത്രമുള്ള പതിവാണെന്നു തോന്നുന്നു.

## ഹോസ്പിറ്റലും ഹോസ്പിറ്റാലിറ്റിയും
## (Hospital, Hospitality)

ആശുപത്രിയെന്ന വാക്കിൽ നിന്നാണ് ആതിഥ്യം എന്ന വാക്കുണ്ടായതെന്ന് തോന്നുന്നു. എങ്കിൽ രാജഗിരിയിൽ അത് തീർത്തും ശരിയാണ്. ഡോക്ടർമാരുടേയും, നേഴ്സുമാരുടേയും, മറ്റു ശുശ്രൂഷകരുടേയും പെരുമാറ്റം സ്നേഹപൂർവ്വകമായ ശുശ്രൂഷയാണ്. വേദനിക്കുന്ന രോഗിക്ക് ഔഷധത്തേക്കാൾ സൗഖ്യദായക ശക്തി ഈ വിധമുള്ള പരിചരണത്തിൽ നിന്ന് കിട്ടുന്നുണ്ട്.

ആശുപത്രിയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളും അവയിലെ ഡോക്ടർമാരും, നേഴ്സുമാരും തമ്മിൽത്തമ്മിലുള്ള സഹകരണവും, ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളും ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നതാണ്.

## ഡോക്ടർ - രോഗീബന്ധം

ഏതു രോഗിക്കും ഡോക്ടറിന്റെ സേവനത്തിൽ ഉറച്ചുവിശ്വസിക്കാനും, വ്യക്തിപരമായി ആശ്രയിക്കാനും പറ്റുന്ന ഒരവസ്ഥാവിശേഷം രോഗിയുടെ പക്ഷത്തുനിന്നും ഉണ്ടാവണം. ആത്മാർത്ഥമായി ശുശ്രൂഷിക്കുന്ന ഡോക്ടറിന്റെ സേവനം രോഗശാന്തിക്ക് വേഗം കൂട്ടും. രണ്ടു കൂട്ടരുടേയും ബന്ധം സൗഹൃദത്തിന്റെയും സഹകരണത്തിന്റേതുമാവണം. പ്രശസ്ത

ദാർശനികനായ നീറ്റ്ഷെ പറഞ്ഞത് ഓർക്കുക, താങ്കൾ എന്റെ മുമ്പിൽ നടക്കേണ്ടാ, ഞാൻ താങ്കളെ അനുഗമിച്ചെന്നു വരില്ല. (you shall not walk before me, I shall not follow you )

താങ്കൾ എന്റെ പുറകെ വന്നിട്ട് ആവശ്യമില്ല; ഞാൻ താങ്കളെ നയിച്ചുവെന്നു വരില്ല. (You shall not walk behind me, I shall not lead you)

ഇനി താങ്കൾക്ക് ആഗ്രഹമെങ്കിൽ എന്നോടൊത്തുവരൂ, നമുക്ക് തോളോടു തോൾ ചേർന്നു നടക്കാം. (If you want, walk along with me")

ഇവിടെ പ്രസക്തമായിരിക്കുന്നത് ഒന്നിച്ചുള്ള നീക്കമാണ്. തോളോടു തോൾ ചേർന്നുള്ള സഹകരണമനോഭാവമാണ്. ഈ മനോഭാവമാണ് എവിടെയും എപ്പോഴും വിജയം വരിക്കുക. ചികിത്സയുടെ വിജയത്തിലും രോഗീ-ഡോക്ടർ ബന്ധം, സഹകരണം ഏറെ ആവശ്യമാണ്.

## ആതുരാലയം - പ്രതീക്ഷാനിലയം

ഏതു ആശുപത്രിയിലും ശുദ്ധീകരണാവസ്ഥയുടെ ഫലമുളവാക്കുന്നതാണ്. അതായത് അശരണരായി വരുന്ന രോഗികളായാലും, സാധാരണ രോഗങ്ങളാൽ വരുന്നവരായാലും ഓരോവിധത്തിലുള്ള ശുദ്ധീകരണം സാധിക്കാനുണ്ട്. കത്തോലിക്ക വിശ്വാസമനുസരിച്ച് മരണാനന്തര ജീവിതം സ്വർഗ്ഗം, നരകം, ശുദ്ധീകരാവസ്ഥ എന്നിങ്ങനെയാണ്. ഇതിൽ, ഇഹത്തിൽ നല്ല ജീവിതം നയിച്ചവർക്ക് നിത്യ സൗഭാഗ്യമെന്ന സ്വർഗ്ഗാവസ്ഥ; അനുതാപമില്ലാതെ മാരകമായ പാപാവസ്ഥയിൽ മരിക്കുന്നവർക്ക് നരകം; വീണ്ടും ലഘുവായ പാപാവസ്ഥയിൽ മരിക്കുന്നവർക്ക് ശുദ്ധീകരാവസ്ഥ; ഇത് താത്ക്കാലികമാണ്. പാപപ്പരിഹാരം നേടിക്കഴിഞ്ഞാൽ സ്വർഗ്ഗഭാഗ്യം. ഇവിടെ ആശുപത്രി ജീവിതത്തെ ശുദ്ധീകരാവസ്ഥയുമായി ബന്ധപ്പെടുത്താൻ കാരണം

ഏതുവിധത്തിലുള്ള ചികിത്സയാണെങ്കിലും അതിലൊക്കെ ഒരുതരം ശുദ്ധീകരണമുണ്ടാകും; ഒപ്പം ഒരു പ്രകാരത്തിലും നിരാശയ്ക്കിടമില്ലാതെ പ്രത്യാശ നല്കുന്ന അവസ്ഥയാണിത്. എല്ലാ പരിചരണങ്ങളും ഔഷധങ്ങളുടെ ഉപയോഗങ്ങളും വ്യക്തിക്ക് ശുദ്ധീകരണവും, ജീവിതത്തിൽ പ്രത്യാശയും പകരാൻ പര്യാപ്തമാണ്.

## ചങ്കും ഹൃദയവും ഒന്നുതന്നെ അർത്ഥതലങ്ങൾ വ്യത്യസ്തം!

ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രോഗി ആശുപത്രിയിൽത്തന്നെ വിശ്രമിച്ചു കഴിയുന്ന ഒരു ദിവസം പതിവുള്ള റൗണ്ട്സിനു വന്ന ഡോക്ടറോട്, തന്റെ ഭാര്യയെ കാണിച്ചുകൊണ്ട് പറയുന്നു, ഡോക്ടർ ഇപ്പോഴെങ്കിലും എന്റെ ഭാര്യയ്ക്ക് ബോധ്യമായി, എനിക്ക് ഹൃദയമുണ്ടെന്ന്; അവളെപ്പോഴും പറയാറുണ്ട്, എന്നെക്കുറിച്ച് ഹൃദയമില്ലാത്ത മനുഷ്യൻ, ഹൃദയമില്ലാത്ത മനുഷ്യൻ എന്ന്.

ചങ്ക് ശരീരത്തിലെ നെഞ്ചകത്തെ ഒരു മുഖ്യ അവയവം ആണ്, രക്തചംക്രമണം നിയന്ത്രിക്കുന്നു. നിരന്തരം സ്പന്ദിച്ചുകൊണ്ടിരിക്കുന്നു. ഹൃദയമാകട്ടെ മനുഷ്യന്റെ അനുകൂലവും പ്രതികൂലവുമായ വികാരങ്ങളുടെ ഉറവിടമാണ്. സ്നേഹം, സന്തോഷം, അനുകമ്പ, ആർദ്രത, കരുണ, സമാധാനം, സഹാനുഭൂതി എന്നിവയും, ശോകം, കോപം, ഭീതി, ഉത്ക്കണ്ഠ, ആകുലത............ എന്നീ പ്രതികൂല വികാരങ്ങളുടേയും ഉറവിടമാണ്. പ്രതികൂല വികാരങ്ങളെ(Negative Emotions)നിയന്ത്രിച്ചും നിഹനിച്ചും അനുകൂലവികാരങ്ങളെ (Positive Emotions) പരിപോഷിപ്പിക്കുകയുമാണ് മനുഷ്യൻ ചെയ്യേണ്ടത്. ഈയർത്ഥത്തിൽ വൈകാരികവും, മാനസികവും, ആത്മീയവുമായ വശങ്ങളാണ് ഹൃദയത്തിന്റേത്. ഹൃദയംഗമമായ സ്വാഗതം ഹൃദയപൂർവ്വകമായ ക്ഷമ എന്നൊക്കെ പറയുമ്പോൾ മനുഷ്യമഹത്വത്തിന്റെ ഉത്തമാംശങ്ങളെ, അഥവാ, ദിവ്യതയെയാണ് നാം

സൂചിപ്പിക്കുക. പ്രവാചകനായ ഇസയാസ് പറഞ്ഞത്, മനുഷ്യന്റെ ശിലാസമാനമായ ഹൃദയം മാറ്റി മാംസളമായ ഹൃദയം സ്ഥാപിക്കുമെന്നാണ്. (ഇസ. 36:25) ഹൃദയപരിവർത്തനം, അഥവാ മനസ്സാന്തരമാണിവിടെ വിവക്ഷ, ദൈവം ചെയ്യുന്ന പ്രവൃത്തിയാണിത്.

## നല്ല സമറായന്റെ വിദഗ്ധമായ ചികിത്സ

യേശു പഠിപ്പിച്ച നല്ല സമറായന്റെ ഉപമയുടെ ഇതിവൃത്തം നല്ലൊരു രോഗീപരിചരണത്തിന്റെ മാതൃകയാണ്. (ലൂക്ക 10 : 25 - 37). വഴിയാത്രയിൽ ആക്രമിക്കപ്പെട്ടു കൊള്ളയടിക്കപ്പെട്ട മനുഷ്യനെ രണ്ടുപേർ അവഗണിച്ചു കടന്നുപോയി. എന്നാൽ മൂന്നാമത്തെയാൾ സമറായൻ, ജന്മനാ ശത്രുവായിരുന്നിട്ടും അടിയന്തിര സഹായം ചെയ്ത് പ്രഥമ ശുശ്രൂഷ നടത്തി സ്വന്തം സവാരി മൃഗത്തിന്റെ പുറത്തിരുത്തി സത്രത്തിൽ കൊണ്ടു ചെന്ന് കൂടുതൽ പരിചരിച്ചു. വലിയതുക ചിലവാക്കി ജീവൻ രക്ഷിച്ചു. ഇത് തീർച്ചയായും വലിയ ജീവകാരുണ്യ പ്രവൃത്തിയാണ്. അവഗണിച്ച് കടന്നുപോയ രണ്ടുപേരും തങ്ങളുടെ സുരക്ഷിതത്വം കാത്തുകൊണ്ടപ്പോൾ, സമറായൻ സ്വയം റിസ്ക്ക് എടുത്തു, സമയവും, ധനവും ചെലവഴിച്ചു. ഇതാണ് ക്രിസ്തീയം - ക്രിസ്തു വിഭാവനം ചെയ്യുന്ന രോഗീശുശ്രൂഷ - നീയും പോയി ഇതുപോലെ ചെയ്യുക. (ലൂക്ക 10 : 37). ബൈബിളിലെ സത്രം കേവലം യാത്രക്കിടയിലെ ഒരിടക്കാലവസതി മാത്രമല്ല, മറിച്ച്, ആവശ്യക്കാരേയും അവശരേയും ശുശ്രൂഷിക്കാനുള്ള ഇടമാണ്. അതുകൊണ്ട്, നമ്മുടെ എല്ലാ ആതുരാലയങ്ങളും യഥാർത്ഥ സത്രങ്ങളായിത്തീരണം; അവിടെ ജീവന്റെ പരിരക്ഷയും സാധാരണ പരിചരണവും നടക്കണം.

## ത്വക്ക് രോഗി ഹൃദ് രോഗിയാവരുത് !

യേശു അത്ഭുതകരമായി സുഖപ്പെടുത്തിയ പത്തു കുഷ്ഠരോഗികളിൽ ഒരാൾ മാത്രം തിരിച്ചുവന്ന് യേശുവിന് നന്ദി പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി (ലൂക്ക 17, 11-19). ഇതിൽ

യേശുവിന്റെ പ്രതികരണം, സുഖം പ്രാപിച്ചവർ പത്തുപേരല്ലേ, ഒരാൾക്കുമാത്രമേ നന്ദി പറയണമെന്ന് തോന്നിയുള്ളല്ലോ? കുഷ്ഠരോഗം ശരീരത്തെ (ത്വക്കിനെ) ബാധിക്കുന്ന രോഗമാണ്. നന്ദിപറയുക ഹൃദയത്തിന്റെ ഭാവമാണ്. പക്ഷേ, അതു ചെയ്യാത്തവരെ സംബന്ധിച്ച് അവർ ഹൃദ്രോഗികളായ അവസ്ഥയിലായി എന്നു വേണം കരുതാൻ. കൃതജ്ഞത മനുഷ്യന്റെ ഉന്നതമായ ഒരു മനോഭാവമാണ്. (Gratitutude is the best attitude).

## സ്പന്ദനം - 2016

ചുരുങ്ങിയ കാലത്തിനുള്ളിൽ രാജഗിരി ആശുപത്രി നേടിയ പ്രശസ്തി വലിയൊരു നേട്ടമാണ്. ലഭ്യമാകുന്ന എല്ലാ സജീകരണങ്ങളോടും കൂടിയ പ്രവർത്തനങ്ങൾ രോഗികൾക്കെന്നപോലെ പരിചരിക്കുന്നവർക്കും സംതൃപ്തി കരമാണ്. ജൂൺ 11 ന് നടത്തിയ സ്പന്ദനം - 2016 ഏറെ ശ്രദ്ധിക്കപ്പെട്ട പരിപാടിയായിരുന്നു. ഇവിടെ ചികത്സിച്ച് സൗഖ്യം പ്രാപിച്ച മുന്നൂറിലേറെപ്പേർ ഒത്തുകൂടി അനുഭവങ്ങൾ പങ്കുവെച്ചതും, ഡോക്ടർമാരുടെ അനുഭവ സമ്പന്നവും പണ്ഡിതോചിതവുമായ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നേഴ്സുമാരുടെ കലാപരിപാടികളും തീർത്തും പ്രചോദകരങ്ങളായിരുന്നു. സമ്മേളനത്തിലെ മുഖ്യ അതിഥി ശ്രീ. ജോണി ലൂക്കോസ് (മനോരമ ന്യൂസ് ഡയറക്ടർ) പ്രഭാഷണം നടത്തി. ഹൃദയ ശസ്ത്രക്രിയ മേധാവി ഡോ. ശിവ് കെ.നായർ, ഡോ. രാംദാസ് നായക്, ഡോ.ജോർജ്ജ് വാളൂരാൻ, ഡോ. റിനെറ്റ് സെബാസ്റ്റ്യൻ തുടങ്ങി കാർഡിയോളജി വിഭാഗത്തിലെ എല്ലാവരുടെയും സാന്നിധ്യവും സഹകരണവും ആദ്യന്തമുണ്ടായിരുന്നു. അതുപോലെതന്നെ, എക്സി. ഡയറക്ടർ റവ.ഫാ. ജോൺസൺ വാഴപ്പിള്ളി, മെഡി.ഡയറക്ടർ ഡോ. ഗോപിനാഥൻ നായർ എന്നിവരുടെ കഴിവും നിരന്തര ജാഗ്രതയും എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു. രോഗീപരിചരണത്തിൽ ദൈവത്തിന്റെ കൃപയും മനുഷ്യന്റെ കഴിവും എല്ലാവരും എടുത്തുപറഞ്ഞു. ദൈവത്തിനു സ്തുതി!

**Namibian Corner…**

# St. Charles Lwanga Major Seminary

After a long gap here comes some Namibian News, where the CMI Congregation is involved in two fields of apostolate, running the National Major Seminary and working at the Namibian Catholic Bishops' Conference. It was a historic movement from the part of the Namibian Catholic Bishops' Conference to invite the CMI Congregation and entrust them the newly erected St. Chlarles Lwanga National Seminary in 1998. The CMI presence at that time limited just to one, Fr. Thomas Manninezhath, as the starting Rector of the Seminary. Eventually, the Seminary has grown into the present status of an International Major seminary with five CMI priests, one local OSFS priest and 24 residential students from the three dioceses of Namibia, and also from South Africa. There were also students from Botswana. There are also day scholars from two men and one women religious congregations. Now that tiny seed planted almost 18 years before has enormously taken the shape of a big banyan tree with its luxurious foliage and strong network of roots under the strong guidance of the present Rector, Fr. Benny Karuvelil, CMI (from 2008 onwards till the present time).

## The Academic Scenario

St. Charles Lwanga Major seminary, named after the Ugandan saint Charles Lwanga and companions, at present offers complete training for diocesan candidates at three stages: one year Orientation program for the beginners, two year Philosophy courses and four year Theology program. The Philosophy and Theology programs are accredited by the Namibian Government, under the ministry of Higher Education and hence the Bachelors Degree as well as Diplomas we

issue are approved and accepted in many countries at the level of secular university degrees. The process of getting accredited was long and arduous. The Namibian Qualification Agency did and will do visit the campus and its infrastructure and check all the course modalities (including the course syllabus) once in three years. The academic year starts in the month of February and ends in November; December and three weeks in January are closed for summer holidays. The new academic year usually is inaugurated by the Apostolic Nuncio together with all the bishops of Namibia with a solemn Mass and other cultural paraphernalia from the students' side. Similarly, the seminary graduation ceremonies are also staged at the end of the academic year in with due pomp and gaiety.

The seminary enjoys very good esteem from Rome, as the former Nuncio was never reluctant to praise our Seminary in public forums. The graduates from the seminary could enrol for higher studies in Rome and other universities abroad. Some of such Alumni are engaged in teaching in the seminary as part-time Staff members also. The Seminary has a fully equipped audio video room, named St. Chavara Hall, which is used for daily online classes by lecturers, as far as from the Netherlands.

The seminary also has a small but a modern and computerised library with more than 1000 volumes of books and an additional 2500 electronic books available for the students. The facilities are open also to students from other institutions or the Universities. And the most heartening thing is that most of the students make use of the facilities of the Library all throughout the day and even up to eleven O' clock in the night.

Psycho-Pastoral Involvements

Namibia, with its total population of around 2.2 million of which

35% is Catholic, is known as a Christian country and the city of Windhoek is blessed by the presence of many churches, catholic and non-catholic. The students are regularly helping out in the Holy Masses in our churches and they are also involved in teaching and preparing candidates for first Communion and Confirmation in different parishes and also in the Seminary itself. The students also render guidance and leadership, according to the available time, in many other special programs and occasions conducted in the parishes under the label of Catholic Women's League (CWL), Altar Servers Association, Catholic Men's League (CML), Couples for Christ, etc., visiting the patients in the nearby hospitals and para-medical institutions with consoling words and Christian messages are also being taken up during week-ends and other holidays. These voluntary and sometimes customary activities are serving as integral components of a total formation that is the need for today.

## Namibian Catholic Bishops' Conference (NCBC)

The second field of our CMI service is the Namibian Catholic Bishops' Conference. Fr. Thomas was the Secretary General of the Conference for the past seven years, till he left for his province in the month of March, 2016. At present Fr. Oliver Inchody is playing a commendable role as the Programme Manager of Caritas Namibia and National Director of the Catechetical department of NCBC. He is in the final stage of codifying a catechetical manual for the whole country, a task that was pending for almost 15 years now.

## The CMI Presence

Four of our CMI members are full time staff at the seminary at present: Frs. Benny Karuvelil (Rector), Cyriac Kannezhath (Bursar), John Ettaniel (Dean of students) and Pradeep Aerthayil (Director of the

Orientation students). Fr. Oliver Inchody is teaching as a part-time lecturer in the faculty of theology and at the same time working full time in the Namibian Catholic Bishops Conference (NCBC) Office. The CMI fathers are also actively involved in the pastoral activities in the parishes and other institutions around, offering more than one mass on some Sundays. The seminary chapel itself is serving as a quasi-parish and every Sunday the Holy Mass is attended by a good number of faithful, especially from the different embassies around. Our services are highly appreciated not only by the people but also by the other priests and religious around. We also cater to the intellectual and spiritual needs of many religious congregations by taking classes and giving retreats and other spiritual services.

## Other News

The CMI community in Namibia has always enjoyed the paternal support of all our Prior Generals in the past all of whom have visited us. We were extrmemly happy to have Fr. Paul Achandy (Prior General) with us at the beginning of this academic year in the month of February 2016. He gave the opening talk on the inauguration day, in the presence of the all the Bishops of the country and also the *Chargé d'Affaires* a.i. of Apostolic Nunciature, as the Nuncio could not be present. All appreciated his insights and the Bishops thanked him for the services the Congregation renders to the country and the church in Namibia.

Fr. Thomas Manninezhath, who was the first CMI member here and the first Rector of the Seminary, and who also was serving as the Secretary General of the NCBC returned to his province after commendable service of almost 18 years.

Prepared by **Fr. Oliver Inchody, CMI**
Windhoek

# ചരിത്രത്തിന് ഒരു നുറുങ്ങ് വെട്ടം

**സന്ദർഭം:**

കർമ്മെല സന്ദേശം, നമ്പർ 230, 2016 ൽ റവ. ഫാ. റോബി കണ്ണൻചിറയുടെ 'മതസൗഹാർദ്ദ ഈസ്റ്റർ' എന്ന ലേഖനത്തിലെ ഉപശീർഷകം ''രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയിൽ കൊച്ചിയിൽ ചാവറ കൾച്ചറൽ സെന്റർ". അതിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ ഇങ്ങനെ കാണുന്നു. **"രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയിലാണ് കൊച്ചിയിൽ ചാവറ കൾച്ചറൽ സെന്റർ സ്ഥാപിതമാകുന്നത്"**... (P. 21) [N.B. Id est post councilium, sed non est propter concilium]

# ചാവറ ലൈബ്രറി & കൾച്ചറൽ സെന്റർ

**ചരിത്ര പശ്ചാത്തലം :**

എ.ഡി. 1971 : ചാവറ പിതാവിന്റെ ചരമശതാബ്ദി വർഷം. സഭയുടെ സിരാകേന്ദ്രമായ കാരിക്കാമുറിയിൽ ശതാബ്ദി ആഘോഷം അനാർഭാടമായി, എന്നാൽ സാരവത്തായി നടത്തണമെന്ന് തീരുമാനിക്കുന്നു. അരങ്ങൊരുക്കാനായി ആദ്യം ഒരു സംവാദം സംഘടിപ്പിച്ചു. അതിന്റെ പ്രമേയം : ദൈവവിശ്വാസം വളരുന്നു വേർസസ് ദൈവവിശ്വാസം തളരുന്നു. ധർമ്മാരാം കോളേജ് തത്വശാസ്ത്രവിഭാഗം പ്രൊഫസർമാരായ ആൽബർട്ട് നമ്പ്യാംപറമ്പിൽ, വെർണർ ചക്കാലക്കൽ എന്നീ അച്ചന്മാരും എറണാകുളം ലോ കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ശ്രീ. ഫിലിപ്പ് കെ. തയ്യിൽ, കേരള നിയമസഭാ സ്പീക്കർ ആയിരുന്ന ശ്രീ. അലക്സാണ്ടർ പറമ്പിത്തറ എന്നിവരും, ഇളംതലമുറയെ വളർത്തുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഡിഗ്രി വിദ്യാർത്ഥിനിയായ കുമാരി ലിസി മാനുവൽ, പ്രീഡിഗ്രി വിദ്യാർത്ഥി മാസ്റ്റർ ജോർജ്ജ് അഗസ്റ്റിൻ എന്നിവരും ആയിരുന്നു പ്രമേയ അവതാരകർ. മഹാകവി ജി. ശങ്കരകുറുപ്പായിരുന്നു മോഡറേറ്റർ. വിഷയം ആഴത്തിൽ പഠിച്ച്,

റിഹേഴ്സലും നടത്തിയശേഷം, അടുക്കും ചിട്ടയോടും കൂടി അവതരിപ്പിച്ച ആ സംവാദം ഏറെ ജനശ്രദ്ധ പിടിച്ചുപറ്റി. ചാവറ പിതാവിന്റെ ചരമ ശതാബ്ദിയുടെ കേളികൊട്ടായിരുന്നു ഈ സംവാദ സമ്മേളനം.

**കളമൊരുങ്ങുന്നു :**

ചാവറയുടെ ദീർഘവീക്ഷണവും മഹാമനസ്കതയും പ്രതിബിംബിക്കുന്നതും കൊച്ചിയുടെ ജനമൈത്രിക്ക് അനുയോജ്യവും ആവശ്യവുമായ ഒരു ശതാബ്ദി സ്മാരകം എന്തായിരിക്കാം എന്നതിനെപറ്റി പര്യാലോചിക്കാനായി പൊതുശ്രേഷ്ഠ ഭവനത്തിൽ ഒരു ഒത്തുചേരൽ സംഘടിപ്പിച്ചു.

ജനറൽ ഹൗസിന്റെ അയൽവാസിയായ മഹാകവി ജി. ശങ്കരക്കുറുപ്പ്, കുടുംബസമ്മേളന യൂണിറ്റ് പ്രസിഡണ്ടുമാർ, ഗ്രാന്റ് ഷെവലിയർ ജസ്റ്റിസ് ജോസഫ് വിതയത്തിൽ, ഗ്രാന്റ് ഷെവലിയർ അഡ്വ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം, സ്പീക്കർ ശ്രീ. അലക്സാണ്ടർ പറമ്പിത്തറ, മുനിസിപ്പൽ ചെയർമാൻ ശ്രീ. എ. കെ. ശേഷാദ്രി, അഡ്വ. ഫിലിപ്പ് കെ. തയ്യിൽ, അഡ്വ. ജോർജ്ജ് പയ്യപ്പിള്ളി, ശ്രീ. ജോസഫ് ചാക്കോള, ഡോ. മേരി ആന്റണി, P.W.D. Ex. എൻജിനിയർ ശ്രീ. സി. എം. ആന്റണി, എം. കെ. സാനുമാഷ്, ശ്രീ. ഇ. പി. ഐസക് സർ, ഹെഡ്മിസ്ട്രസ് ബ. സിസ്റ്റർ നിർമ്മല എഫ്.സി.സി., റവ. ഫാദേഴ്സ് ആൽബർട്ട് നമ്പ്യാംപറമ്പിൽ, വെർണർ ചക്കാലക്കൽ തുടങ്ങിയവർ ക്ഷണിതാക്കളായിരുന്നു.

പ്രിയോർ ജനറൽ പെ. ബ. കനീസിയൂസച്ചന്റെ അദ്ധ്യക്ഷതയിലാണ് ഈ നിർണ്ണായകയോഗം നടന്നത്. വിജ്ഞാന കുതുകിയും കാലാതീത കണ്ണുകളുടെ ഉടമയുമായ ചാവറയച്ചന് ഉചിതമായ സ്മാരകം ഒരു കാലിക വിജ്ഞാന വ്യാപന സംരംഭമായിരിക്കുമെന്ന ആശയം ആദ്യം അവതരിപ്പിച്ചത് ശ്രീ. ഇ. പി. ഐസക് സാറാണ്. കേരള ഹൈക്കോടതിയുടെ സാമിപ്യവും ശ്രീ. പി. ടി. ചാക്കോ (പിന്നീട് കേരള ആഭ്യന്തര മന്ത്രി) പോലുള്ള അഭിഭാഷകർ ചില കെയ്സുകൾ സംബന്ധിച്ചുള്ള ചരിത്ര വസ്തുതകൾ ചികയുന്നതിനുവേണ്ടി

ഇവിടത്തെ ലൈബ്രറി ഉപയോഗപ്പെടുത്താറുള്ള വസ്തുതയും അനുസ്മരിപ്പിച്ചുകൊണ്ട് അഡ്വ. ജോർജ്ജ് പയ്യപ്പിള്ളി ഐസക് സാറിന്റെ ആശയത്തെ അനുകൂലിച്ചു.

പ്രസ്തുത സമ്മേളനത്തിലാണ് **ചാവറ പിതാവിന്റെ ചരമ ശതാബ്ദി സ്മാരകമായ** എറണാകുളം കാരിക്കാമുറിയിലെ **ചാവറ ലൈബ്രറി ആന്റ് കൾച്ചറൽ സെന്ററിന്റെ ബീജവാപം നടന്നത്.**

ചാവറ ലൈബ്രറി ആന്റ് കൾച്ചറൽ സെന്ററിന്റെ, തുലോം അടുത്തുവരുന്ന, കനകജൂബിലിയും ചാവറ പിതാവിന്റെ ചരമത്തിന്റെ ശതോത്തര കനകജൂബിലിയും കൊണ്ടാടുമ്പോൾ ഇരുട്ടിൽ തപ്പാതിരിക്കാൻ ഈ കുറിപ്പ് സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

**ഫാ. ജോസഫ് ഏലിയാസ്,** സി.എം.ഐ.

# സഭയിലെ പരിശീലന ഭവനങ്ങൾ 1833–1956

**Fr. Gallus Cheruparambil CMI**

നമ്മുടെപിതാവായ മാർ തോമ്മാ ശ്ലീഹ ആദ്യ നൂറ്റാണ്ടിൽ യോഗ്യരായവർക്കു പുരോഹിത പട്ടം നൽകി എന്നാണല്ലോ നാം വിശ്വസിക്കുന്നത്. ദൈവാനുഗ്രഹത്താൽ ഈ സഭയ്ക്ക് വൈദികക്ഷാമം ഉണ്ടായിട്ടില്ല. ഇതാണ് കേരള സഭയുടെ നിലനിൽപിനും അഭിവൃദ്ധിക്കും കാരണം. 19–ാം നൂറ്റാണ്ടു വരെ കേരളത്തിൽ പല ഭാഗങ്ങളിലായുണ്ടായിരുന്ന മല്പാൻ സെമിനാരികളിലായിരുന്നു വൈദികരാകാൻ ആഗ്രഹിച്ചിരുന്നവരെ പരിശീലിപ്പിച്ചിരുന്നത്. 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ സെമിനാരികളുടെ എണ്ണം കുറവായിരുന്നു.

1831–ൽ മാന്നാനത്ത് ആരംഭിച്ച അമലോത്ഭവ മറിയത്തിന്റെ ദാസന്മാരിൽ അഗ്ര ഗണ്യനായ പാലയ്ക്കൽ തോമ്മാച്ചന്റെ വലിയ ഒരു ആഗ്രഹമായിരുന്ന പൊതു വൈദിക സെമിനാരി സ്ഥാപിക്കണമെന്നത്. 1833ൽ മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് ഇതിനായി ഒരു സ്ഥാപനം ആരംഭിച്ചതോടെ അത് സാക്ഷാത്കരിക്കപ്പെട്ടു. ഇപ്രകാരം ഒരു പൊതുസെമിനാരി ഉണ്ടായാൽ അമലോത്ഭവ മറിയത്തിന്റെ ദാസന്മാരായ വൈദികരുടെ പുണ്യജീവിതവും നല്ല മാതൃകയും അവിടെ വരുന്ന അർത്ഥികൾ കാണുകയും ദാസഗണത്തിലേയ്ക്ക് ക്രമേണ അവർ ചേരുകയും ചെയ്യുമെന്ന് നമ്മുടെ പിതാക്കന്മാർ വിശ്വസിച്ചിരുന്നു. ഇതിനായി 1838 ൽ ബലവത്തായ ഒരു ബഹുനില കെട്ടിടം പിതാക്കന്മാർ നിർമ്മിച്ചു. നമ്മുടെ പിതാക്കന്മാരെ അനുകരിച്ച് അമലോത്ഭവദാസഗണത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട പ്രത്യേക പരിശീലനം കൊടുക്കുന്നതിനായി അവരെ സെമിനാരി കെട്ടിടത്തിന്റെ രണ്ടാം നിലയിലും മറ്റുള്ളവരെ താഴെനിലയിലും താമസിപ്പിക്കുന്നതിന് പോരൂക്കരയച്ചൻ തീരുമാനിച്ചത് ചില പ്രശ്നങ്ങൾക്കു കാരണമായി.

ബ. പാലയ്ക്കലച്ചൻ പള്ളിപ്പുറത്തെ പള്ളിയിൽ നടത്തിയിരുന്ന മല്പാൻ സെമിനാരിയിൽ പഠിച്ച് പലരും വൈദികരായി. എന്നാൽ

രോഗിയും വൃദ്ധനുമായ ആ പിതാവിന് മല്പാൻ സെമിനാരിയിൽ വിദ്യാർത്ഥികൾക്കു വേണ്ടത്ര പരിശീലനം നല്കുന്നതിന് പ്രയാസമായിത്തീർന്നു. വിശുദ്ധനായ ചാവറക്കുര്യാക്കോസച്ചൻ ഈ കാലഘട്ടത്തിൽ പള്ളിപ്പുറത്തുപോയി പാലയ്ക്കൽ തോമ്മാ മല്പാനച്ചനെ കഴിയും വിധം സഹായിച്ചിരുന്നു. മാന്നാനത്ത് ആരംഭിച്ച പൊതുസെമിനാരി രൂപതാ വൈദികർക്കും സന്യാസവൈദികർക്കുമായി സ്ഥാപിക്കപ്പെട്ടത് അനുദിനം അഭിവൃദ്ധിപ്പെട്ടുപോന്നു.

അലങ്കാരശാസ്ത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം എന്നിവയെല്ലാം മന്നാനം സെമിനാരിയിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. 1957-ൽ ലത്തീൻകാരായ വൈദികർക്കുവേണ്ടി വരാപ്പുഴ മെത്രാപ്പോലീത്ത കൂനമ്മാവിൽ പണിയിച്ച ആശ്രമത്തിൽ താമസിക്കുന്നതിന് വൈദികരെ ലഭിക്കാത്തതിനാൽ ആ സ്ഥാപനം നമ്മുടെ ആശ്രമമായി വിട്ടുതന്നു. നമ്മുടെ സഭാംഗങ്ങൾ അവിടെ താമസിച്ചു തുടങ്ങിയപ്പോൾ വൈദികരും, വിദ്യാർത്ഥികളും വന്ന് സഭയിൽ ചേരുന്നതിന് താൽപര്യം പ്രകടിപ്പിച്ചു. ശെമ്മാശ്ശന്മാരെ അവിടെയും പരിശീലിപ്പിച്ചുതുടങ്ങി.

1959 സെപ്റ്റംബർ മാസം വരെ നമ്മുടെ സഭാംഗങ്ങളായ വൈദിക വിദ്യാർത്ഥികൾ മന്നാനത്തും കൂനമ്മാവിലും താമസിച്ച് പഠിച്ചിരുന്നു. എന്നാൽ ശെമ്മാശ്ശൻമാർ എല്ലാവരും ഒരു സ്ഥലത്തു തന്നെ പരിശിലിക്കപ്പെടുന്നത് സഭയുടെ ഐകരൂപ്യത്തിനും പൊതു നന്മയ്ക്കും ഉപകരിക്കുമെന്ന് വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു തോന്നുകയാൽ കൂനമ്മാവ് ആശ്രമം മാത്രം പരിശിലന ഭവനമായി നിശ്ചയിക്കപ്പെട്ടു. അതിനാൽ മാന്നാനത്തുണ്ടായിരുന്ന നവസന്യാസികളും ശെമ്മാശ്ശമ്മാരും കൂനമ്മാവിന് മാറ്റപ്പെട്ടു. ഇവിടെ ഒരു കാലത്ത് നൂറോളം വൈദിക വിദ്യാർത്ഥികൾ വരെ ഉണ്ടായിരുന്നു. ഇതിനാവശ്യമായ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും സഭയിൽ നിന്നു തന്നെ ഉണ്ടാക്കിക്കൊടുത്തു.

സുറിയാനിക്കാർക്കായി രൂപത സ്ഥാപിക്കപ്പെട്ട ശേഷം 1889 മേയ് മാസം 9-ാം തിയതി കൂനമ്മാവിലെ ആശ്രമവും നമ്മൾ പണിയിച്ച സെമിനാരി കെട്ടിടങ്ങളും വരാപ്പുഴ രൂപതയ്ക്കു വിട്ടു

കൊടുക്കേണ്ടതായി വന്നു. നമ്മുടെ വിശുദ്ധ പിതാവിനെ അടക്കിയിരുന്ന ദേവാലയം ഉപേഷിച്ച് പോരേണ്ടി വന്നതിലുള്ള ദുഃഖം വർണനാതീതമായിരുന്നു. അന്ന് നമ്മുടെ വൈദിക വിദ്യാർത്ഥികളെയും നവ സന്യാസികളെയും മാറ്റി താമസിപ്പിച്ചത് അമ്പഴക്കാട് ആശ്രമത്തിലാണ്. ഇത്ര അധികം പേർക്ക് താമസിക്കാൻ അവിടെ സൗകര്യങ്ങളും ഇല്ലായിരുന്നു. നവസന്യാസ ഭവനമായി അമ്പഴക്കാട് ആശ്രമം നിശ്ചയിക്കപ്പെട്ടു.

1767 ൽ വരാപ്പുഴ ആരംഭിച്ച സെമിനാരി സുറിയാനി ലത്തീൻ റീത്തുകളിൽ പെട്ട എല്ലാവർക്കുമായി 1866 ൽ പുത്തൻപള്ളിയുടെ സമീപത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടിരുന്നു. കൂനമ്മാവിൽ നിന്നു പോരേണ്ടി വന്ന ശെമ്മശ്ശൻമാരെ പുത്തൻപള്ളിയിൽ പരിശീലിപ്പിക്കുന്നതിന് വളരെ വിശാല ഹൃദയത്തോടെ, അവിടുത്തെ അധികാരികൾ സ്വാഗതം ചെയ്തു. എന്നാൽ അന്ന് കോട്ടയം രൂപതയുടെ മെത്രാനായിരുന്ന ഈശോ സഭക്കാരായ ചാൾസ് ലെവിഞ്ഞു മെത്രാൻ നമ്മുടെ വിദ്യാർത്ഥികളെ ഈശോ സഭക്കാർ നടത്തിയിരുന്ന മംഗലാപുരം സെമിനാരിയിൽ വിട്ടു പഠിപ്പിച്ചാൽ സഭയ്ക്കു കൂടുതൽ പ്രയോജനം സിദ്ധിക്കുമെന്നും അങ്ങനെ പഠിച്ച് വരുന്നവരെകൊണ്ട് നമുക്ക് തനതായി ഒരു പഠന ഗൃഹം നടത്തിക്കൊണ്ട് പോകൻ ക്രമേണ സാധ്യമായി വരുമെന്നും അഭിപ്രായപ്പെടുകയും ഇന്ത്യയിലെ ദലഗാദും നമ്മുടെ പൊതുശ്രേഷ്ഠനുമായിരുന്ന അയുത്തി മെത്രാപ്പോലീത്ത *ട.ഖ.* അതിനെ പ്രോത്സാഹിപ്പിക്കുകയും ഇതിനു വേണ്ട അനുവാദങ്ങൾ റോമിൽ നിന്നു സമ്പാദിച്ചു തരുകയും ചെയ്തു. താമസിയാതെ വ്രതം ചെയ്ത എല്ലാ വിദ്യാർത്ഥികളും മംഗലാപുരം സെമിനാരിയിൽ ചേർന്നു പഠനം തുടങ്ങി. ഇങ്ങനെയാണ് നമ്മുടെ വൈദിക വിദ്യാർത്ഥികൾ 1890 മേയ് മാസം 9-ാം തിയതി മംഗലാപുരത്തു പഠനം ആരംഭിച്ചത്. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതോടെ അവിടെ ഒരു കെട്ടിടം പണിയിക്കുന്നതിനായി സ്ഥലം വാങ്ങിച്ചു. എന്നാൽ ഈ സ്ഥലം സെമിനാരിയിൽ നിന്ന് അകലെ ആയിരുന്നതിനാൽ അതു ഉപേക്ഷിച്ച് സെമിനാരിയോട് ചേർന്ന് ഒരു സ്ഥലം വാങ്ങി

സെമിനാരി പണുതു. 1951 വരെ ഇവിടെ താമസിച്ച് നമ്മുടെ വിദ്യാർത്ഥികൾ പഠിച്ചിരുന്നു. മംഗലാപുരത്തു പഠനഗൃഹം ആരംഭിച്ചെങ്കിലും ആരോഗ്യക്കുറവു മൂലം അങ്ങോട്ട് പോകാൻപറ്റാത്ത വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അരംഭത്തിൽ അവരെ അമ്പഴക്കാട്ടും 1904 മുതൽ മാന്നാനത്തും അയച്ച് പഠിപ്പിച്ചിരുന്നു. 1908 മുതൽ ആദ്യ വ്രതം ചെയ്തവരെ നിത്യവ്രതം ചെയ്യുന്നതു വരെ വാഴക്കുളത്താണ് പരിശീലിപ്പിച്ചിരുന്നത്. 1912 സെപ്റ്റംബർ മാസത്തിൽ വാഴക്കുളം സെമിനാരി നിറുത്തലാക്കി വിദ്യാർത്ഥികളെ മുത്തോലി ആശ്രമത്തിലേയ്ക്കു മാറ്റി. ഇതോടുകൂടി മാന്നാനത്തു താമസിച്ച് പഠിച്ചിരുന്നവരും മുത്തോലിക്കുവന്നു. 1916 ൽ മുത്തോലി സഭയുടെ സാധാരണ പഠനഗൃഹമായി പ്രഖ്യാപിക്കപ്പെടുകയും , മംഗലാപുരം അസാധാരണ പഠനഗൃഹമായി തുടരുകയും ചെയ്തു. അതിനാൽ മംഗലാപുരത്തിനു ചുരുക്കംപേർ മാത്രമേ പഠിക്കാൻ പോയിരുന്നുള്ളു.

മുത്തോലിയിലെ കാലാവസ്ഥ ശെമ്മാശ്ശന്മാരിൽ പലരെയും രോഗികളാക്കിയതിനാൽ 1918 ൽ ദൈവശാസ്ത്ര വിദ്യാർത്ഥികളെ മന്നാനത്തേക്കും, തത്വശാസ്ത്രം പഠിക്കുന്നവരെ ചെത്തിപ്പുഴക്കും മാറ്റി. അമ്പഴക്കാട് അലങ്കാരശാസ്ത്രം പഠിച്ചവരും ചെത്തിപ്പുഴെ വന്നുകൊണ്ടിരുന്നു. ഇങ്ങനെ ചെത്തിപ്പുഴയിൽ ശെമ്മാശ്ശന്മാരുടെ എണ്ണം വർദ്ധിച്ചുവന്നു. 1921 മുതൽ മാന്നാനത്തു ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരുന്നവരെയും ചെത്തിപ്പുഴയിലേക്കു മാറ്റി.

1934 മുതൽ ചെത്തിപ്പുഴ സെമിനാരി ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കുമാത്രമുള്ള പഠനഗൃഹമാക്കി നിശ്ചയിച്ചതിനാൽ തത്വശാസ്ത്രം പഠിക്കുന്നവരെ വീണ്ടും മുത്തോലിക്കും, അലങ്കാരശാസ്ത്രം പഠിക്കുന്നവരെ പുതുതായി ആരംഭിച്ച കൂനമ്മാവ് പഠനഗൃഹത്തിലേക്കും മാറ്റി. എല്ലാ ക്ലാസ്സുകളും ചെത്തിപ്പുഴ നടന്നിരുന്ന കാലങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം അറുപത് കഴിഞ്ഞിരുന്നതായി കേട്ടിട്ടുണ്ട്. മുത്തോലിയിൽ നടന്നിരുന്ന തത്വശാസ്ത്ര ക്ലാസ്സുകൾ 1944-ഓടെ നിറുത്തുകയും. വിദ്യാർത്ഥികളെ ചെത്തിപ്പുഴയിലേയ്ക്ക് മാറ്റുകയും ചെയ്തു.

ധർമ്മാരാം സെമിനാരി ആരംഭിക്കുന്നതുവരെ ദൈവശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിച്ചിരുന്നത് ചെത്തിപ്പുഴയാണ്. ശെമ്മാശ്ശന്മാരുടെ എണ്ണം കൂടിയപ്പോൾ അലങ്കാരശാസ്ത്രവും തത്വശാസ്ത്രവും കൂനമ്മാവിൽ പഠിപ്പിച്ചിട്ടുണ്ട്.

## പൂന സെമിനാരി

സിലോണിൽ ആരംഭിച്ചിരുന്ന സെമിനാരിയിൽ നമ്മുടെ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചാൽ സഭയ്ക്കു കൂടുതൽ പ്രയോജനമുണ്ടാകുമെന്നും ഒരു കാലത്ത് ഇങ്ങനെ പഠിച്ചുവരുന്നവരെക്കൊണ്ട് നമ്മുക്ക് സ്വന്തമായി നല്ല നിലവാരത്തിൽ ഒരു പഠന ഗൃഹം നടത്താൻ സാധിക്കുമെന്നും അധികാരികൾ ആഗ്രഹിച്ചിരുന്നു. രൂപതാ വൈദികർക്കായി കാണ്ടിയിൽ ആരംഭിച്ചിരുന്ന സെമിനാരിയെക്കാൾ നല്ലത് ഈശോസഭക്കാർക്കായി മാത്രം പൂനയിൽ ആരംഭിക്കുന്ന സെമിനാരിയിൽ നമ്മുടെ വിദ്യാർത്ഥികളെ അയക്കുന്നതായാൽ അതിനു വേണ്ട അനുവാദങ്ങൾ ശരിയാക്കിത്തരാമെന്നു 1943 ൽ ഈശോസഭാ ജനറാൾ നമ്മുടെ സഭയിലെ ജനറാളച്ചനെ അറിയിച്ചു. ഇങ്ങനെ ലഭിച്ച അനുവാദമനുസരിച്ച് 1943 ൽ നമ്മുടെ 5 വൈദിക വിദ്യാർത്ഥികളെ പൂന ഡിനോബിലി സെമിനാരിയിൽ പഠിക്കുന്നതിനായി അയച്ചു. രണ്ടാം ലോകയുദ്ധം കാരണം, ഈ സെമിനാരി കുറെനാൾ അവിടെ നടത്താൻ സാധിച്ചില്ല. അതിനാൽ നമ്മുടെ ശെമ്മശ്ശന്മാരെ കാണ്ടി സെമിനാരിയിലേയ്ക്കയച്ചു. 1945-ൽ പൂനയിൽ സെമിനാരിക്കായി വാങ്ങിയ സ്ഥലം സെമിനാരിയിൽ നിന്ന് അല്പം അകലെ ആയിരുന്നു. ഇത് മനസ്സിലാക്കിയ ഈശോസഭക്കാർ സെമിനാരിയോടു ചേർന്നുള്ള 5 എക്കർ സ്ഥലം 1948 ൽ നമുക്ക് തരികയും പകരം നമ്മൾ വാങ്ങിയ 5 എക്കർ സ്ഥലം അവർ വാങ്ങുകയും ചെയ്തു. ഈ കൈമാറ്റം മൂലം ഈശോസഭക്കാർക്ക് പല അസൗകര്യങ്ങളും ഉണ്ടായി.

1949 ൽ നമ്മൾ പുതുതായി തുടങ്ങിയ കെട്ടിടം പണി 1951 ൽ പൂർത്തിയാവുകയും. നമ്മുടെ ശെമ്മാശ്ശന്മാർ അവിടെ താമസിച്ച്

ഈശോസഭക്കാരുടെ സെമിനാരിയിൽ പഠനം നടത്തുകയും ചെയ്തിരുന്നു. 1952 ൽ പരി. സിംഹാസനം ഇത് സഭയുടെ ഔദ്യോഗിക പഠനഗൃഹമായി അംഗീകരിച്ചു. നമ്മുടെ വൈദിക വിദ്യാർത്ഥികൾ ഇന്നും അവിടെ താമസ്സിച്ച് പഠിക്കുന്നു.

## യോഗാർത്ഥിഭവനം

വിശുദ്ധമായ ജീവിതസാഹചര്യങ്ങളിൽ വളർത്തപ്പെടുന്ന കുട്ടികൾക്കു തങ്ങൾക്കു ലഭിക്കുന്ന ദൈവ വിളി സ്വീകരിക്കുന്നതിനും, അതിൽ നിലനിൽക്കുന്നതിനും കൂടുതൽ സാധ്യതയുണ്ടെന്നു മനസ്സിലാക്കിയ നമ്മുടെ പിതാക്കൻമാർ ചെറുപ്പത്തിലെ കുട്ടികളെ സ്വീകരിച്ച് നല്ല സാഹചര്യത്തിൽ വളർത്തുന്നതിന് തീരുമാനിച്ചു. സഭാംഗങ്ങൾ എണ്ണത്തിലും പുണ്യത്തിലും വർദ്ധിക്കുന്നതിനായി മിഡിൽ സ്കൂളിൽ പഠിക്കുന്നവരെ യോഗാർത്ഥി ഭവനമുണ്ടാക്കി വളർത്തുന്നതിന് 1894 ൽ കൂനമ്മാവിൽ ഒരു  യോഗാർത്ഥിഭവനം സ്ഥാപിച്ചു. ഇവർ അടുത്തുള്ള സെന്റ് ഫിലോമിനാസ് സ്കൂളിലാണ് വിദ്യാഭ്യാസം ചെയ്തിരുന്നത്. 1898 ൽ ഈ വിദ്യാലയം എറണാകുളത്തേക്ക് മാറ്റിയപ്പോൾ നമ്മുടെ കുട്ടികളെ മാന്നാനത്തേക്ക് മാറ്റി. അന്ന് മാന്നാനത്ത് ഹൈസ്കൂളില്ലാതിരുന്നതിനാൽ താമസ്സിയാതെ കുട്ടികളെ ചെത്തിപ്പുഴ ആശ്രമത്തിലേക്കുമാറ്റുകയും അവർ ചങ്ങനാശ്ശേരി ഹൈസ്കൂളിൽ പഠിക്കുകയും ചെയ്തു. അന്നുവരെ അവരുടെ മേൽവസ്ത്രം നീല അങ്കർക്ക(ഉടുപ്പ്)യും നീല ഇടക്കെട്ടുമായിരുന്നു. ചെത്തിപ്പുഴെവന്നപ്പോൾ നീല ളോഹ മാറ്റി മുണ്ടും കോട്ടുമായി അവരുടെ വേഷം. 1902 ൽ  മാന്നാനത്ത് ഹൈസ്കൂൾ ആരംഭിച്ചപ്പോൾ കുട്ടികളെ മാന്നാനത്തെക്ക് മാറ്റി. 1906 -നോട് അടുത്ത കാലത്ത് യോഗാർത്ഥികളുടെ വേഷം വെളുത്ത ളോവയും നീലക്കെട്ടും ആയിരുന്നു. സഭ പ്രേവിൻസുകളായി തിരിഞ്ഞതിനുശേഷമാണ് യോഗാർത്ഥികളുടെ വേഷം മുണ്ടും ഷർട്ടുമായത്. മുൻകാലങ്ങളിൽ ഹൈസ്കൂൾ പഠനത്തിനു ശേഷം യോഗാർത്ഥികളെ നവ സന്യാസ ഭവനത്തിലേയ്ക്കു അയച്ചിരുന്നു.

ഇപ്പോൾ പ്ളസ്ടു കഴിഞ്ഞാണ് നവസന്യാസ ഭവനത്തിലേയ്ക്കു അയക്കുന്നത്. നമ്മുടെ സഭയുടെ ആരംഭത്തിൽ വൈദികരെ മാത്രമേ വ്രതാനുഷ്ഠാനത്തിനായി സ്വീകരിച്ചിരുന്നുള്ളു. സഭയയിൽ അംഗങ്ങളാകാൻ വരുന്നവർ ഒരു വർഷം നവസന്യാസം നടത്തിയശേഷമാണ് വ്രതാവാഗ്ദാനം ചെയ്തിരുന്നത്. ഇവർ വാഗ്ദാന പത്രത്തിൽ പറഞ്ഞിരുന്നത് "അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവ വ്രതം ചെയ്യുന്നു എന്നാണ്. ഇത് നിത്യവ്രതമായിരുന്നു. അതിനാൽ വ്രതവാഗ്ദാന പത്രികയിൽ ഒരു വർഷത്തേക്ക്" എന്ന സമയ പരിധി ചേർത്തിരുന്നില്ല. ഒരു പക്ഷെ അനിത്യവ്രതം ആരംഭിച്ചത് 1860 ൽ നമ്മുടെ സഭ ഒന്നാം സഭയുടെ സഭയായി അംഗീകരിക്കപ്പെട്ടത് മുതലായിരിക്കാം. 1885 ൽ നമുക്ക് നൽകപ്പെട്ട ന്യായ പ്രമാണത്തിൽ അനിത്യവ്രതങ്ങളെപ്പറ്റിപ്പറയുന്നുണ്ട്. സഭാ വസ്ത്രം സ്വീകരിച്ച നവസന്യാസി ഒരു വർഷം കഴിയുമ്പോൾ ഒരു വർഷത്തേക്കു വ്രതങ്ങൾ അനുഷ്ഠിച്ചിരുന്നു.

ഈ ഒരു വർഷത്തേയ്ക്കുള്ള വാഗ്ദാനം നിത്യവ്രതം വരെ വർഷം തോറും നവികരിച്ചിരുന്നു. അഞ്ചാം പട്ടം (സബ് ഡീക്കൻ) സ്വീകരിച്ചവരെ മാത്രമെ നിത്യവ്രതം സ്വീകരിക്കാൻ അനുവദിച്ചിരുന്നുള്ളു. ആദ്യവ്രതം ചെയ്യുന്നതിന് 16 വയസ്സ് പൂർത്തിയായിരിക്കണം എന്ന നിബന്ധനയും ഉണ്ടായിരുന്നു.

## വാഴക്കുളം കർമ്മലയിൽ മേജർസെമിനാരി.

19-ാം നൂറ്റാണ്ടിൽ വാഴക്കുളം ആശ്രമത്തോടനുബന്ധിച്ച് ഒരു മേജർസെമിനാരി ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ ആരു വിശ്വസിക്കും? പക്ഷെ അത് സത്യമാണ്. 1859 ൽ വാഴക്കുളത്ത് ആശ്രമം തുടങ്ങി അധികനാൾ കഴിയുന്നതിന് മുൻപ് ഒരു സെമിനാരിയുടെ ആവശ്യം ആശ്രമവാസികൾക്ക് ബോദ്ധ്യമായി. പട്ടത്തിന് കുട്ടികളെ ലഭിക്കണമെങ്കിൽ സെമിനാരി തുടങ്ങുന്നത് ആവശ്യമെന്ന് കാണിച്ച് വാഴക്കുളത്ത് താമസിച്ചിരുന്ന ലെയേ മിഷനറി അപ്പസ്തോലിക്ക ബ. കാനാട്ടച്ചനോട് ആലോചിച്ച്

മെത്രാപ്പോലീത്തയ്ക്ക് അപേക്ഷ അയച്ചു. കർമ്മലയിൽ സെമിനാരി തുടങ്ങുന്നതിന് കല്പിച്ചുകൊണ്ടുള്ള കല്പന 1866 ൽ തന്നെ ലഭിച്ചു. 1866 സെപ്റ്റംബർ 27-ാം തിയതി നാട്ടുകാരായ കുട്ടികളെ ഇങ്ങനെ തുടങ്ങിയ സെമിനാരിയിൽ പ്രവേശിപ്പിച്ചു. ഇവിടെയുണ്ടായിരുന്ന ഒരു പഴയ കെട്ടിടത്തിലാണ് ഇവർ താമസിച്ചിരുന്നത്. ക്രമേണ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാൽ 1867 ൽ തന്നെ സെമിനാരി കെട്ടിടം പണി ആരംഭിച്ചു. കർമ്മല ദേവാലയം പണിയുന്ന അവസരത്തിൽ തന്നെ 33 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയുമുള്ള ഒരു ഇരുനില കെട്ടിടമാണ് അന്ന് പണിതുടങ്ങിയത്. ഇതുകൂടാതെ 5 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുള്ള ഒരു കപ്പേളയും സെമിനാരിയിൽ ഉണ്ടായിരുന്നു. ഇപ്പോൾ ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ഈ സെമിനാരി. 1867 ഫെബ്രുവരി 9-ാം തിയതി വിസീത്തയ്ക്കായി മെത്രാപ്പോലീത്ത വന്ന അവസരത്തിലാണ് സെമിനാരിക്കു ശിലാ സ്ഥാപനം നടത്തിയത്. രാമപുരം, പാലാ, ഭരണങ്ങാനം, അരുവിത്തുറ, പുന്നത്തറ, എറണാകുളം, തൃപ്പൂണിത്തുറ, വൈക്കം മുതലായ ദൂര സ്ഥലങ്ങളിൽ നിന്നുപോലും സെമിനാരിയിൽ ചേർന്നു പഠിക്കുന്നതിനായി കുട്ടികൾ വന്നിരുന്നതായി വാഴക്കുളം ആശ്രമ നളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എറണാകുളം രൂപതയിലെ പ്രഥമ മെത്രാൻ മാർ ലൂയിസ് പഴേപറമ്പിൽ, അദ്ദേഹത്തിന്റെ പിൻഗാമി മാർ അഗസ്റ്റിൻ കണ്ടത്തിൽ മുതലായവരും ഈ സെമിനാരിയിൽ ഉണ്ടായിരുന്നു. അക്കാലങ്ങളിലെ പ്രഗത്ഭരായ പല വൈദികരുടെയും പേരുകൾ നളാഗമത്തിൽ കാണാവുന്നതാണ്. ഇവിടെ പഠിച്ച് പട്ടമേറ്റവരുടെയും ശെമ്മാശ്ശന്മാരുടെയും പേരുകൾ നളാഗമത്തിൽ ചേർത്തിട്ടുണ്ട്. 1872 ഡിസംബർ 21-ാം തിയതി 3 ഡീക്കൻമ്മാർക്കും 1873 ൽ 6 പേർക്കും (എല്ലാവരുടെയും പേരുകൾ നളാഗമത്തിൽ ഉണ്ട്) ഇവിടെ വച്ച് കുർബ്ബാന പട്ടം കൊടുത്തിട്ടുണ്ട്. 1877 ഫെബ്രുവരി 8-ാം തിയതി ആശ്രമദേവാലയം കുദാശ ചെയ്യുന്നതിനായി അഭിവന്ദ്യമെത്രാപ്പോലീത്ത വന്ന അവസരത്തിൽ 29 പേർക്ക് ചെറിയ പട്ടം മുതൽ കുർബ്ബാനപട്ടം വരെ കൊടുക്കുകയുണ്ടായി. പ്രധാനമായും രൂപതാ വൈദികരാണ് ഇവിടെ താമസിച്ച് പട്ടമേറ്റിരുന്നത്. 1877 ന് ശേഷം ഇപ്പോൾ കാണുന്ന

ദേവാലയത്തിൽ വച്ചാണ് തിരുപ്പട്ടം നല്കിയിരുന്നത്. 1890 ൽ പുത്തൻ പള്ളിയിലുണ്ടായിരുന്ന സെമിനാരി കേന്ദ്രസെമിനാരിയാക്കിയതോടെ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക ലവീഞ്ഞു മെത്രാന്റെ കൽപനപ്രകാരം ഇവിടെയുണ്ടായിരുന്ന സെമിനാരി നിറുത്തലാക്കി.

ഇതിനു ശേഷം ശീശ്മയിൽ ഉൾപ്പെട്ടിരുന്ന വൈദികരേയും ശെമ്മശ്ശന്മാരെയും ഏക സത്യസഭയെക്കുറിച്ച് ഇവിടെ പഠിപ്പിച്ചിരുന്നു. സെമിനാരിനിറുത്തിയപ്പോൾ സഭയിൽ ചേരാൻ ആഗ്രഹവുള്ളവരെ മുത്തോലിയിൽ അയച്ച് പഠിപ്പിച്ചു. ബാക്കിയുള്ളവർ പുത്തൻപള്ളി സെമിനാരിയിൽ പഠനം തുടർന്നു. 1903 ൽ ഈ സെമിനാരി കെട്ടിടം അഗ്നിക്കിരയായി.

# Renovated St Kuriakose EliasChavara Research Centre and Archives at St Joseph's Monastery, Mannanam

**Fr. Jose Chennattuserry CMI**

It was a felt need of the congregation to renovate the Archives and protect the books and documents from being lost due to apathy and negligence. The rich collection of the archives at Mannanam can be traced back from the first account book of our congregation dated from 1829 AD.

The renovation work of the Archives got started from the last week of November 2015 and got completed by the February 2016. One of the important steps in this process was the development of the infrastructure so as to suit the needs of preservation process. It involved, partition of the hall into archives proper, work area (with fumigation chamber) and reference section. The flooring and the ceiling were completely redone. The wooden shelves were replaced with around twenty steel shelves. In order to control the humidity inside the archives, it was necessary to set up Air conditioning. The complete re-wiring was taken up with all new electrical fittings and fire alarm system. The digitization process necessitated the setting of new scanners for the same purpose. The reference area with computer systems will be available to the visitors so as to make use of the digital versions of all the scanned copies of the manuscripts.

## I. PROCESS OF CONSERVATION

1. We had taken up the conservation work with the guidance of Fr Ignatius Payyappally of Ernakulam-Angamaly

Archdiocese. The trained students from Hill Palace at Tripunithara, Cochin was very useful for the conservation work and it lasted for about ten months. Cleaning of all documents, records and books (manuscripts and printed)was done with soft brush to remove both dust and insects which was the primary step of conservation. Once the records were cleaned and they were kept in the fumigation chamber for two weeks by using a chemical named Paradichlorobenzene for killing the silver fish.

1. Lamination with Japanese Tissue paper
   Single sheet documents, letters, damaged manuscripts and printed books were laminated using imported Japanese tissue paper. This particular lamination sheet gives better visibility of the written and printed matter.
2. Binding
   Single sheet documents, letters and damaged manuscripts laminated with Japanese tissue are to be fixed on acid-free (neutralized) handmade paper for binding. Records both laminated or non-laminated were then wrapped in the acid-free handmade paper either as bundles or as files.
3. Cataloging
   Re-cataloging and rearranging of the records and documents as well as manuscripts and library books were needed. Cataloging could be done either subject wise or title wise. Segregation in chronological order was also taken up.

**I. Digitization**

The existence of any Archive becomes meaningful when it is maximum useful. In the present situation, digitization is one of the best methods of making the archival material available to the users. Digitization was taken up by scanning of the important documents and manuscripts belonging to the period

up to 1945 AD. All Syriac documents and manuscripts were already digitized and digital copy is available in the Archives. All digitized materials are made available for reference.

## II. Preservation

Archivists and conservators recommend wrapping the records and documents that are fumigated and cleaned with acid-free (neutralised) hand-made papers. Such wrapping can protect the fragile and old records by providing additional security. It can protect the records from dust and dirt, too. According to present western archival concepts, all records other than bound volumes should be placed in some form of secondary enclosure that give protection from dust, dirt and insects and make transportation safe. It can also help even out fluctuations in temperature and humidity causing damage to records and climate for the growth of insects. Therefore, records in the category of letters and paper documents were wrapped in acid-free papers.

## I. PHYSICAL ARRANGEMENTS

Arrangements of Documents, Manuscripts and Printed Books are kept in open steel racks.

- Documents and Manuscripts are segregated language wise (Syriac, English, Latin, Malayalam etc.)
- Early printed versions or books are segregated language wise (Syriac, Latin, Malayalam, English, Tamil etc.)
- Early printed Magazines are also to be segregated language wise
- Palm leaves which are already treated with chemicals are kept in boxes made of acid free paper.

## II. THE ARCHIVE COLLECTION

The present Archives got its resourceful materials and rich collections from the early books and documents of the
Monastery. The earliest of the collection from the Monastery is going back to 1829, the main account book of the Monastery.
The assortment of collections incorporates Manuscripts, Printed Books and Palm leaves. Most of the manuscripts are in Syriac and Malayalam dialects. There are likewise many documents in English, Latin, Tamil and different languages as well. The accumulation is an awesome wellspring of data for any researcher about the life in Kerala in the nineteenth and twentieth hundreds of years. Extraordinary mention may be made of the first copies of all the books printed in St Joseph's press, Mannanam, which was founded by St Kuriakose Elias Chavara in 1846. These are affirmations of the considerable endeavours made by the CMI Priests, of their service, and its impact on the print media. The collection of palm leaves explains the antiquity of the collection also.

Among the special collections, we have *Catechism* of Dr. Joseph Kariattil,First account book of St. Joseph Monastery Mannanam 1829 to 1930, *Chronicles* composed

by St Kuriakose Elias Chavara in 1846. These are affirmations of the considerable endeavours made by the CMI Priests, of their service, and its impact on the print media. The collection of palm leaves explains the antiquity of the collection also.
Among the special collections, we have *Catechism* of Dr. Joseph Kariattil,First account book of St. Joseph Monastery Mannanam 1829 to 1930, *Chronicles* composed by St. Kuriakose Elias Chavara 1831 to 1870, *Chronicles* written by Fr Varkey Parpurathu, *Raza* of the Syro-Malabar rite prepared by Bishop Roz S.J, *Diaries* of Fr Bernard Alencheril, Canons of Synod of Diamper, Fr. Placid

collection, *Kallantharium* (Liturgical Calendar made by St. Kuriakose Elias Chavara), manuscript notes by Manikkanathar for Bible translation, Syriac–Karsuni dictionary of John Perarios S.J.,Biography of CMI Founding Fathers, Palakkal Thoma Malppan and Fr. Thomas Porukkara and, moreover, CMI Congregations' historical documents written by St Kuriakose Elias Chavara and Fr. Thomas Porukkara. First printed copies of *Aatmanuthapam*(1871) and *Njanapeeusham, Anasthashyaudae reakthasashyam* composed by St. Kuriakose Elias Chavara and his letters, Biblia Poliglotta, the first Syro-Malabar Missal printed in 1774 in Rome and used by Fr Thomas Porukara and St. Kuriakose Elias Chavara are some of the vital records and documents.

## I. ARCHIVAL ACCESS POLICY

St Kuriakose Elias Chavara Archives and Research Center holds the copyright for its contents and due affirmation must be given if the materials are utilized by the scientists, researchers and historians. In acknowledgment of the need to separate between the different sorts of records held in the Archives and in order to maintain discretion and security, all material in the Archive is arranged by one of the following access conditions:

### 1. Access

A. Open: Generally these materials are Published ones, and might be seen and utilized without confinement or restriction.

B. Restricted: These materials may only be accessed by the maker, or successor, or higher authorities of the Institute.

C. Privileged access: Access to records which are closed/ restricted, whether by virtue of being not exactly 150 years old, or in accordance with an extended closure instrument, might be

allowed on a privileged basis according to the discretion of the higher authorities.

D. Closed: These materials may only be accessed by the Prior General/Provincial/or one who is deputed by them.

**2.Information about individuals:** Access might be denied to the individual records of people. Sensitive segment of a specific record/document may not be released.

**3. Copies:** The users are not allowed to take copies of the report by themselves. In any case, digital copies of the records will be given from the Archives as indicated by the nature of the report and circumspection of the higher authorities of the Archives for which the user needs to pay a fixed amount.

**4. Appointments and Visits**

A. Appointments must be made with the consent of the Director (Prior, St. Joseph's Monastery, Mannanam) in an application for all Research or Reference in the Archives with prior approval.

B. Guests and Researchers are requested to attach a letter of recommendation from their University/Institution.

C. Foreign researchers are asked to bring a permission letter from the discretionary delegates of their nation in India and also a copy of their passport and visa.

D. Visitors and Researchers are expected to present a valid Identity card with photo identification (other than CMI members).

**Contribute to the Collection and Take up conservation work**

We would like to invite the members of the Congregation to use our Archives at Mannanam as a centre of primary and secondary sources for doing Research on St Kuriakose Elias Chavara, other founding fathers, our congregation, Syro-Malabar Church, etc.

# സംഘാതാന്വേഷകൻ

## ഫാദർ ജോൺവിയാനി

ഈ വർഷം ടുൾസാ രൂപതയിലെ വൈദികർക്കുവേണ്ടിയുള്ള ശിശിരകാല ക്ലാസുകൾ രസകരമായിരുന്നു. ഞങ്ങളുടെ പ്രദേശിക ( *C.M.I Regional*) നവീകരണ സെമിനാറിനുമിൻപായിരുന്നു ക്ലാസുകൾ. ഞാൻ ജോലിചെയ്യുന്ന ഹോസ്പിറ്റലിലെ വൈദികരുടെ സ്ഥലമാറ്റം, അവധിക്കാലം തുടങ്ങിയ ചുറ്റുപാടുകൾ നിമിത്തം നമ്മുടെ സെമിനാറിൽ സംബന്ധിക്കാൻ എനിക്കുതരപ്പെടാതെ പോയി. പക്ഷ, ആ സെമിനാറിന്റെ ചൈതന്യത്തെക്കുറിച്ച് വളരെ ക്രിയാത്മ്കമായി ചിന്തിക്കാനുതകിയ ഒന്നായിരുന്നു ഞാൻ പങ്കെടുത്ത ക്ലാസുകൾ.

ലൂക്കാ സുവിശേഷകൻ ചിത്രീകരിച്ചതുപോലെ, (9:57–62) ഉദ്ദേശ ശുദ്ധിയോടെ ഗുരുവിനെ അനുധാവനം ചെയ്യാനുള്ള പരിശ്രമം അഥവാ ശിഷ്യത്വം ആയിരുന്നു ക്ലാസിന്റെ വിഷയം. കാലത്തിന്റെ കാല്പെരുമാറ്റം എല്ലായിടത്തും കേൾക്കപ്പെടുന്നു എന്നതിനുള്ള തെളിവായിരിക്കാം, ക്ലാസുകൾ നയിച്ചതു ഒരു പെൺമണിയായിരുന്നു. തീരുവ പിരിക്കുന്ന ജോലിയായിരുന്ന ലേവിയോട് നസ്രായനായ ഈശോ പറഞ്ഞു, "എന്റെ കൂടെ വരൂ" (മർക്കോ.2:14). മർക്കോസ് സുവിശേഷകന്റെ ശൈലിയിൽ പറഞ്ഞാൽ ഇടം വലം നോക്കാതെ, ഒരു ചുങ്കക്കാരൻ ഇറങ്ങിത്തിരിച്ചു. എന്തോ ഒരു ധൈര്യം ലേവിക്കു പ്രചോദനമായുണ്ടായിരുന്നു. അങ്ങനെ ഒരുധൈര്യത്തിൽ (trust)കുറമുളക്കൊണ്ട്, ആവേശകരമായ ഒരു ജിജ്ഞാസയിൽ ഈരില വിരിഞ്ഞു, തുറന്ന മനസ്സോടെ(Openness) താൻ കേട്ട ആജ്ഞാസ്വരത്തിന്റെ നാനാർത്ഥങ്ങൾ തേടുക (Seeking) വഴി തളിരിലകൾ വളർന്ന്, സഹവാസത്തിന്റെ (Intentional disciple ship) ചൂടിലും വെളിച്ചത്തിലും പുഷ്ടിപ്പെട്ടു, നിലനില്ക്കുന്ന ഫലമുളവാക്കുവാൻ പാകത്തിൽ(യോഹ.15:5) ഗുരു എന്ന തായ്ത്തണ്ടിനോട് ശാഖ എന്ന പോലെ ഒന്നായിത്തീരുന്ന ഒരു

ചലനമോ വളർച്ചയോ ആയി ശിഷ്യത്വം ചത്രീകരിക്കപ്പെട്ടു. കണ്വാശ്രമത്തിലെ ശകുന്തളയുടെ ശാലീനഭാവം വാക്കുകളിൽ പ്രതിഫലിച്ചിരുന്നെങ്കിലും, ഗുരുസ്ഥനീയയായ ചഞ്ചലമിഴി വാചാലയായിരുന്നു. ക്ലാസ്സുകൾക്ക് ഒരുകാവ്യ പ്രതീതിയുമുണ്ടായിരുന്നു.

ശിഷ്യത്വത്തിനുള്ള പ്രാരംഭ പ്രചോദനം കിട്ടുന്നവർ തുടങ്ങി, എന്റെ ശരീരം ഭക്ഷിക്കണം എന്ന തിരുമൊഴികേട്ടപ്പോൾ, ഇതല്പം കടന്ന പടിയാണെന്നു പറഞ്ഞ് (യോഹ.6:60) വന്നതുപോലെ മടങ്ങിയവർവരെയുള്ളവർക്കു ഒരു മെഴുതിരി വെട്ടമാകാനുള്ള വരമാണു വൈദികർ. ആ പ്രേഷിതത്വം വിജയകരമായി തുടരാൻ സഹായകരമാകണമെന്ന കരുതലോടെയായിരുന്നു ക്ലാസ്സിന്റെ ക്രമീകരണം. ക്ലാസ്സുകൾക്കിടയിൽ, വളരെ പ്രയോഗികവും, വൈദിക സന്യാസജീവിതത്തെ ഏറെ വിനയത്തോടെ നോക്കിക്കാണാൻ പ്രേരകവുമായ ഒരു ചിന്തയും അവതരിപ്പിക്കപ്പെട്ടു. മറ്റുള്ളവരെ ശിഷ്യപ്പെടുത്താൻവേണ്ടി തിരുനാഥൻ പണിയുന്ന അത്താണികളായ (മത്താ.28:19) വൈദികർതന്നെ ജീവിതത്തിൽ പകച്ചോ വഴിമുട്ടിയോ നില്ക്കുന്ന കാര്യവും ക്ലാസ്സിൽ സംസാരവിഷയമായി. വിളവിന്റെ നാഥനോട് പ്രർത്ഥിക്കാൻ ഓർമ്മപ്പെടുത്തിയ ഗുരുവിനോടുള്ള വ്യക്തിബന്ധം മാത്രമാണാ പ്രതിസന്ധിക്കുള്ള ഏക പ്രതിവിധി എന്നും, അത് എന്നും ദൃഢതരമായിരിക്കാൻ ശ്രദ്ധിക്കണമെന്നും ഒരമ്മയുടെ ഹൃദയഭാവത്തോടെ എടുത്തു പറയാൻ ഞങ്ങളുടെ അദ്ധ്യാപിക ശ്രദ്ധിച്ചു. ക്ലാസ്സുകളുടെ ഭാഗമായി ഒരു തിരുമണിക്കൂർ നടത്താനുള്ള നിർദ്ദേശം അവർതന്നെ മുന്നോട്ടു വച്ചതും ഏറെ ശ്രദ്ധേയമായിരുന്നു.

ആനുകാലിക പ്രസക്തിയുള്ള മറ്റൊരു ചിന്താപഥത്തിലേയ്ക്ക് വിരൽ ചൂണ്ടിയതും ക്ലാസ്സിന്റെ നന്മയായിരുന്നു. കവികൾ പാടും പോലെ,

കരുതുവതിഹചെയ്യവയ്യ ചെയ്യാൻ
വരുതിലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിതമറിഞ്ഞുകൂട ആയുസ് –
സ്ഥിരതയുമില്ലതിനീചമീനരത്വം.

നമ്മളൊക്കെ നന്മ ചെയ്യാനാണു സദാ ആഗ്രഹിക്കുന്നതെങ്കിലും, തിന്മ ചെയ്യുന്നത് പതിവായി പോകുന്നു. നിയമ പാലനവും സന്യാസാനുസരണവും കണിശമാക്കണമെന്നു വിചാരിച്ചാൽ അവയിൽ തന്നെ ഉദ്ഗമം വന്നുകൊണ്ടാണിരിക്കുന്നത്. കാർഡിനൽ ന്യൂമാൻ ചിന്തിച്ചിരുന്നതുപോലെ ആശയങ്ങളുടെ ഉദ്ഗമം (*Evolution of doctrine*) സംഭവിച്ചുകൊണ്ടാണിരിക്കുന്നത്. നമ്മുടെ നവീകരണയജ്ഞങ്ങളിലായാലും സംഗതിയിതുതന്നെ.

വർഷം തോറും നമ്മൾ സംഘടിപ്പിക്കുന്ന നവീകരണ സെമിനാറുകളുടെയും മറ്റും ഉദ്ദേശ്യവും ലക്ഷ്യവും ഇവിടെയല്ലേ നമ്മൾ കണ്ടെത്തുക കത്തോലിക്കാസഭാതലത്തിലും കേരളസഭാതലത്തിലും നമ്മുടെ സമൂഹത്തിലും ഇതാണു പരമാർത്ഥം. ദൈവിക പ്രകാശത്തിൽ എഴുതുകയോ സംസാരിക്കുകയോ ചെയ്യുന്ന വ്യക്തികൾ വഴി പുത്തൻ ചിന്തകളും അധികാരികളുടെ നിർദ്ദേശങ്ങൾക്കു പുത്തൻ വ്യാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടാണിരിക്കുന്നത്. മറ്റുവിധത്തിൽ പറഞ്ഞാൽ, ദൈവതിരുമനസ് എന്ന പദത്തിന്റെ അതിരുകളില്ലാത്ത അർത്ഥതലങ്ങൾ തേടുന്ന അന്വേഷകരാണു നമ്മളെല്ലാവരും. വ്രതപാലനത്തിലും സമൂഹജീവിതത്തിലും കുടുംബം എന്ന കൊച്ചു കളരിയിലും ഇതാണല്ലോ വസ്തുത. ജീവിതത്തെയും സ്നേഹത്തേയും കുറിച്ചുള്ള ദൈവഹിതത്തിന്റെ പുതിയ അർത്ഥതലങ്ങൾ തേടി (മത്താ.13:52) നമ്മൾ ചെയ്യുന്ന സംഘാതാന്വേഷണമാണ് സെമിനാറുകൾ, നമ്മൾ അന്വേഷകരും.

അനുസ്മൃതി – 39

# കേരളത്തിലെ ദിവ്യകാരുണ്യഭക്തിയും ചാവറപിതാവും

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

*ദിവ്യകാരുണ്യത്തിന് പരസ്യാരാധന നടത്തുക, ദിവ്യകാരുണ്യ പ്രദിക്ഷണം നടത്തുക തുടങ്ങിയ ഭക്തി പ്രകടനങ്ങൾ പൗരസ്ത്യ സഭാ പരമ്പര്യത്തിൽ പൊതുവെ ഇല്ലായിരുന്നു. കേരള സഭയിലും 19-ാം നൂറ്റാണ്ടു വരെ ഈ ആശയത്തിൽ വിത്യാസമില്ലായിരുന്നു എന്നാണ് ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ദിവ്യകാരുണ്യഭക്തി കേരള സഭയിൽ വളർന്നു വരുവാൻ കാരണമായത് വിശുദ്ധ ചാവറപിതാവിലൂടെയായിരുന്നു എന്ന് ഫാ. തോമസ് പന്തപ്ലാക്കൽ ചരിത്രപരമായി വെളിപ്പെടുത്തുവാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിലൂടെ.*

*എഡിറ്റർ*

ഈശോ, പെസഹാചരണത്തിന്റെ ഭാഗമായി അന്ത്യ അത്താഴവേളയിൽ അപ്പമെടുത്ത് വാഴ്ത്തി വിഭജിച്ച് നല്കിക്കൊണ്ട് അരുൾചെയ്തു ' ഇതെന്റെ ശരീരമാകുന്നു ' എന്ന്. അപ്രകാരം സംഭവിച്ചു. അവിടുത്തെ ഉത്ഥാനത്തിനുശേഷം തന്റെ ബാഹ്യസാന്നിദ്ധ്യം അവസാനിപ്പിക്കുന്നതിന് മുൻപ് നമുക്കുറപ്പു നൽകി 'ഞാൻ ലോകാവസാനം വരെ നിങ്ങളോട് കൂടി ഉണ്ടായിരിക്കും' എന്ന്. ഇപ്രകാരം നമ്മോടുകൂടി ആയിരിക്കാൻ, നമ്മക്ക് ഭക്ഷണമാകാൻ, നമ്മക്ക് ജീവനാകാൻ, നമ്മിലേക്ക് വരാൻ, നമ്മിലായിരിക്കാൻ അവിടുന്ന് അപ്പമായിത്തീർന്നു. ഇതാണ് ദിവ്യകാരുണ്യം ദൈവത്തിന്റെ കരുണ നിത്യജീവന്റെ അപ്പമായി നമ്മക്കു കാണാനും ഭക്ഷിക്കാനും ജീവൻപ്രാപിക്കാനുമുള്ള ദൈവസാന്നിദ്ധ്യമായി തീർന്നിരിക്കുന്നു.

കേരളസഭയിൽ ദിവ്യകാരുണ്യഭക്തി എങ്ങനെ വളർന്നു വന്നു എന്ന് ചരിത്രപരമായി മനസ്സിലാക്കുന്നത് നന്നായിരിക്കും.

കർത്താവിന്റെ അപ്പസ്തോലനായ തോമ്മാശ്ലീഹായിലൂടെ സ്ഥാപിക്കപ്പെട്ട കേരള സഭയുടെ ജീവിതം പൗരസ്ത്യ സഭകളുടെ പാരമ്പര്യവുമായി നാലാം നൂറ്റാണ്ടു മുതലെങ്കിലും ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതുകൊണ്ട് സഭയുടെ 19-ാം നൂറ്റാണ്ടുവരെയുള്ള ചരിത്രത്തിൽ വിശുദ്ധകുർബാനക്ക് ബലിയർപ്പണത്തെ കേന്ദ്രീകരിച്ചുള്ള പ്രാധാന്യമെ കല്പിതമായിരുന്നുള്ളൂ. ദിവ്യസക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന ദിവ്യകാരുണ്യത്തിന് പരസ്യാരാധന നൽകുക, ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തുക എന്നിങ്ങനെയുള്ള ഭക്തി പ്രകടനങ്ങൾ നടപ്പിലുണ്ടായിരുന്നതായി കാണുന്നില്ല.

ശീശ്മകൾ മൂലവും, അധികാരമാത്സര്യങ്ങൾ മൂലവും, സ്വന്ത റീത്തിൽപെട്ട മെത്രാന്റെ സ്നേഹപരിലാളനം ഇല്ലാതിരുന്നതുകൊണ്ടും കേരളസഭാതനയർ ഒന്നിനൊന്നിന് ആത്മീയമായി ജീർണ്ണിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ ജീർണ്ണാവസ്ഥയിൽ നിന്നും മനുഷ്യഹൃദയങ്ങളെ ദൈവത്തിലേക്ക് അടിപ്പിക്കുവാനുള്ള എളുപ്പവഴി വിശുദ്ധകുർബാനയോടുള്ള ഭക്തി മനുഷ്യഹൃദയങ്ങളിൽ വർദ്ധിപ്പിക്കുകയാണ് വേണ്ടതെന്ന് വിശുദ്ധ ചാവറപിതാവ് ആഗോളസഭയിൽ നിന്ന് തിരിച്ചറിഞ്ഞു. വിശുദ്ധകുർബാനയോടുള്ള ഭക്തിയിൽ ലയിച്ച്, സക്രാരിയുടെ മുമ്പിലായി രാത്രിയും പകലും അനേകമണികൂറുകൾ ചിലവഴിച്ചിരുന്ന ചാവറപിതാവിന്റ നേതൃത്വത്തിൽപദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു.

## വിശുദ്ധകുർബാനയുടെ തിരുന്നാളും പ്രദക്ഷിണവും

1840 ലെ വിശുദ്ധ കിർബാനയുടെ തിരുന്നാൾ ദിനം മുതലാണ് മന്നാനത്ത് ചിട്ടയോടുക്കുടിയ സന്യാസ സമൂഹജീവിതം ആരംഭിച്ചത്. പണി പൂർത്തിയായിക്കൊണ്ടിരുന്ന ദേവാലയവും സജീവമായി. യൗസെപ്പിതാവിന്റെയും മാതാവിന്റെയും

തിരുനാളുകൾ സാഘോഷം നടത്തിത്തുടങ്ങി. ഇതിൽ പങ്കുചേരാൻ പള്ളിപ്പുറം സെമിനാരിയിലെ ശെമ്മാശ്ശൻമാരും എത്തുമായിരുന്നു. വർഷംതോറും കൊന്തമാതാവിന്റെ തിരുനാളിൽ മെത്രാന്റെ അനുവാദത്തോടെ ദേവാലയത്തിന് പുറത്തോട്ട് പരിശുദ്ധകുർബാനയുടെ പ്രദക്ഷിണം നടത്തിയിരുന്നു എന്ന് മാന്നാനത്തു സൂക്ഷിച്ചിരിക്കുന്ന ചാവറപിതാവ് വാങ്ങിയ അനുവാദരേഖകളിൽ കാണുന്നു. വിശുദ്ധകുർബാനയുടെ പ്രദക്ഷിണം നടത്തിയിട്ടുള്ളതായി മറ്റൊരുചരിത്രരേഖകളിലും കണ്ടിട്ടില്ലാത്തതുകൊണ്ട് മാന്നാനത്തു നിന്നായിരിക്കണം ഇതിന്റെ ആവിർഭാവം എന്നനുമാനിക്കേണ്ടിയിരിക്കുന്നു. വിശുദ്ധകുർബാനയുടെ തിരുനാൾ ആചരണവും അകാലത്ത് പതിവില്ലായിരുന്നു എന്നതിന്റെ സൂചനയാണ് 1843-ൽ മുട്ടുചിറ പള്ളിയിൽ വി.കുർബാനയുടെ തിരുനാൾ നടത്താൻ പോയ ചാവറയച്ചന്റെ കൂടെ അതുകാണുവാനും അതിൽ പങ്കെടുക്കുവാനുമായി, പുതിയതായി മാന്നാനം ആശ്രമത്തിൽ ചേർന്ന കാഞ്ഞിരപ്പള്ളിക്കാരൻ ചാക്കോച്ചൻ എന്ന വൈദികനും പോയി എന്ന് മാന്നാനം നാളാഗമത്തിൽ എഴുതിവച്ചരിക്കുന്നത്.

1864- മുതൽ എല്ലാ ആശ്രമങ്ങളിലും വി.കുർബാനയുടെ തിരുനാളിനേടനുബന്ധിച്ച് 8 ദിവസം പരസ്യാരാധനയും തിരുനാൾ ദിവസം കുർബാനയുടെ പ്രദക്ഷിണവും നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നതായി ചാവറപിതാവിന്റെ നാളാഗമത്തിൽ കാണുന്നുണ്ട്. ക്രമേണ പരി. കുർബാനയുടെ തിരുനാൾ നടത്തുന്നത് കേരള സഭയിൽ പതിവായി.

## 40 മണി ആരാധനയും കേരളസഭയും

പിന്നീട് മിഷനറിമാരിൽ നിന്നോ മറ്റു പുസ്തകങ്ങളിൽ നിന്നോ കിട്ടിയ അറിവായിരിക്കാം യൂറോപ്പിൽ നടപ്പിലുള്ള 40 മണി ആരാധനയെക്കുറിച്ച് 1537- ലാണ് ഇറ്റലിയിലെ മിലാൻ പട്ടണത്തിൽ ഒരു കപ്പൂച്ചൻ വൈദികൻ ആദ്യമായി 40 മണി ആരാധന ആരംഭിച്ചത്.

1551 -ൽ ആണ് റോമിൽ ആരംഭിച്ചത്. 1592- ൽ എട്ടാം ക്ലമൻസ്പ്പാപ്പ ' Graces Diuturnac' എന്നാരംഭിക്കുന്ന നിയമവലി ഇതിലോടനുബന്ധിച്ചു നടപ്പിലാക്കി. ഇപ്പോൾ അനുസരിച്ചുവരുന്ന ക്രമം 1736-ൽ 12-ാംക്ലമൻസ് പാപ്പയാണ് നടപ്പിലാക്കിയത്. ലോകത്തിൽ പലഭാഗങ്ങളലേക്കും വ്യാപിച്ച ഈ ഭക്തി 1857-ലാണ് കെന്നരിക് എന്ന വൈദികൻ വഴി അമേരിക്കൻ ഐക്യനാടുകളിൽ വ്യാപിച്ചത്.

കേരളസഭയിലാക്കട്ടെ വിശുദ്ധ ചാവറപിതാവിലൂടെയാണ് 40 മണി ആരാധന ആരംഭിച്ചത്. ആദ്യം 1866- ൽ കൂനമ്മാവ് ആശ്രമത്തിലും പിന്നീട് വാഴക്കുളം, മന്നാനം, ഏൽത്തുരത്ത് തുടങ്ങിയ ആശ്രമങ്ങളിലും ആരംഭിച്ചു. തുടർന്ന് കേരളത്തിലെ പല പ്രധാന ഇടവക പള്ളികളിലേക്കും ഈ ഭക്തി വ്യാപകമായി. ക്ലമന്റ് പാപ്പായാൽ വിരജിതമായ നിയമസംഹിതയിൽനിന്ന് ചാവറപിതാവ് പകർത്തി ഉണ്ടാക്കിയ ക്രമപ്രകാരമാണ് ഇത് കേരളത്തിൽ ആരംഭിച്ചത്.

40 മണി ആരാധന തുടക്കം മുതലെ അനുതാപത്തിന്റെയും തപസ്സിന്റെയും ഒരു ആരാധനക്രമം ആയിട്ടാണ് ആരംഭിച്ചത്. തിരുസഭ അതിന് പര്യാപ്തമായ നിയമങ്ങളാണ് നൽകിയിരിക്കുന്നതും. 'തിരുകബറിടക്കാവൽ ' എന്ന ഒരു മുറ മദ്ധ്യ ശതകങ്ങളിൽ വിശ്വാസികളുടെ ഇടയിൽ നടപ്പിണ്ടായിരുന്നു. കർത്താവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഇടയിലുള്ള 40 മണിക്കൂറുകളെയാണിത് അനുസ്മരിപ്പിക്കുന്നത്. കർത്താവിന്റ തിരുവാത്മാവ് മരണശേഷം 40 മണിക്കൂർ ശരീരത്തിൽ നിന്നു വേർപിരിഞ്ഞിരുന്നതിന് സന്താപസൂചകമായി ഭക്തജനങ്ങൾ തിരുകബറിടക്കാവൽ നടത്തിവന്നിരുന്നു. ഇതാണ് പിന്നീട് 40 മണി ആരാധനയായി പരിണമിച്ചത് എന്നാണ് ചരിത്രകാരൻമ്മാർ പ്രസ്താവിക്കുന്നത്. വീണ്ടും ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിച്ച് 40 നാൾ കർത്താവ് ഉപവാസമനിഷ്ടിച്ചതിനെ അനുസ്മരിച്ച്, അനുതാപത്താലും താപവൃത്തികളാലും ശുദ്ധീകരിക്കപ്പെടുന്നതിനു വേണ്ടിയാണ് 40 മണി ആരാധന ആരംഭിച്ചത്. എന്ന അഭിപ്രായവും

ഉണ്ട്. യൂറോപ്പിൽ 40 മണി ആരാധന നടത്തുന്ന പതിവുണ്ടായിരുന്നു ഇവകളിൽ നിന്നെല്ലാം മനസ്സിലാകുന്നത് 40 മണി ആരാധനയുടെ പ്രധമോദ്ദേശ്യം മനുഷ്യഹൃദയങ്ങളിൽ തപോവൃത്തിയുടെയും അനുതാപത്തിന്റെയുംപ്രകരണങ്ങൾ വരുത്തി സ്വന്ത പാപങ്ങൾക്കും ലോകമൊട്ടുക്കുമുള്ള പാപങ്ങൾക്കും പരിഹാരം ചെയ്യുക എന്നതായിരുന്നു. എന്തായാലും ചാവറപിതാവ് നടപ്പിലാക്കിയ 40 മണി ആരാധനയുടെ ഉദ്ദേശ്യം ഇപ്രകാരമായിരുന്നു എന്ന് മാന്നാനത്തെ നാളാഗമങ്ങളിൽ
നിന്നും വ്യക്തമാണ്.

എല്ലാവർഷവും വലിയ നോയമ്പിൽ നടത്തുന്ന 40 മണി ആരാധനക്ക് മാന്നാനം പ്രദേശത്തുള്ള സകല ക്രൈസ്തവക കുടുംബങ്ങളും സഹകരിച്ചിരുന്നു. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ആരാധനയിൽ പങ്കെടുക്കുവാൻ അകലങ്ങളിൽ നിന്നെത്തുന്ന സകല മനുഷ്യരെയും മന്നാനത്തിനു ചുറ്റുപാടുള്ള വീടുകളിൽ സ്വന്തം പോലെ സ്വീകരിച്ച് താമസ സൗകര്യവും ഭക്ഷണവും നൽകിയിരുന്നു. പലരും ഭക്ഷണ സാധനങ്ങളുമായാണ് വന്നിരുന്നത്. അത് വീടുകളിൽ വേവിച്ച ഭക്ഷിക്കുമായിരുന്നു. വരുന്നവരെല്ലാം കുമ്പസാരിച്ച വിശുദ്ധകുർബാന സ്വീകരിക്കുക എന്നത് നാല്പതുമണി ആരാധനയിലെ വളരെ പ്രധാനമായ പ്രവർത്തി ആയിരുന്നു. അനേകായിരങ്ങൾ പങ്കെടുക്കുന്ന ഈ ആരാധന ജനങ്ങളുടെവിശുദ്ധീകരണത്തിനും വലിയൊരുപാധി ആയിരുന്നു. ചാവറപിതാവ് ലക്ഷ്യമാക്കിയത് ഫലമാകുകയും ചെയ്തു. ഈ ആരാധന ഭക്തിപൂർവ്വം നടത്തിയിരുന്ന സ്ഥലങ്ങളിൽ കേരളത്തിലും പുറത്തും ഭൗതീക നാശങ്ങളും ശാരീരിക ക്ലേശങ്ങളും കുറഞ്ഞ് കൂടുതൽ ശാന്തത അനുഭവപ്പെട്ടിരുന്നതായി ചരിത്ര സാക്ഷ്യങ്ങൾ ധാരാളം ഉണ്ട്.

## 13 മണി ആരാധന

40 മണി ആരാധനയിൽ നിന്നാരംഭിച്ചതാണ് 13 മണി ആരാധന. 40 മണിക്കൂർ തടസ്സമുള്ള സാഹചര്യങ്ങളിലും

സ്ഥലങ്ങളിലും തുടർച്ചയായി കുറച്ചു മണിക്കൂറെങ്കിലും ആരാധന നടത്തണം എന്നതായിരുന്നു കാനോൻ നിയമം 1275- പ്രകാരം സഭ നിർദ്ദേശിച്ചിരുന്നത്.

കേരളത്തിലും ആശ്രമങ്ങൾ കൂടാതെ വളരെക്കുറച്ച് ഇടവകപ്പള്ളികളിൽ മാത്രമെ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന 40 മണി ആരാധന നടത്തുവാൻ സൗകര്യമുണ്ടായിരുന്നുള്ളു. അതുകൊണ്ടാണ് ഒരു ദിവസം പകൽ മാത്രം ഉൾകൊള്ളുന്ന 13- മണി ആരാധന പ്രചാരണത്തിൽ വരുവാൻ കാരണം. 13 മണിക്കൂർ സാധിച്ചില്ലെങ്കിലും പത്തുമണക്കൂറെങ്കിലും തുടർച്ചയായി ആരാധന നടത്തുകയും അന്ന് എല്ലാവരും കുമ്പസാരിച്ച് വിശുദ്ധകുർബാന സ്വീകരിക്കണം എന്നതുമായിരുന്നു പൊതു തത്വം. വിശുദ്ധ ചാവറ പിതാവിന്റെ കാലം മുതൽ ഈ ഭക്താഭ്യാസവും കേരളസഭയിൽ ആത്മീയ ഉണർവ്വു നൽകാൻ നിമിത്തമായി.

## തിരുമണിക്കൂർ

കേരളസഭയിൽ വളർന്നുവന്ന മറ്റൊരു ഭക്തിക്രമമാണ് ' തിരുമണിക്കൂർ ആരാധന'. ആഴ്ചയിലൊരിക്കൽ ദേവാലയത്തിലൊരുമിച്ചുകൂടി നടത്തുന്ന ഒരുമണിക്കുർ ആരാധനപോലെ നമ്മുടെ കുടുംബങ്ങളിൽ രാത്രിയിൽ നടത്തുന്ന ' തിരുമണിക്കൂർ' എന്ന പേരിലുള്ള പ്രാർത്ഥനയും ഉണ്ടായിരുന്നു. ദേവാലയങ്ങളിൽ സാധാരണയായി വ്യാഴാഴ്ചകളിലായിരുന്നു ഈ ആരാധന നടത്തിയിരുന്നത്. പെസഹാവ്യാഴാഴ്ച അന്ത്യ അത്താഴവേളയിൽ പരിശുദ്ധകുർബാന സ്ഥാപിച്ചതിനെയും ഗദ്സേമിനിയിൽ പ്രാർത്ഥിച്ചതിനെയും പ്രത്യേകമായി അനുസ്മരിക്കുന്നു. വ്യാഴാഴ്ചകളിൽ നടത്തിയിരുന്ന ഈ ആരാധന ഇന്ന് പലപള്ളികളിലും ആദ്യവെള്ളിയാഴ്ച ആരാധനയായി മാറ്റിയിട്ടുണ്ട്.

കേരളസഭയുടെ ഒന്നര നൂറ്റാണ്ടിനിടയിലുള്ള ചരിത്രത്തെ പരിശോധിക്കുമ്പോൾ, പരിശുദ്ധകുർബാനക്കുള്ള പരസ്യവണക്ക

ഭക്തി എങ്ങനെ കടന്നുവന്നു എന്നത് സഭാസമൂഹത്തിന്റെ ആത്മീയ വളർച്ചക്ക് എപ്രകാരം ഉപകാരപ്രദമായി എന്നും ചരിത്രം തെളിവുകൾ തരുന്നു. പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിൽപെടാത്ത ഒരു ഭക്താഭ്യാസമാണ് പരി.കുർബാനക്ക് നൽകുന്ന പരസ്യാരാധന എന്ന സിദ്ധാന്തത്തിന് അമിത പ്രാധാന്യം കല്പിച്ചപ്പോൾ, വി.കുർബാനയിലൂടെ ' ഞാൻ ലോകാവസാനം വരെ നിങ്ങളോടു കൂടി ഉണ്ടായിരിക്കും' എന്ന ക്രിസ്തു സാന്നിദ്ധ്യത്തെ അംഗീകരിച്ച് അവിടുത്തേക്ക് ആരാധന അർപ്പിക്കാൻ കുറെപേർക്കെങ്കിലും സാധിക്കാതെ പോയി. അവർക്ക് ചാവറ പിതാവ് വിദേശിയും, സുറിയാനി ആരാധനക്രമത്തിന്റെ ചൈതന്യം നഷ്ടപ്പെടുത്തിയവനും ലത്തീൻ റീത്തിന്റെ പ്രചാരകനുമായി മാറി. ദിവ്യകാരുണ്യാരാധനയിലൂടെയും അനുചിന്തനത്തിലൂടെയും മാനസാന്തരത്തിന്റെ ഫലങ്ങൾ ഉളവാക്കുവാൻ നിരന്തരം ആഹ്വാനം ചെയ്ത് കൊണ്ടിരികുന്ന പരി. മാർപ്പാപ്പമാരെ ചെവിക്കൊള്ളാൻ കഴിയാതെ വന്നാൽ അതൊരു തെറ്റായ വളർച്ചയാകും എന്നു ചിന്തിക്കുന്നവരാണ് അധികവുമുള്ളത്.

## ദിവ്യകാരുണ്യം ഉറവിടമാക്കിയ സന്യാസ സഭകൾ

റോമിലെ പിയാസ്സാവെനേസ്യായിലുള്ള നിത്യാരാധന കപ്പേളയിൽ അനേകമണിക്കൂറുകൾ ചിലവഴിച്ച് ശക്തിയാർജ്ജിച്ചയാളാണ് തോമസ് കുര്യാളശ്ശേരി പിതാവ്. അദ്ദേഹം ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്നപ്പോഴാണ് 1908-ൽ കന്യസ്ത്രീകളുടെ ആരാധനാസഭ കേരളത്തിൽ ആരംഭിച്ചത്. അങ്ങനെ കർത്താവിനെ പരിശുദ്ധ കുർബാനയിൽ നിരന്തരം ആരാധിക്കുവാൻ ഒരു സമൂഹം കേരളത്തിലുണ്ടായി

.

ഫാ. മാത്യൂ ആലക്കളത്തിന്റെയും ഫാ. ജോസഫ് പറേടത്തിന്റെയും നേതൃത്വത്തിൽ പരി. കുർബാനയിൽ കേന്ദ്രീകൃതമായി 1933 -ൽ കേരളത്തിൽ ആരംഭിച്ച മിഷനറി സന്യാസസഭയാണ് എം.സി.ബി.എസ്സ്. പരി.കുർബാനയിൽ

അധിഷ്ടിതമായ ആരാധനാസമൂഹമാണ് ക്രിസ്തീയ സഭയെന്നും ആരാധനജീവിതതിലൂടെ നേതൃത്വമെടുത്തുകൊണ്ടു മനുഷ്യരെ ശാന്തിയിലും സമാധാനത്തിലും നയിക്കാൻ എളുപ്പമാകൂ എന്ന തിരിച്ചറിവിന്റെ ഭാഗമാണ് ഇത്തരം ആരാധനസമൂഹങ്ങൾ കേരളത്തിൽ വളർന്നു വരുന്നതിന്റെ കാരണം.

## കരിസ്മാറ്റിക് പ്രസ്ഥാനവും ദിവ്യകാരുണ്യാരാധനയും

കേരളസഭയിൽ അടുത്തകാലങ്ങളിൽ, 1975 നു ശേഷമാണ് കരിസ്മാറ്റിക് പ്രസ്ഥാനം വളർന്നു വന്നത്. ഇതിനോടെ അത്മായരുടെയിടയിൽ പ്രാർത്ഥനജിവിതത്തിനു പ്രാധാന്യമേറി, ധ്യാനകേന്ദ്രങ്ങളും, ബൈബിൾ കൺവെൻഷനുകളും കേരളത്തിൽ എല്ലായിടത്തും സജീവമായി. പരമ്പരാഗത പ്രാർത്ഥനകൾ കൂടാതെ സ്വയംപ്രേരിത പ്രാർത്ഥനകളും ഉപയോഗിക്കുവാൻ ജനങ്ങൾ പഠിച്ചു. പ്രാർത്ഥനഗ്രൂപ്പുകൾ ധാരാളമുണ്ടായി. ഈ ഗ്രൂപ്പുകൾ എപ്പോഴും പ്രാർത്ഥന നയിക്കുന്നത് ദിവ്യസക്രാരിയുടെ മുൻപിലായി. പരിശുദ്ധകുർബാനക്കുള്ള പരസ്യാരാധനയും പതിവായിതീർന്നു. അപ്പത്തിന്റെ രൂപത്തിൽ എഴുന്നള്ളി വരുന്ന ഈശോയോടു സംസാരിക്കുക കൂടുതൽ ആനന്ദകരമായി.

## സമാപനം

കത്തോലിക്കാസഭയിലെ വിശുദ്ധരുടെ ഇടയിൽ അധികമാളുകളും വിശുദ്ധ കുർബാനയുടെ ഭക്തരായിരുന്നു. ദിവ്യ സക്രാരിയുടെ മുൻപിലായിരിക്കുക, അതിനായി സമയം കണ്ടെത്തുക എന്നത് അവർക്ക് ഏറ്റവും ഹൃദ്യമായ അനുഭവമായിരുന്നു. വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ച് ലോകത്തിൽ നടന്നിട്ടുള്ള അത്ഭുതങ്ങൾക്ക് കണക്കില്ല. ലൂർദ്ദിലെ പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയിൽ നടക്കുന്ന രോഗശാന്തികളിൽ അധികവും പരി.കുർബാനയുടെ പരസ്യപ്രദക്ഷിണ സമയത്താണ്. നമ്മുടെ

നാട്ടിൽ പരിശുദ്ധ കുർബാനയിലുള്ള ഭക്തിയിൽ, പരസ്യാരാധനയിൽ സമൂപത്തെ വളർത്തുവാൻ ഒന്നാമതായി നേതൃത്വമെടുത്ത് മാതൃകനൽകിയ വിശുദ്ധ ചാവറ പിതാവ് ദിവ്യകാരുണ്യ ഭക്തിയിൽ വളാരാനും, നമ്മുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് ദൈവകാരുണ്യമാക്കി തീർക്കാനും സഹായിക്കട്ടെ!

*ഗ്രന്ഥപരിചയം*

## ഞായറാഴ്ചകളിലെ വചന പ്രഘോഷണം - മാനേജ്മെന്റ് കാഴ്ചപ്പാടിൽ

**ടിജോ മാത്യു**

വചന പ്രഘോഷണം, മാനേജ്മെന്റ് കാഴ്ചപ്പാടിൽ എന്നു കേൾക്കുമ്പോൾ ചേരായ്ക തോന്നുന്നുണ്ടല്ലേ?. ബൈബിളും മാനേജ്മെന്റും എങ്ങനാ ചേർത്തുവയ്ക്കുക?. ആലോചനയിൽ കടന്നൽക്കൂടിളകി വരുന്നതുപോലൊരു അരുതായ്ക. എന്നാൽ, നിങ്ങൾ ജിൽസണച്ചന്റെ 'ഞായറാഴ്ചകളിലെ വചന പ്രഘോഷണം മാനേജ്മെന്റ് കാഴ്ചപ്പാടിൽ' എന്ന പുസ്തകത്തിലേക്കു വരിക. ഈ അരുതായ്കകളെ, ചേരായ്കകളെ അപ്രസക്തമാക്കുന്ന മാജിക്കൽ റിയലിസം അനുഭവിക്കാം. ഇതൊരു വഴിയാണ്. വചനവെളിച്ചത്തിലേക്കുള്ള ലളിതവഴി. ഫാ. ജിൽസൺ ജോൺ നെടുമരുതുംചാലിൽ എഴുതിയ ഞായറാഴ്ചകളിലെ വചന പ്രഘോഷണം, മാനേജ്മെന്റ് കാഴ്ചപ്പാടിൽ എന്ന പുസ്തകം, മലയാളത്തിൽ ഇന്നേവരെ ആരും നടക്കാൻ മിനക്കെടാത്ത പുതുഭൂപ്രദേശത്തിലൂടെ ദൈവചനത്തിലേക്ക് ഒരു നടപ്പാത തീർക്കുകയാണ്. ഗഹനവും സങ്കീർണവുമായ വചനപ്പൊരുളിനെ നവീനമായ ആലോചനയെ കൂട്ടുപിടിച്ചു ലളിതമായി പറഞ്ഞു തരാനുള്ള ചെറുതല്ലാത്തൊരു ശ്രമം. ഇതാണു ജിൽസണച്ചന്റെ പുത്തൻ പുസ്തകത്തിന്റെ ഉദ്ദേശ്യവും ആഗ്രഹവും. പുസ്തകം നിർവഹിക്കുന്നതും അതുതന്നെ. മാനേജ്മെന്റ് എന്നൊക്കെ കേൾക്കുമ്പോൾ പള്ളിക്കും വിശ്വാസത്തിനും ചേർന്നതാണോയെന്ന് ചെറു അങ്കലാപ്പ് ഈ പുസ്തകവഴിയിലേക്കു തിരിയാൻ ഒരുങ്ങുന്നവരിൽ സ്വാഭാവികം. എന്നാൽ ഇത് പണ്ടേക്കു പണ്ട് ക്രിസ്തുതന്നെ പറഞ്ഞതും പഠിപ്പിച്ചതുമായ ശാസ്ത്രമാണെന്നു ജിൽസൺ അച്ചൻ പറയുമ്പോൾ ഈ വഴി പത്തടി നടന്നുവരാൻ തോന്നും. നടന്നു തുടങ്ങിയാലോ, വചനത്തിന്റെ ആഴത്തിലേക്കു പുസ്തകം നമ്മെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യും. ബൈബിളിൽ മനുഷ്യനുള്ള ദൈവത്തിന്റെ ആദ്യസന്ദേശംതന്നെ മാനേജ്മെന്റുമായി

ബന്ധപ്പെട്ടതാണെന്നു പുസ്തകം പറയുന്നു. സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ. (ഉല്പത്തി 1: 28). മാനേജർമാരുടെ മൂന്നു കടമകളാണ് ഈ വചനത്തിലൂടെ അനാവരണം ചെയ്യുന്നത്.

(1) പദ്ധതികളുടെ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി വിഭവങ്ങൾ വർധിപ്പിക്കണം (multiply the resources).
(2) ഭൂമിയെ അധീനപ്പെടുത്തി ക്രമക്കേടുകൾ കുറയ്ക്കണം (Minimize the disorder).
(3) എല്ലാ ജീവജാലങ്ങളുടെയും മേൽ ആധിപത്യം നേടിക്കൊണ്ടു ഭൂമിയിൽ ചിട്ടയും ക്രമവും നിലനിർത്തണം (Maintain order).
വിഭവങ്ങളുടെ വർധന, ക്രമക്കേടുകളുടെ ലഘൂകരണം, ചിട്ടയും ക്രമവും നിലനിർത്തൽ എന്നിവ മാനേജ്മെന്റിന്റെ പ്രധാന കടമകളാണ്. ഈ മൂന്നു മാനേജ്മെന്റ് തത്ത്വങ്ങളും പ്രായോഗികതലത്തിൽ കൊണ്ടുവരാൻ വചനം ആവശ്യപ്പെടുന്നു. ഇതുവരെ നാം, ഈ വചനമൊരു മാനേജ്മെന്റ് തത്ത്വമായി തിരിച്ചറിഞ്ഞിരുന്നില്ല, ജിൽസണച്ചൻ പറഞ്ഞുതരുംവരെ. ഇത്തരത്തിൽ ബൈബിളിനെ മാനേജ്മെന്റ് രീതി ശാസ്ത്രത്തിൽ വായിക്കാൻ പുസ്തകം ശ്രമിക്കുന്നു. നവീനമായൊരു ആലോചനാവഴിയാണു പുസ്തകം മുന്നോട്ടുവയ്ക്കുന്നത്. മത്തായി, മർക്കോസ്, ലൂക്ക, യോഹന്നാൻ എന്നീ സുവിശേഷ ങ്ങളിലൂടെയാണു പുസ്തകം കടന്നുപോകുന്നത്. ഓരോ അധ്യായങ്ങളും മാനേജ്മെന്റ് തത്ത്വങ്ങളുപയോഗിച്ച് വ്യാഖ്യാനിക്കുന്നു. ലളിതമായ ശൈലിയിലും ഉപശീർഷകങ്ങളിലുമാണു ചിന്തകൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതിലെ പ്രാരംഭവിചിന്തനം ദാർശനിക സൗന്ദര്യ മുൾക്കൊള്ളുന്നതായി സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുസ്തകത്തെ പ്രശംസിക്കുന്നു. സുവിശേഷഭാഗങ്ങളെ മാനേജ്മെന്റ്

വീക്ഷണത്തിൽ വിലയിരുത്താൻ കഴിയുമോയെന്ന സന്ദേഹത്തിനുള്ള ഉത്തരമാണ് ഈ പുസ്തകം. നമ്മുടെ ചിന്തകളെയും ദർശനങ്ങളെയും ബോധ്യങ്ങളെയും കൂടുതൽ ഉദാത്തമാക്കാനും കാര്യക്ഷമമാക്കാനും ആധുനികകാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കാൻ വേണ്ട കരുത്തു നൽകാനും ഈ ഗ്രന്ഥം സഹായകരമാണെന്നു കർദിനാൾ മാർ ആലഞ്ചേരി തുടർന്നു പറയുന്നു. ഞായറാഴ്ച പ്രസംഗത്തോടൊപ്പം ദൈവവചനത്തെ ആഴത്തിൽ മനസിലാക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഒരു മുതൽക്കൂട്ടാണ് ഈ പുസ്തകം. കുടുംബക്കൂട്ടായ്മകളിലും പ്രാർഥനാസമ്മേളനങ്ങളിലും ധ്യാനാവസരങ്ങളിലും ബൈബിൾ ദർശനങ്ങൾ നവീന ഉൾക്കാഴ്ചയോടെ പങ്കുവയ്ക്കുവാൻ ഈ ഗ്രന്ഥം ഏറെ സഹായകമാകും.

സെന്റ് പോൾസ്സാണു പ്രസാധകർ
(സെന്റ് പോൾസ്, ബ്രോഡ്‌വേ എറണാകുളം-682031).
പേജ്: 696. വില 400 രൂപ

---

ഫാ. ജിൽസൺ ജോൺ നെടുമരുതുംചാലിൽ സി. എം. ഐ. മൂലമറ്റം സെന്റ് ജോസഫ്സ് കോളജ് പ്രിൻസിപ്പലാണ്. തേവര കോളജിൽ 16 വർഷം സാമ്പത്തികശാസ്ത്രാധ്യാപകനായിരുന്നു. 1990ൽ വൈദികനായ ഫാ. ജിൽസൺ ഈ വർഷം പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്നു.

# ചാവറയച്ചന്റെ ജീവിതകഥയുമായ് ആകാശമോക്ഷങ്ങൾ സാക്ഷി ....

ചാവറയച്ചന്റെ ജീവിതകഥയെ സമകാലിക ജീവിതത്തോട് ഇഴചേർക്കുകയാണ് ആകാശമോക്ഷങ്ങൾ സാക്ഷി എന്ന നാടകം. കേരള സഭയുടെ ചരിത്രത്തിലെ ശുക്രനക്ഷത്രമായിഷരുന്ന ചാവറയച്ചൻ കർമ്മംകൊണ്ട് വിശുദ്ധ ജീവിതത്തെ പുൽകിയ മഹദ് വ്യക്തിത്വമാണ്. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും തടവറയിൽ തൊട്ടുകൂടാത്തവരും തീണ്ടൂക്കൂടാത്തവരുമായി കഴിഞ്ഞുകൂടിയിരുന്ന ജനതയ്ക്ക് വിമോചനത്തിന്റെ പ്രകാശമായി ചാവറയച്ചന്റെ ജീവിതം. വിദ്യയ്ക്കുമാത്രമേ മാനവവംശത്തെ വിമോചിപ്പിക്കാൻ കഴിയൂ എന്ന് തിരിച്ചറിഞ്ഞ ചാവറയച്ചൻ കേരള മണ്ണിൽ ഒരു പൊതുവിദ്യാഭ്യാസധാരയുടെ ചെരാത് കൊളുത്തി. അതിൽ നിന്നാണ് ഇന്ന് കാണുന്ന പൊതുസമൂഹം രൂപം കൊടുത്തത്. കേരളത്തിന്റെ എക്കാലത്തേയും നവോത്ഥാന യജ്ഞങ്ങളുടെ ആദ്യ പ്രത്യക്ഷമായിരുന്ന ചാവറയച്ചന്റെ ജീവിത സന്ദേശത്തെ പുതുതലമുറയിൽ എത്തിക്കുക എന്ന ലക്ഷ്യത്തിലാണ് ആകാശമോക്ഷങ്ങൾ സാക്ഷി എന്ന നാടകം പിറവി കൊണ്ടത്. അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് മൾട്ടിമീഡിയയുടെ സഹായത്തോടെ ആവിഷ്കരിക്കപ്പെടുന്ന ഈ നാടകം സാധാരണ നാടക രംഗപശ്ചാത്തലങ്ങളിൽ നിന്ന് ഭിന്നമായി LED WALL ന്റെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. പുതിയ കാലത്തെ ഒരു കുടുംബത്തിൽ നടക്കാനിടയുള്ള ഒരു സാങ്കൽപ്പിക കഥയെ ചാവറയച്ചന്റെ ജീവിത ചരിത്രവുമായി വിളക്കിചേർത്താണ് നാടകം ആഖ്യാനം നിർവ്വഹിക്കുന്നത്. ക്രൈസ്തവ വിശ്വാസികളും മാതൃകാ ദമ്പതികളുമായ ഐസക് സാമുവേൽ – റോസി ദമ്പതികളുടെ മകനായ റോണി എന്ന യുവാവ് പുതിയ കാലത്തിന്റെ ഭ്രമങ്ങളിൽപ്പെട്ട്, ലഹരിക്ക് അടിമപ്പെട്ട് വഴിവിട്ട ജീവിതത്തിലേയ്ക്ക് പോകുന്നതും അവന്റെ തകർച്ചയിൽ ആശുപത്രിക്കിടക്കയിൽ ചാവറയച്ചന്റെ സ്നേഹ മാദ്ധ്യസ്ഥം അവനെ തേടിയെത്തുന്നതും ചാവറയച്ഛന്റെ

ജീവിത ചരിത്രത്തോടൊപ്പം നാടകം വിദഗ്ദ്ധമായി ചരിത്രത്തോട് നീതി പുലർത്തി അവതരിപ്പിച്ചിരിക്കുന്നു. കാലത്തെയും സാമൂഹിക ചരിത്ര മുഹൂർത്തങ്ങളെയും നാടകം കൈയടക്കത്തോടെ അവതരിപ്പിക്കുന്നു.

നാടക പ്രവർത്തകനും തൃക്കാക്കര ഭാരതമാതാ കോളേജ് മലയാള വിഭാഗം അദ്ധ്യാപകനും ആയ ഡോ. തോമസ് പനക്കളം രചന നിർവ്വഹിച്ചിരിക്കുന്ന നാടകത്തിന്റെ രംഗ ഭാഷ്യം നിർവ്വഹിച്ചിരിക്കുന്നത് അദ്ദേഹവും നാടകപ്രവർത്തകനായ ബിജു സെബാസ്റ്റ്യനും ചേർന്നാണ്. കുട്ടനാട് തനിമ നാടകവേദി അവതരിപ്പിക്കുന്ന നാടകത്തിന്റെ ചീഫ് കോഡിനേറ്ററും സഹസംവിധായകനുമായി പ്രവർത്തിക്കുന്നത് നിരവധി ദേവാലയങ്ങളുടെ
ഡിസൈൻ രൂപപ്പെടുത്തിയ പ്രമുഖ ആർകിടെക്റ്റ് ഷൈൻ ജോസഫ് മായിപ്പറപ്പള്ളിയാണ്. ചലച്ചിത്ര ഗാനരചയിതാവ് ബിയാർ പ്രസാദ്, ഫാ. സെഡ്. എം. മുഴൂർ സി. എം. ഐ, ഫാ. റോബി കണ്ണഞ്ചിറ സി. എം. ഐ, ഫിലിപ്പോസ് തത്തംപള്ളി തുടങ്ങിയവർ ഗാനരചന നിർവ്വഹിച്ചിരിക്കുന്നു. നാടക സിനിമാരംഗത്തെ നിരവധി പ്രമുഖർ ഈ നാടകത്തിന്റെ അണിയറ പ്രവർത്തകരാകുന്നു. 2 മണിക്കൂർ ദൈർഘ്യമുള്ള ഈ നാടകം ഇതിനോടകം വിവിധ വേദികൾ പിന്നിട്ട് ജനശ്രദ്ധ നേടിക്കഴിഞ്ഞു. വർത്തമാനകാലത്തെ മാധ്യമപ്പെരുക്കത്തിൽ യുവത സാമൂഹിക മാധ്യമങ്ങളുടെ അടിമകളും ക്രയശേഷി നഷ്ടപ്പെട്ടവരുമായിമാറുന്നുവെന്ന യാഥാർത്ഥ്യത്തിലേയ്ക്കാണ് നാടകം വിരൽ ചൂണ്ടുന്നത്.

ഡി. ജെ. സംഗീതവും മയക്കുമരുന്നും വഴിതെറ്റിയ ബന്ധങ്ങളുമെല്ലാം ഇന്നിന്റെ നേർകാഴ്ചകളാണ്. ഇവിടെ ക്രൈസ്തവികമായ മൂല്യബോധം യുവാക്കളിൽ ഉരുവം കൊള്ളേതിന്റെ പ്രാധാന്യം നാടകം എടുത്തു കാട്ടുന്നു.

ഏതു ധൂസരസങ്കല്പങ്ങളിൽ പിറന്നാലും വളർന്നാലും ജീവിച്ചാലും ക്രൈസ്ത ജീവിത സന്ദേശം കൈമോശം വന്നുകൂടാ എന്ന മഹത് സന്ദേശമാണ് ഈ നാടകം പങ്കുവയ്ക്കുന്നത്. ദുർദിനങ്ങൾ ആഗമിക്കും മുൻപ് സൃഷ്ടാവിലേയ്ക്ക് തിരിയാൻ യുവതയെ നാടകം തീർച്ചയായും പ്രചോദിപ്പിക്കും. സ്വജീവിതം തന്നെ സാക്ഷ്യമേകുന്ന

അനുഭവമാക്കി മാറ്റാൻ ആഹ്വാനം ചെയ്യുന്ന ഈ നാടകം ഒരേസമയം കലാമൂല്യവും സന്ദേശവും വിനിമയം ചെയ്യുന്നു.

---

വി.ചാവറയച്ചന്റെ പുണ്യചൈതന്യം ഇതിവൃത്തമാക്കിയിരിക്കുന്ന ഈ നാടക കലാരൂപം എല്ലാവരുടെയും പ്രോത്സാഹനവും അംഗീകാരവും അർഹിക്കുന്നു, പ്രത്യേകിച്ച് നമ്മുടെ സഭാംഗങ്ങളുടെ.

എഡിറ്റർ

## അഭിമുഖം : ബ. മാത്യു ഞള്ളത്തുവയലിലച്ചൻ



ചാവറ പിതാവിനെ വാഴ്ത്തപ്പെട്ടവനാക്കുന്നതിന് രൂപീകരിച്ച രൂപത കോടതിയിലെ നോട്ടറിയായിരുന്ന ചങ്ങനാശ്ശേരി അതിരൂപതയിലെ റവ.ഫാ. മാത്യു ഞള്ളത്തുവയലിൽ, B.A, B.Ed. അനുഭവം പങ്കിടുന്നു.

അഭിമുഖം : ഫാ. ജെയിംസ് മഠത്തിക്കണ്ടം, സി.എം.ഐ, ഡയറക്ടർ, സെന്റ് ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, ചാവറ ഹിൽസ്.

ചോദ്യം : മാത്യു അച്ചന്റെ മാതാപിതാക്കളെക്കുറിച്ചും മറ്റും വിവരിക്കാമോ ?

ഉത്തരം : അപ്പന്റെ പേര് ജോസഫ്, അമ്മ മറിയാമ്മ. 10 മക്കളായിരുന്നു ഞങ്ങൾ. 9-മത്തെ മകനാണ് ഞാൻ. കാഞ്ഞിരപ്പള്ളി സെന്റ് ഡോമനിക് ഫൊറോനപ്പള്ളിയുടെ അടുത്താണ് വീട്. മാമ്മോദിസാമുക്കിയത് ആ പള്ളിയിലാണ്.

ചോദ്യം : ജനന തിയതി എന്നാണ് ?

ഉത്തരം : 1928 ആഗസ്റ്റ് 12

ചോദ്യം : ഇപ്പോൾ എത്ര വയസ്സായി?

ഉത്തരം : 88

ചോദ്യം : മാത്യു അച്ചന് നല്ല ഓർമ്മയുണ്ടല്ലൊ?

ഉത്തരം : ചാവറ പിതാവിന്റെ അനുഗ്രഹത്താലാണ് എന്റെ ഓർമ്മ നിലനിൽക്കുന്നത്. സഹോദരങ്ങളുടെ ഓർമ്മയെല്ലാം നഷ്ട്ടപ്പെട്ട് കുറെ കഴിഞ്ഞാണ് മരിക്കുന്നത്.

ചോദ്യം : വിശുദ്ധ ചാവറപിതാവിനെക്കുറിച്ച് വായിച്ചിട്ടുണ്ടോ?

ഉത്തരം : ആത്മാനുതാപം എന്ന കവിത എന്റെ അമ്മ പാടി എന്നെ പഠിപ്പിച്ചിരുന്നു. ഞാനത് മനഃപാഠമാക്കി പാടുമായിരുന്നു. പല പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ചെറുപ്പം മുതലേ എനിക്ക് പുണ്യവാനോട് വലിയ ഭക്തിയായിരുന്നു.

ചോദ്യം : ചാവറപിതാവ് എന്നു പറയാൻ കാരണമെന്താണ്?

ഉത്തരം : വിശുദ്ധ ചാവറപിതാവിനെ മെത്രാനാക്കാൻ ശ്രമിച്ചപ്പോൾ അത് സ്വീകരിച്ചില്ല. അതുകൊണ്ട് ഒരു മെത്രാനെപ്പോലെയായിരുന്നു ജനങ്ങൾ ചാവറപിതാവിനെ കരുതിയിരുന്നത്.

ചോദ്യം : ദൈവദാസനായതിനു ശേഷം നടത്തിയ രൂപതാ കോടതിയെക്കുറിച്ച് ഒന്ന് പറയാമോ?

ഉത്തരം : വിശ്വാസികളാണ് ആദ്യം ഭക്തി പ്രചരിപ്പിക്കുന്നത്. അവർക്ക് ദൈവം കൊടുക്കുന്ന ഒരു ആത്മീയ മനസ്സുണ്ട്. ഇതിന് വോക്സ് പോപ്ളി യെന്നാണ് പറയുന്നത്. അതായത് ജനങ്ങൾ പിതാവിനെക്കുറിച്ച് പറഞ്ഞും പ്രാർത്ഥിച്ചും കബറിടത്തിൽ വന്നും പൊതുവെ ഒരറിവ് ഉണ്ടായിരുന്നു. ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു വിശുദ്ധനാണെന്ന് പലരും പറയുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്, സി.എം.ഐ സഭ നാമകരണത്തിന് താല്പര്യം എടുത്തു. മാർ മാത്യു കാവുകാട്ട് പിതാവ് ചങ്ങനാശ്ശേരി മെത്രാനായിരിക്കുമ്പോൾ പൊതുജനങ്ങളുടെ ആഗ്രഹം കൂടി പരിഗണിച്ച് അരമനയിൽ നാമകരണക്കോടതി ആരംഭിച്ചു.

ചോദ്യം : എന്തെല്ലാം കാര്യങ്ങളാണ് ഇതിന് പ്രത്യേകം ചെയ്യാനുള്ളത്?

ഉത്തരം : ഹിസ്റ്റോറിക്കൽ കമ്മീഷൻ റിപ്പോർട്ടും തിയോളജിക്കൽ കമ്മീഷൻ റിപ്പോർട്ടും രൂപതാക്കോടതിയിൽ അവതരിപ്പിച്ച് അംഗീകരിച്ച് കഴിഞ്ഞാൽ കബറിടം തുറന്ന് പരിശോധിച്ച് റിപ്പോർട്ട് ഉണ്ടാക്കണം . ഇത് രൂപതാ കോടതിയിൽ അവതരിപ്പിച്ച്, സാക്ഷി വിസ്താരം ചെയ്ത റിപ്പോർട്ടും, വിജയ പ്രദമാണെങ്കിൽ രൂപതയിൽ നിന്ന് ഔദ്യോഗികമായി റോമിലെ സേക്രഡ് കോൺഗ്രിഗേഷൻ ഫോർ ദി കോസ് ഓഫ് സെയിന്റ്സിൽ സമർപ്പിക്കണം.

ചോദ്യം : ചാവറപിതാവ് വഴിയുള്ള അനുഗ്രഹങ്ങളെക്കുറിച്ച് എന്തെങ്കിലും ഒന്ന് പറയാമൊ?

ഉത്തരം : 1940 കളിൽ എന്റെ സഹോദരിമാർ ചങ്ങനാശ്ശേരി ബോർഡിങ്ങിൽ താമസ്സിച്ചാണ് പഠിച്ചിരുന്നത്. അന്ന് ചാവറപിതാവ് വഴി ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിരുന്ന വിവരങ്ങൾ എന്നോട് അവർ പറയുമായിരുന്നു.

ചോദ്യം : സ്കൂൾ കുട്ടികൾ ചാവറപിതാവിനോട് പരീക്ഷവിജയത്തിനായി പ്രാർത്ഥിക്കുമായിരുന്നോ?

ഉത്തരം : ചങ്ങനാശ്ശേരി മഠത്തിൽ വച്ച് വിശുദ്ധ അൽഫോൻസാമ്മയ്ക്ക് വിശുദ്ധ ചാവറ പിതാവ് രോഗശാന്തി നൽകിയ വിവരം പെട്ടന്ന് എല്ലായിടത്തും പരന്നു. വിശ്വസികൾ പ്രാർത്ഥിക്കാൻ തുടങ്ങി. കുട്ടികൾ കൂട്ടമായി മാന്നാനത്തു പോയി കബറിടത്തിൽ ചാവറപിതാവിനോട് പ്രാർത്ഥിക്കുമായിരുന്നു. 1945-ൽ S.S.L.C ക്ക് ഞാൻ തോറ്റു പോയിരുന്നു. നല്ലമാർക്കോടു കൂടി പാസാവാൻ ചാവറ പിതാവിനോട് പ്രാർത്ഥിച്ച് രണ്ടാമത് എഴുതി. നല്ല മാർക്കോടെ ഞാൻ പാസായി. പരീക്ഷയിൽ വിജയിക്കാൻ ചാവറ പിതാവിനോട് പ്രാർത്ഥിച്ചാൽ മതിയെന്ന് അന്ന് ഞങ്ങൾ പറയുമായിരുന്നു.

ചോദ്യം : സെമിനാരിയിൽ ചേർന്ന കാര്യം പറയാമോ?

ഉത്തരം : ഈ മാർക്കുമായി മാന്നാനത്ത് ചെന്ന് ബ. ദീസ്മാസ്, സി.എം.ഐ. അച്ചനെ കണ്ടു. അച്ചൻ എന്നോട് പറഞ്ഞു. കുട്ടിയുടെ മാർക്ക് നന്നായിരിക്കുന്നു. അവിടെ എന്നെ സ്വീകരിച്ചു. പക്ഷെ, സുഖമില്ലാതെ വന്നതു കൊണ്ട് അവിടെ നിന്ന് തിരിച്ചു പോന്നു.

ചോദ്യം : പന്നീട് എങ്ങനെ വൈദികനായി ?

ഉത്തരം : ഞാൻ കാവുകാട്ട് പിതാവിനെ പോയി കണ്ടു. പിതാവു പറഞ്ഞു, ചങ്ങനാശ്ശേരിയിൽ അച്ചന്മാർ കുറവാണല്ലോ. അതുകൊണ്ട് എസ്.ബി. കോളേജിൽ ബി.എ പഠിച്ച് രൂപതയ്ക്കുവേണ്ടി ചേർന്നോ എന്ന്. അങ്ങനെ പഠിച്ച് പാസ്സായി. ചങ്ങനാശ്ശേരി മൈനർ സെമിനാരിയിലും, മംഗലപ്പുഴ സെമിനാരിയിലും പഠിച്ച് 1961 മാർച്ച് 12ാം തിയതി മാർ മാത്യു കാവുകാട്ട് പിതാവിൽ നിന്നും പട്ടം സ്വീകരിച്ചു.

ചോദ്യം : സേവനരംഗങ്ങളെക്കുറിച്ച് ഒന്ന് പറയാമോ?

ഉത്തരം : ഒരു കൊല്ലം അതിരമ്പുഴ പള്ളിയിൽ അസിസ്റ്റന്റായും, ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിലും സേവനം ചെയ്തു. 1965-ൽ മാന്നാനത്ത് സെന്റ് ജോസഫ് ബി.എഡ് കോളേജിൽ നിന്നും ബി.എഡ് ബിരുദം എടുത്തു. ചങ്ങനാശ്ശേരി എസ്.എച്ച് ഇന്റർനാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡിംഗ് റെക്ടർ ആയി. ഇത് സാധാരണ സ്കൂളായി നടത്തി കുട്ടികളെ ഒരുക്കി വടക്കേഇൻഡ്യൻ മിഷനിലേയ്ക്ക് അയച്ചിരുന്നു. 40 കൊല്ലം സ്കൂളിൽ പഠിപ്പിച്ചു. ഇതിൽ 20 കൊല്ലം സ്കൂൾ മാനേജർ ആയിരുന്നു.

ചോദ്യം : വിശുദ്ധ ചാവറപിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ വിവരിക്കാമോ?

ഉത്തരം : ചാവറ പിതാവിന്റെ കുടുംബത്തിലെ ഒരച്ചന്റെ മുഖഛായ വച്ച് വരച്ച പടം നേരത്തേ

ഉണ്ടായിരുന്നു. കുറെക്കാലം കഴിഞ്ഞ് അടുത്ത തലമുറയിലെ ചാവറകുടുംബത്തിലെ ഒരച്ചന്റെ ഫോട്ടോ എടുത്ത് ആദ്യം വരച്ച പടവും വച്ച് ബ. ബ്രദർ ബ്രൊക്കാർദ്ദ് സി.എം.ഐ വരച്ചതാണ് ഇപ്പോൾ ഉള്ള പടം.

ചോദ്യം : അടിസ്ഥാനപരമായി ഒരാൾ വിശുദ്ധനാണെന്ന് പ്രഖ്യാപിക്കാൻ എന്താണ് തെളിയിക്കേണ്ടത്?

ഉത്തരം : വീരോചിതമായ പുണ്യം ദൈവദാസൻ അനുഷ്ഠിച്ചിരുന്നുവെന്നും, അനുകരണാർഹമായി ജീവിതം നയിച്ച് ജനത്തെ സേവിച്ചിരുന്നു വെന്നും അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും വേണം.

ചോദ്യം : ഇത് എളുപ്പമായ നടപടി ക്രമങ്ങളല്ലാ അല്ലേ?

ഉത്തരം : ദൈവശാസ്ത്രപരമായും ചരിത്രപരമായും ശാസ്ത്രീയമായും ആഴത്തിൽ പഠനം നടത്തണം.

ചോദ്യം : വിശുദ്ധ ചാവറപിതാവിനെക്കുറിച്ച് പഠിക്കുമ്പോൾ പ്രത്യേകം ഓർത്തിരിക്കേണ്ടതെന്താണ്?

ഉത്തരം : ഒത്തിരിക്കാര്യങ്ങൾ ഉണ്ട്. ജനിച്ച സ്ഥലം, അവിടുത്തെ ആളുകൾ, ആക്കാലത്തെ സാമൂഹ്യ രീതികൾ, അദ്ദേഹത്തിന്റെ സെമിനാരി ജീവിതം, അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾ, വൈദികനായതിനുശേഷമുള്ള പ്രവർത്തനങ്ങൾ, ആത്മീയ പ്രവർത്തനങ്ങൾ, സ്വന്തം ജീവിതം, സമൂഹത്തിനു വേണ്ടി ചെയ്ത കാര്യങ്ങൾ എന്നിങ്ങനെയെല്ലാം.

ചോദ്യം : സമൂഹത്തിനു വേണ്ടി ചെയ്തു ജനങ്ങളെ വളർത്തിയ കാര്യങ്ങൾ പറയാമോ?

ഉത്തരം : വിദ്യാഭ്യാസം കത്തോലിക്ക സഭയിൽ വിശുദ്ധൻ തുടങ്ങിയതല്ലെ? സി.എം.ഐ, സി.എം.സി സന്യാസ സഭകൾ തുടങ്ങിയത് അദ്ദേഹമല്ലെ? ഇന്ന് സഭയിലുള്ള ഭക്താനുഷ്ഠാനങ്ങളെല്ലാം, കുർബ്ബാനയിലെ വായനകൾ, പ്രസംഗം, ധ്യാനപ്രസംഗങ്ങൾ, കുരിശിന്റെ വഴി, റോക്കസ്

ശീശ്മയിൽ നിന്ന് കേരള സഭയെ രക്ഷിച്ചത്. ഇങ്ങനെ ധാരാളം കാര്യങ്ങൾ.

ചോദ്യം : വിശുദ്ധൻ ജ്ഞാനപീയുഷം, ഒരു നല്ല അപ്പന്റെ ചാവരുൾ, അനസതാസിയുടെ രക്തസാക്ഷ്യം, എക്ക്ളോഗുകൾ, നളാഗമങ്ങൾ, സാഹിത്യകൃതികൾ, ആത്മാനുതാപം കവിതകൾ, ആദ്ധ്യാത്മിക കൃതികൾ ഇങ്ങനെ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടല്ലോ? ഇതിൽ ഏതാണ് ഈ 88 വർഷത്തിനുള്ളിൽ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത്?

ഉത്തരം : ഒരു നല്ല അപ്പന്റെ ചാവരുളാണ്. കാരണം ഇന്നും ഒരോ വാക്കും അർത്ഥവത്താണ്, കാലോചിതമാണ്. ഇതിൽ സഭയുടെയും സമൂഹത്തിന്റെയും സമഗ്രമായ വളർച്ചയ്ക്ക് ഊന്നൽ കൊടുത്തിട്ടുണ്ട്.

ചോദ്യം : അന്നത്തെ രൂപത കോടതിയുടെ ഘടന ഓർക്കുന്നുണ്ടോ?

ഉത്തരം : ഉണ്ട്. മാർ മാത്യു കാവുകാട്ട് പിതാവ് ആരംഭിച്ചു. ജഡ്ജ് : റവ.ഫാ. നിക്കളോവൂസ്, റവ.ഫാ. ജോസഫ് (ഈപ്പച്ചൻ) അയിരൂർപറമ്പിൽ ഡിഫെന്റർ ഓഫ് ഫെയ്ത്ത്: റവ.ഫാ. പൗളിനോസ് ജീരകത്തിൽ,സി.എം.ഐ. (പിന്നീട് ജഗദൽപൂർ മെത്രാൻ)
നോട്ടറിമാർ : റവ.ഫാ ജോസഫ് എം.സി. മടക്കക്കുഴി, റവ.ഫാ മാത്യു ഞള്ളത്തുവയലിൽ, ബ. മടക്കക്കുഴി അച്ചന് അസുഖം മൂലം ഞാനാണ് കോടതിയുടെ അവസാനം വരെ നോട്ടറിയായി പ്രവർത്തിച്ചിരുന്നത്. വിശുദ്ധ കുരിയാക്കോസ് ഏലിയാസ് പിതാവിന്റെ ജനങ്ങളുടെ ഇടയിലുള്ള പ്രശസ്തിയെക്കുറിച്ചു വീരോചിതമായ പുണ്യം അഭ്യസിച്ചിരുന്നുവെന്നും കോടതി വഴി തെളിയിച്ചു.

ചോദ്യം : കോടതിയെക്കുറിച്ചും അച്ചൻ ചെയ്ത കാര്യങ്ങളെക്കുറിച്ചും വിവരിക്കാമൊ?

ഉത്തരം : മാന്നാനം വിശുദ്ധ യൗസേപ്പിതാവിന്റെ ആശ്രമത്തിൽ വച്ചാണ് കോടതി നടത്തിയിരുന്നത്. അതായിരുന്നു കുറച്ചുകൂടി സൗകര്യം. സാക്ഷികളായി 30-ലധികം പേരെ കോടതിയിൽ വിസ്തരിച്ചിട്ടുണ്ട്. അവരുടെ മറുപടിയിലെല്ലാം യാതൊരു തെറ്റുമില്ലാതെ കൃത്യമായി കോടതിയിലിരുന്ന്, അധികാരികളുടെ മുൻപിൽ വച്ച് തന്നെ എഴുതി ഒപ്പിടിയിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വമായിരുന്നു എന്റെത്. ചെറുപുഷ്പം പള്ളിയുടെ ചുമതലയുണ്ടായിരുന്നതുകൊണ്ട് കോടതി ദിവസങ്ങളിൽ അവിടെ നിന്നും നടന്നാണ് എന്നും മാന്നാനത്ത് കോടതിയിൽ വന്നിരുന്നത്. ബ. ലൂക്കാസ് വിത്തുവട്ടിക്കലച്ചനും, ബ. റൊമയോ തോമസച്ചനും വിശുദ്ധ അൽഫോസാമ്മയുടെ നാമകരണ കോടതിയുടെ ഭാരവാഹികളായിരുന്നതുകൊണ്ട് വിശുദ്ധ ചാവറ പിതാവിന്റെ നാമകരണ കോടതിയുടെ നടപടിക്രമങ്ങൾ നടത്താൻ എളുപ്പമായിരുന്നു. പിന്നെ ചാവറ പിതാവിന്റെ അനുഗ്രഹങ്ങൾ എനിക്ക് ഒത്തിരി കിട്ടിയിരുന്നതുകൊണ്ടും, ഞാൻ പിതാവിന്റെ ഭക്തനായിരുന്നതുകൊണ്ടും ഇതിൽ പ്രവർത്തിക്കാൻ എനിക്ക് വലിയ ആവേശമായിരുന്നു.

ചോദ്യം : രൂപത കോടതിയുടെ നടത്തിപ്പിനെക്കുറിച്ച് പറയാമൊ?

ഉത്തരം : ഔദ്യേഗിക ഭാരവാഹികൾ ബൈബിളിൽ കൈവച്ച് സത്യപ്രതിജ്ഞ ചെയ്യണം. ഒരു നിശ്ചിത ദിവസം ഉത്തരവാദിത്വപ്പെട്ടവരും ക്ഷണിക്കപ്പെട്ടവരും ദേവാലയത്തിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥന ശുശ്രൂഷ നടത്തും. അഭിവന്ദ്യപിതാവ് മുഖ്യ കാർമ്മികനായിരിക്കും. അഭിവന്ദ്യപിതാവിന്റെ ഡിക്രി വായിക്കും. അഭിവന്ദ്യപിതാവ് പ്രസംഗിക്കും,

ഉത്തരവാദിത്വപ്പെട്ടവർ പ്രതിജ്ഞയെടുക്കും, ബൈബിൾ വായിക്കും, പൊതു പ്രാർത്ഥന ചെല്ലും. ആശീർവാദത്തോടെ പ്രാർത്ഥന ശുശ്രൂഷ അവസാനിക്കും. ലഘു ഭക്ഷണത്തോടെയാണ് അവസാനിപ്പിക്കുക. പിന്നെ സൗകര്യമായ ദിവസം തുടങ്ങി നിശ്ചിത സ്ഥലത്ത് കോടതി നടത്തും.

ചോദ്യം : റോമിലേയ്ക്ക് കോടതിയുടെ രേഖകൾ അയക്കേണ്ടെ?

ഉത്തരം : കോടതി ആരംഭിക്കുന്നതിനുള്ള പ്രാർതഥന ശുശ്രൂഷ പോലെ കോടതി അവസാനിപ്പിക്കുമ്പോഴും പ്രാർത്ഥന ശുശ്രൂഷ നടത്തി രേഖകൾ പായ്ക്ക് ചെയ്ത് സീൽ ചെയ്യണം. അഭിവന്ദ്യപിതാവിന്റെ കത്തും അകത്തുവച്ച് വേണം പായ്ക്ക് ചെയ്യാൻ. പോസ്റ്റുലേറ്റർ ഈ പായ്ക്കറ്റുകൾ റോമിൽ വിശുദ്ധരുടെ നാമകരണത്തിനുള്ള കോൺഗ്രിഗേഷനിൽ ഏൽപ്പിക്കണം. വിദഗ്ധ ടീം പല തവണകളായി പഠിച്ച് ചർച്ച ചെയ്ത് കിട്ടുന്ന തീരുമാനങ്ങൾ അനുസരിച്ച് കോൺഗ്രിഗേഷൻ ധന്യൻ എന്നു വിളിക്കും. വളരെ ശാസ്ത്രീയമായ പഠനത്തിനുശേഷം മാത്രമാണ് കോൺഗ്രിഗേഷൻ പ്രഖ്യാപനം നടത്തുന്നത്.

ചോദ്യം : അത്ഭുതത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ഉത്തരം : ദൈവദാസനായതിനു ശേഷം പ്രാർത്ഥനയുടെ ഫലമായി ഒരാൾക്ക് ഗൗരവകരമായി ഒരു രോഗം മരുന്നോ മറ്റ് ചികത്സകളോ കൂടാതെ സുഖമായതായി ശാസ്ത്രിയമായി തെളിയിക്കപ്പെടണം. അതായത് ഗൗരവമായ രോഗം ഡോക്ടർ പരിശോധിച്ചതിന്റെ റിപ്പോർട്ടും ഉണ്ടാകണം. ചികത്സയില്ലാതെ ദൈവദാസനോട്മാത്രം പ്രാർത്ഥിച്ചിരിക്കണം. പെട്ടന്ന് സൗഖ്യം ഉണ്ടാകണം, പൂർണമായും

സുഖപ്പെടണം, സ്ഥിരമായ സൗഖ്യമായിരിക്കണം. ഡോക്ടറുടെ പരിശോധനയുടെ ഡൈഗനോസിസ് ആന്റ് പ്രൊഗനോസിസ് റിപ്പോർട്ട് വേണം. ഫോട്ടോകളോ, സ്കാൻ റിപ്പോർട്ടോ തുടങ്ങിയ രേഖകളുള്ള തെളിവുകൾ വേണം. ഇതെല്ലാം അടങ്ങുന്ന സർട്ടിഫിക്കറ്റ് ഡോക്ടർ തരണം. കോടതി നടക്കുമ്പോൾ ഈ രോഗത്തിന്റെ വിദഗ്ധ ചികത്സകനായ ഒരു ഡോക്ടർ സത്യപ്രതിജ്ഞ ചെയ്ത് കോടതിയിലുണ്ടാവണം. ക്രമപ്രകാരം സീൽ ചെയ്ത് റോമിൽ എത്തിക്കുന്ന ഈ രേഖകൾ പരിശേധിച്ച് കോൺഗ്രിഗേഷൻ പഠിച്ച്, കോടതിക്ക് ഈ രോഗശാന്തി മരുന്നു കൂടാതെ ദൈവീക ഇടപെടൽ വഴി നടത്തന്നിട്ടുള്ളതാണെന്ന് ബോധ്യമാകുമ്പോൾ പല സെക്ഷനുകളിലൂടെ ഈ റിപ്പോർട്ട് പരിശോധിച്ച്, വിജയിക്കുമ്പോളാണ് ധന്യൻ പദവി കഴിഞ്ഞ് വാഴ്ത്തപ്പെട്ടവൻ എന്ന പദവിയിലെത്തുക.

പ്രിയ മാത്യു അച്ചാ, ഈ പ്രായാധിക്യത്തിലും ഇത്രയും കാര്യങ്ങൾ ഓർമ്മയിൽ നിന്ന് പറയണമെങ്കിൽ അങ്ങ് ഹിസ്റ്റോറിക്കൽ കോടതി നടത്തുന്നതിന് വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. സി.എം.ഐ സഭയുടെ ജനറാളായ പെ.ബ. പോൾ അച്ചാണ്ടി അച്ചനും, ഞാനും, സി.എം.ഐ സഭയും, അച്ചനോട് കടപ്പെട്ടിരിക്കുന്നു.

നന്ദി.

# ബ.ജോർജ് താഞ്ചനച്ചൻ
# മനുഷ്യഹൃദയങ്ങളിലെ മായാത്ത ചിത്രം

2016 ജൂലൈ 2 വെള്ളിയാഴ്ച്ച സി.എം.ഐ ജനറലേറ്റിലെ പാസ്റ്ററൽ മിനിസട്രി ആന്റ് ഏവാഞ്ചെലൈസേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിലെ കംപ്യൂട്ടറിൽ അവസാനമായി ബ.ജോർജ് താഞ്ചനച്ചൻ അദ്ദേഹത്തെപ്പറ്റി എഴുതി എന്നെ ഏൽപിച്ചത് ഓഫീസ് സ്റ്റാഫിനെ കൊണ്ട് ടൈപ്പ് ചെയ്യിപ്പിച്ചു.

ഇത് വായിച്ച് കൊടുത്ത് ടൈപ്പ് ചെയ്യിപ്പിക്കുമ്പോൾ എന്റെ മനസ്സിൽ രണ്ട് ചിന്തകൾ വന്നു. ഒന്ന് മെത്രാനായി തിരഞ്ഞെടുക്കപ്പെടുന്നതിന് ബയോഡേറ്റ അധികാരികൾ ആവശ്യപ്പെട്ടതാവാം. രണ്ടാമത്തെത്, ഇതൊരു ചാവരുളാ അദ്ദേഹം എഴുതിതന്ന 4 പേജുള്ള ഒരു ചെറിയ പേപ്പറിൽ നിന്ന് ടൈപ്പിസ്റ്റിന് വായിച്ച് കൊടുക്കുമ്പോൾ ആ ചെറുപ്പക്കാരനും ഇതെന്തിനാ ഇപ്പോൾ ടൈപ്പ് ചെയ്യിക്കുന്നതെന്ന് എന്ന ചോദ്യമായിരുന്നു ഉണ്ടായിരുന്നത്. വേഗം ടൈപ്പ് ചെയ്ത് കിട്ടുന്നതിനു വേണ്ടി അദ്ദേഹം മുറിയിൽ നിന്നിറങ്ങി രണ്ട് പ്രാവശ്യം ഞങ്ങളുടെ അടുക്കൽ വന്നു. 12 മണിക്ക് മുൻപ് അദ്ദേഹത്തിന് കൊടുത്ത ഈ ഡേറ്റകൾ ഉടനടി എവിടേയ്ക്കോ മെയിൽ ചെയ്യുകയും ചെയ്തു.

**ദൈവകരുണയുടെ അനുഭവസാക്ഷ്യം**

ഫാ.ജോർജ് താഞ്ചൻ സി.എം.ഐ

സന്യാസ സമർപ്പണ ജീവിതത്തിൽ 40 വർഷവും പൗരോഹിത്യ ശുശ്രൂഷയുടെ 30 വർഷവും പിന്നിടുമ്പോൾ മനസ്സിൽ ഉയർന്ന് വരുന്ന ഭാവം അവർണ്ണനീയമായ ദാനത്തിന് ദൈവമേ

അങ്ങേക്കു സ്തുതി എന്നാണ്. പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ എല്ലാം നിഗൂഢമായിരുന്ന ദൈവീക പദ്ധതിയുടെ സമയോചിതമായ ആവിഷ്കാരമായിട്ടാണ് അനുഭവപ്പെടുന്നത്. ഒരു സന്യാസ വൈദീകനായി ദൈവീക ശുശ്രൂഷയ്ക്കണയാൻ ദൈവം വിളിക്കുന്നു എന്ന പ്രേരണയാണ് നാട്ടിൽ തന്നെയുള്ള സി.എം.ഐ സെമിനാരിയിൽ ചേരുവാൻ ഇടയാക്കിയത്. അവിടെ നിന്ന് ലഭിച്ച പ്രചോദനമായിരുന്നു പ്രേഷിതപ്രവർത്തനത്തിനായി വടക്കേ ഇന്ത്യയിലേയക്ക് പോകുവാനുള്ള സഭയുടെ ആഹ്വാനം. വൈദിക പരിശീലനത്തിന്റെ ഏറിയ പങ്കും നിർവഹിച്ചത് വടക്കേ ഇന്ത്യയിലെ മിഷൻ സെമിനാരികളിലായിരുന്നു. ഒന്നും മുൻകൂട്ടി പ്ലാൻ ചെയ്യാതെ തന്നെ സമയ സാഹചര്യങ്ങൾക്കനുസരിച്ച് കർത്താവ് കാണിച്ചു തന്ന വഴികളായിട്ടാണ് അനുഭവപ്പെട്ടത്. ഭാവിയെക്കുറിച്ച് ഉൽക്കണ്ഠാകുലനാകാതെ അധികാരികളിലൂടെ വെളിവാക്കപ്പെട്ട ദൈവഹിതം നിർവഹിച്ചു മുന്നേറിയതിന്റെ ചാരിതാർത്ഥ്യമാണ് ഇന്നനുഭവപ്പെടുന്നത്.

വൈദീകനായ ശേഷം ആദ്യനിയോഗം ബീഹാറിലെ ഡാൽട്ടംഗഞ്ച് രൂപതയിലുള്ള ഗോത്രവർഗ്ഗക്കാരുടെ ഒരു ഇടവകയിൽ അജപാലന ശുശ്രൂഷ ചെയ്യാനായിരുന്നു. ആഴമായ വിശ്വാസവും ലളിതമായ ജീവിത ശൈലിയും നിഷ്ക്കളങ്കമനസും ഉള്ള ആ വിശ്വാസി സമൂഹത്തോടൊത്തുള്ള ജീവിതം എന്റെ തന്നെ ആത്മീയാടിസ്ഥാനം ഉറപ്പിക്കാൻ ഏറെ സഹായകമായി. തുടർന്നുള്ള 4 വർഷക്കാലം മദ്ധ്യപ്രദേശിലെ സാഗർ മിഷനിലെ വിവിധ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചു. വളർച്ചയുടെ ആദ്യഘട്ടങ്ങളിലായിരുന്ന ഈ മിഷന്റെ വിവിധങ്ങളായ പ്രവർത്തങ്ങളിൽ ഭാഗഭാക്കാകുവാൻ സാധിച്ചത് അവിചാരിതമായ ഒരു ദൈവനിയോഗമായിട്ടാണ് കാണുന്നത്.

സാഗർ മിഷനിലെ സേവനകാലത്താണ് റോമിൽ പോയി ഉപരിപഠനം നടത്താനുള്ളനിയോഗമുണ്ടായത്. സഭാനിയമവിജ്ഞാനീയ പഠനത്തോടൊപ്പം യൂറോപ്പിലെ വിവിധ ഇടവകകളിൽ അജപാലന ശുശ്രൂഷചെയ്യുവാനുള്ള അവസരവും ലഭിച്ചു. 7 വർഷത്തെ യൂറോപ്യൻ ജീവിതം ആഗോള കത്തോലിക്ക സഭയെക്കുറിച്ചുള്ള പുതിയ അറിവുകളും അനുഭവങ്ങളും നല്കുന്നതായിരുന്നു. തിരിച്ചു നാട്ടിലെത്തി പഴയ മിഷൻ രംഗത്തേയ്ക്ക് പോകാനൊരുങ്ങുമ്പോഴായിരുന്നു ബാംഗ്ളൂരിലെ സി.എം.ഐ. പൊതുസെമിനാരിയായ ധർമ്മാരാം കോളേജിൽ വൈദിക പരിശീലന രംഗത്തേയ്ക്കുള്ള വിളി. ആറു വർഷക്കാലം ഈ ശുശ്രൂഷയിലായിരുന്നു. അതിനു ശേഷം സാഗർ മിഷൻ ഉൾപ്പെടുന്ന സി.എം.ഐ. സഭയുടെ ഭോപ്പാൽ പ്രോവിൻസിലെ പ്രൊവിൻഷ്യലച്ചനായി മൂന്ന് വർഷം സേവനമനുഷഠിച്ചു. 2008 മുതൽ സി.എം.ഐ. സഭയുടെ എറണാകുളം കാക്കനാട്ടുള്ള കേന്ദ്ര ഭവനത്തിൽ അജപാലന - പ്രേഷിത വകുപ്പുകളുടെ സെക്രട്ടറിയായി സേവനം ചെയ്യുന്നു. ഭാരതത്തിലെ 20 സംസ്ഥാനങ്ങളിലും പുറമെയുള്ള 30 രാജ്യങ്ങളിലും പ്രവർത്തന നിരതയായ സി.എം.ഐ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഏകോപനവും മാർഗ്ഗനിർദ്ദേശങ്ങളും നല്കുകയാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനാൽ സ്ഥാപിക്കപ്പെട്ട സി.എം.ഐ. സന്യാസ സമൂഹത്തിലെ അംഗമായി തിരുസഭാശുശ്രൂഷ ചെയ്യുവാൻ ലഭിച്ച ദൈവവിളിയിൽ അഭിമാനവും സന്തോഷവുമുണ്ട്.

ദൈവപരിപാലനയുടെ അദൃശ്യമായ കരസ്പർശമായിരുന്നു ഈ ജീവിത യാത്രയിൽ താങ്ങും തണലുമായിരുന്നത്. അവിടുത്തെ അനന്ത കാരുണ്യത്തിനു മുൻപിൽ നന്ദി നിറഞ്ഞ മനസ്സോടെ നിൽക്കുമ്പോൾ ഈ ശുശ്രൂഷാ പാതയിലേയ്ക്കു കൈ പിടിച്ചു നടത്തിയ എല്ലാവരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. വളരെ

പ്രത്യേകമായി കൊട്ടേക്കാട് സെന്റ് മേരീസ് ഇടവക സമൂഹത്തെയും അതിന്റെ ആത്മീയപാലകരായിരുന്ന വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും, പ്രചോദനവും മാതൃകയും നല്കിയ മറ്റെല്ലാവരെയും സ്നേഹപൂർവ്വം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ ഇടവകയിൽ നിന്നും ഇനിയും ധാരാളം കുഞ്ഞുമക്കൾ സന്യാസവൈദിക ജീവിതാന്തസ്സിലൂടെ സഭാ ശുശ്രൂഷയ്ക്കായി മുന്നോട്ടുവരാൻ നല്ല ദൈവം ഇടയക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

1957 ജൂൺ 6ാം തിയതി തൃശ്ശൂർ കൊട്ടേക്കാട് ഇടവകയിൽ ചാക്കോ മറിയം ദമ്പതികളുടെ അഞ്ചാമത്തെ മകനായി ജനിച്ചു. എ.ഡി. 1000-ത്തിൽ നിർമ്മിച്ചതാണ് പള്ളി. പുരാതന ഇടവകയുടെ പൗരാണികത വിളിച്ചറിയിക്കുന്ന ഈ ഇടവക പ. ക. മറിയത്തിന്റെ നാമത്തിലുള്ളതാണ്. 3 സഹോദരന്മാരും 2 സഹോദരിമാരും ഉള്ള താഞ്ചൻ കുടുംബം നല്ല പ്രാർത്ഥനയുടെയും, ചിട്ടയുള്ള ജീവിതത്തിന്റെയും ഭക്തിയുള്ള പെരുമാറ്റത്തിന്റെയും കലവറയായിരുന്നു. അടിയുറച്ച വിശ്വാസത്തിലും കുട്ടിക്കാലത്തിന്റെ നിഷ്കളങ്കതയിലും, സഹപാഠികൾക്ക് സമുന്നതമായ മാതൃക ലഭിക്കുന്നതിലും ജോർജ് അച്ചൻ ഒന്നാം സ്ഥാനത്തായിരുന്നുവെന്ന് ഇന്ന് ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങൾക്ക് സന്തോഷത്തോടെ പറയാനാകുന്നുണ്ട്. ഈ ശാന്തതയും സൽസ്വഭാവവും വിവേകവും വിശുദ്ധിയും വിജ്ഞാനവും ജോർജച്ചനെ 1973ൽ സി.എം.ഐ.തൃശ്ശൂർ ദേവമാതാ പ്രേവിൻസിൽ ചേരുവാനിടയാക്കി.1978 ജനുവരി 5 ന് ആദ്യവ്രതം ചെയ്യുകയും 1984 ജനുവരി 3 ന് നിത്യവ്രതാ ർപ്പണം അനുഷ്ഠിക്കുകയും ചെയ്തു. 1986മെയ് 6 ന് അഭിഷക്തനായി കർത്താവിന്റെ അൾത്താരയിൽ ബലിയർപ്പിച്ചു. പ്രത്യേകതകൾ ഒന്നുമില്ലാത്ത ഒരു സമർപ്പിതൻ. യുവ പ്രായത്തിന്റെ കവിഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ പുഞ്ചിരി മരണം വരെയും കാത്തു സൂക്ഷിച്ച ലാളിത്യം നിറഞ്ഞ ഒരു

വൈദികൻ. അന്നും പിന്നീടും ആരുടെയും പ്രത്യേകതാങ്ങില്ലാതെ ദൈവകരങ്ങളിൽ പിടിച്ചുകൊണ്ട് പടിപടിയായി മുന്നേറിയ അസാധാരണ വ്യക്തിപ്രഭയുള്ള മനുഷ്യൻ. മനുഷ്യത്വം എന്നും ജോർജച്ചനിൽ നിറഞ്ഞു നിന്നിരുന്നു. വിമർശിക്കാനൊ, ഉപദേശിക്കാനൊ ശ്രമിക്കാത്ത ഒരു സ്വഭാവ പ്രത്യേകത ജോർജച്ചനിൽ കാണാം. നീരസങ്ങളൊ നിരാലംബത്വമോ തോന്നാത്ത ഇടപെടലുകൾ. പരാതികളില്ല, ചോദ്യങ്ങളില്ല, ഉത്തരങ്ങൾ മാത്രമാണുണ്ടായിരുന്നത്. ആവേശം തോന്നാത്ത പ്രേഷിത മനസ്സുമായി അധികമാരുംകടന്നു ചെല്ലാത്ത മിഷനിലേയ്ക്ക് കാലുവയ്ക്കാൻ യുവ വൈദിക മിഷനറിക്ക് ഏളുപ്പമായിരുന്നു. സെക്രട്ടറിയായും രൂപതയുടെ സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പുകാരനായും സേവനം ചെയ്ത് സാഗർ രൂപതയ്ക്ക് എന്നും ഒരു ഓർമ്മയായി നില കൊള്ളും. റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ ലോയിൽ ഡോക്ടറേറ്റ് ബിരുദം സമ്പാദിച്ചു. തിരിച്ചുവന്ന് ധർമ്മാരാം കോളേജിൽ കാനൻ ലോ വിഭാഗത്തിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഭോപ്പാൽ സി.എം.ഐ. പ്രേവിൻസിന്റെ പ്രേവിൻഷ്യാളായി ശുശ്രൂഷ ചെയ്തു. വികാർ ജനറാൾ, ജനറൽ കൗൺസിലർ എന്നീ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് വിജയപ്രദമായി നിർവ്വഹിച്ചു.

സെന്റ് ചാവറപിൽ ഗ്രിംസെന്ററും ജോർജച്ചനും: ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധ പദവി നടത്തിപ്പുകളുടെ പൂർത്തീകരണത്തിനായി ഭാരതമൊട്ടാകയും വിദേശങ്ങളിലും ഭക്തി പ്രചരിപ്പിക്കുവാനും വിവിധ കർമ്മപദ്ധതികൾ ആവീഷ്കരിക്കുവാനും ജോർജച്ചൻ അവിശ്രമം പണി ചെയ്തിട്ടുണ്ട്. പ്രാർതഥനകൾ, പടങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയും, സെന്റർ ഭംഗിയാക്കുന്നതിലും റിപ്പയർ ചെയ്യുന്ന കാര്യത്തിലും പുതിയ പുതിയ കാഴ്ച വസ്തുക്കൾ നിർമ്മിക്കുന്നതിലും അടിസ്ഥാന

സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലും അച്ചൻ താല്പര്യപൂർവ്വം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

**താഞ്ചൻ ഒരുവിജയി** (A WINNER)

വിവിധ സെമിനാരികളിൽ കാനൻ നിയമം പഠിപ്പിക്കുമ്പോൾ സ്ഫുടതയോടു കൂടി കാര്യങ്ങൾ മനസസ്സിലാക്കിക്കെടുക്കുന്ന അദ്ധ്യാപകനാണെന്ന സംസാരം അദ്ദേഹത്തിന്റെ ശിഷ്യരിലുണ്ടായിരുന്നു. ഏതു ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ശരിയായ ഉത്തരം ലഭിക്കാൻ അധിക സമയം വേണ്ട. ചുരുങ്ങിയ വാക്കുകളിൽ ഉത്തരം ലഭിക്കും. നല്ല വിവേകവും വിവേചനവും താഞ്ചനച്ചന്റെ ജീവിതത്തിൽ വ്യക്തമായിരുന്നു. ആവശ്യമുള്ളിടത്ത് ഉള്ളുതുറന്ന് സംസാരിക്കും ആരെക്കുറിച്ചും നെഗറ്റീവ് ആയി ചിന്തിക്കാറില്ല. എന്നാൽ നെഗറ്റീവ് സൈഡ് ശരിക്കും മനസ്സിലാക്കി മൗനമായിരിക്കാൻ താഞ്ചനച്ചന് എളുപ്പമായിരുന്നു.

**വിശുദ്ധ ചാവറ പിതാവിന്റെ തിരുനാളുകൾ**

ജനമധ്യത്തിലേയ് താഞ്ചനച്ചൻ ഇറങ്ങിവന്നിരുന്നത് തിരുനാൾ അവസരങ്ങളിലാണ്. മാന്നാനത്തെയും കൈനകരിയിലേയും തിരുന്നാളുകൾക്ക് നേതൃത്വം കൊടുത്തിരുന്നു. എല്ലാം വിശാലതയോടെ കണ്ട് കൂടെ ചേർന്ന് നടക്കുക അദ്ദേഹത്തിന്റെ നിഷ്കളങ്കത ഒന്നുതന്നെ. ജനുവരി 2, 3 തിയതികളിൽ താഞ്ചനച്ചൻ, മാന്നാനത്തുണ്ട്. നവ വൈദികരെ ജനുവരി 3-ാം തിയതി തിരുന്നാൾ കുർബാനയിൽ പങ്കെടുപ്പിക്കുന്നതിൽ വളരെ അധികം ശ്രദ്ധാലുവായിരുന്നു. ഏറെക്കാലം ജനുവരി 3ാംതിയതി പ്രദിക്ഷണം നടത്തുമ്പോൾ കാർമ്മികനായിരുന്നു. പ്രസുദേന്തി തിരി വിതരണം ചെയ്യുന്ന ചുമതലയും ഏറ്റെടുക്കാറുണ്ടായിരുന്നു. പതിനായിരക്കണക്കിന് ഭക്ത ജനങ്ങളെ താഞ്ചനച്ചൻ തന്നെ ആയിരുന്നു എല്ലാ വർഷവും തിരുശേഷിപ്പ് മുത്തിപ്പിച്ചിരുന്നത്. ആ സമയത്ത്

ദേവാലയത്തിനുള്ളിൽ ജപമാല ചെല്ലുകയും പിൽഗ്രീം സെന്ററിൽ നേർച്ച ഭക്ഷണം വിതരണം ചെയ്യുകയുംചെയ്യും, അവസാനം 3 മണിയോടെ താഞ്ചനച്ചനും ഞാനും ഒരുമിച്ച് വിളമ്പുകാരുടെ കൂടെ നിന്ന് നേർച്ച ഭക്ഷണം കഴിക്കും. ഔദ്യോഗിക തലത്തിൽ ഉന്നതനെങ്കിലും ചെറുപ്പമുള്ള താഞ്ചനച്ചൻ, ചാവറ പിതാവിന്റെ കബറിടത്തിൽ നടത്തിയിട്ടുള്ള എല്ലാ കർമ്മങ്ങളിലും വലിയ ഒരു ശുശ്രൂഷക്കാരനായിരുന്നു.

കെ.സി.ബി.സി. സിനഡിലെ മെത്രാന്മാരെ എല്ലാവരെയും മാന്നാനത്ത് സ്വീകരിക്കാനും, മിഷൻ വർഷം ആചരിക്കാനും, സന്യസ്ത വർഷം വിവിധ പരിപാടികളോടെ ആഘോഷിക്കുവാനും മറ്റ് പലതരം പരിപാടികൾ സംഘടിപ്പിക്കുവാനും താഞ്ചനച്ചൻ ശാന്തനായി നേതൃത്വം എടുത്തിട്ടുണ്ട്.

**ചാവറ പിതാവിന്റെ നാമകരണ നടപടി**

ചാവറപിതാവ് വിശുദ്ധനെന്ന് പേരു വിളിക്കാൻ ഒരു അത്ഭുതകരമായ രോഗ ശാന്തി ആവശ്യമായിരുന്നു. ദൈവാനുഗ്രഹം കൊണ്ടാണ് പാലായിൽ കൊട്ടാരത്തിൽ ജോസിന്റെയും മേരിക്കുട്ടിയുടെയും മകൾ മരിയ റോസ് ജോസിന്റെ കോങ്കണ്ണ് സുഖമായത്. പാലാ അരമനയിൽ വച്ച് രൂപത കോടതി നടത്തി ഇത് മരുന്ന് കൊണ്ടും ചികത്സകൊണ്ടും സുഖമായതല്ലാ ദൈവിക ഇടപെടൽ കൊണ്ട് സംഭവിച്ചതാണെന്ന് തെളിയിച്ച കോടതിയുടെ ഉദ്ഘാടനത്തിന്റെ പ്രാർത്ഥനാ ശുശ്രൂഷയുടെയും മുഖ്യ കാർമ്മികൻ താഞ്ചനച്ചനായിരുന്നു.

**ചാവറ പിതാവിനെ വിശുദ്ധൻ എന്ന് പേര് വിളിച്ചപ്പോൾ**

പടിപടിയായി വത്തിക്കാനിൽ വിശുദ്ധരുടെ നാമകരണ കോടതി ചാവറ പിതാവിനെ വിശുദ്ധ പദവിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുമ്പോൾ താഞ്ചനച്ചൻ പിതാവിനെ സംബന്ധിച്ച സെമിനാറുകളും, പുസ്തകങ്ങളും ഭക്തസാധനങ്ങളും സി.എം.ഐ

സമ്മേളനങ്ങളും എല്ലാം തയ്യാറാക്കുകയും വിശുദ്ധനാണെന്ന് പ്രഖ്യാപനത്തിന്റെ ചടങ്ങിന് വത്തിക്കാനിൽ ശ്രദ്ധേയമായി പങ്കുവഹിച്ചുകൊണ്ട് കഠിനാധ്വാനം ചെയ്യുകയും ചെയ്തു.

**ചാവറഹിൽസിലെ താഞ്ചനച്ചൻ**

ദിവസത്തിന്റെ നല്ല ഒരു ഭാഗവും മുറിയിലിരുന്ന് ഔദ്യോഗിക കാര്യങ്ങളിൽ ഏർപ്പെട്ടിരുന്ന താഞ്ചനച്ചനെയാണ് നാം ഇവിടെ കണ്ടെത്തുക. സഭാപരമായും പാസ്ട്രൽ ഡിപ്പാർട്ടുമെന്റ് സംബന്ധമായും ഉള്ള നിരവധികാര്യങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോഴായിരിക്കും സഭാംഗങ്ങളിൽ ചിലർ പല വിധ സംശയങ്ങളുമായി വരിക. എത്ര അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും വന്നവരുടെ ആവശ്യങ്ങൾ ചെയ്തു കൊടുത്തതിനുശേഷമേ അവരെ യാത്രയാക്കുകയുള്ളു.

ഏതു പ്രശ്നവും ആയി വരുന്നവരെ വളരെ സ്നേഹത്തോടെ സ്വീകരിച്ച് കൃത്യമായ ഉത്തരങ്ങൾ നല്കുന്നതിൽ താഞ്ചനച്ചൻ അതിവിദഗ്ദ്ധനാണ്. വിവിധ സന്യാസ സഭകൾക്കും ഉന്നത അധികാരികൾക്കും താഞ്ചനച്ചൻ ഒരു മാർഗ്ഗദർശിയാണ്.

താഞ്ചനച്ചൻ മരിക്കുന്നതിന് മൂന്നാഴ്ച്ചകൾക്ക് മുൻപ് രസകരമായി സംസാരിക്കുന്ന പ്രത്യേകത ഭക്ഷണശാലയിലും ഉല്ലാസമുറിയിലും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിലെ രസകരമായ യുവത്വം എല്ലാവരെയും സന്തോഷിപ്പിച്ചു കൊണ്ട്, ആ ദിവസങ്ങളിലെ സമൂഹം ഒരു ആഹ്ളാദ സമൂഹമായിരുന്നു. എല്ലാ അംഗങ്ങൾക്കും ഒരു പോലെ ഉന്മേഷം പകരാൻ താഞ്ചനച്ചൻ പങ്കിടുന്ന ഒരു മനസ്സിനെ കാണാൻ കഴിഞ്ഞു. ആ ദിവസങ്ങളിൽ ചിരിച്ചുല്ലസിച്ച് ഭക്ഷണം കഴിക്കാത്ത ദിനങ്ങളില്ലാരുന്നു.

**ചാവറഹിൽസിലെ പാദം പതിഞ്ഞ വഴികൾ**

2008 മുതൽ എല്ലാ ദിവസവും തിരക്കുള്ള പ്രവർത്തനങ്ങൾക്കു ശേഷം കുറെ സമയം വൈകുന്നേരം

ചാവറഹിൽസിലെ വഴികളിലൂടെ നടക്കുന്ന പതിവ് താഞ്ചനച്ചനുണ്ടായിരുന്നു. തനിയെ ഒരു ചന്തത്തിലാണ് നടക്കുന്നത്. 2015 ജൂൺ മാസം മുതൽ ഞാനും താഞ്ചനച്ചനും കൂടിയാണ് നടന്നിരുന്നത്. ഗൗരവമായ വിഷയങ്ങൾ സംസാരിക്കുമ്പോഴും ദീർഘമല്ല എന്നാൽ ആഴം ഉണ്ട്.

സഭാ സംബന്ധമായ കാര്യങ്ങൾക്കായി ധാരാളം സ്ഥലങ്ങളിൽ യാത്ര ചെയ്ത് തിരിച്ചെത്തിയ ശേഷം വീണ്ടും ഊർജസ്വലമായ കർമ്മപദ്ധതികളിൽ താഞ്ചനച്ചൻ ഏർപ്പെട്ടിരുന്നു. വിശുദ്ധ ചാവറപിതാവിനെക്കുറിച്ച് ഭക്തി പ്രചരിപ്പിക്കുവാൻ ഏറെ സാധനങ്ങളും പുസ്തകങ്ങളും ഏവർക്കും ലഭിക്കത്തക്കവിധം ക്രമീകരിച്ചിരുന്നു. ആഗോളതലത്തിൽ വിശുദ്ധ ചാവറ പിതാവ് അിറയപ്പെടുവാനും വണങ്ങപ്പെടുവാനും ആഗ്രഹിച്ച ഒരു വ്യക്തിയായിരുന്നു താഞ്ചനച്ചൻ. അദ്ദേഹം ജൂലൈ 4ാം തിയതി പെട്ടന്ന് നമ്മോട് വിട പറഞ്ഞത് ദുഃഖത്തിലൂടെ ഒരു ഓർമ്മയായി അവശേഷിക്കുന്നു. അദ്ദേഹം നൽകിയ സ്നേഹത്തിനും നന്മയ്ക്കും നന്ദിയോടെ നമുക്ക് പ്രത്യുത്തരമരുളാം അദ്ദേഹത്തിന്റെ സ്വഭാവ മാതൃക സ്വീകരിക്കാൻ നമ്മുടെ സമൂഹം ഒരുങ്ങട്ടെയെന്ന് ആശംസിക്കുന്നു.

**Fr. James Madathikandam CMI**
Director,
St. Chavara Central Secretariate
Chavara Hills, Kakkanad.

## Dharmaram News

### June 2016

1. **Dharmaram Retreat**

   The new academic year 2016-17 began in Dharmaram College prayerfully with the Annual retreat (May 22-28) preached by Rev. Dr. Jose Mariadass OIC, former Superior General of the Congregation. The insights and reflections during the retreat helped the community to enter into the academic year with a new momentum and motivation.

2. **Inauguration of Academic Year 2016 -17**

   Academic Year 2016–17 commenced at DVK, on Wednesday, 01 June with concelebrated Solemn Divine Liturgy in the Dharmaram chapel. Rev. Dr. Thomas Aykara, Rector preached the homily. The Inaugural session at JBC auditorium, DVK, was presided over by Rev. Fr. Paulachan Kochappilly, the President. Rev. Fr. Benny Nalkara, Registrar welcomed the gathering and Rev. Fr. Rector took the floor to felicitate the gathering.

## 3. Elections: General Beadles and LCA Secretaries

Elections to the positions of the General Beadles and LCA secretaries were conducted on 10 June. "Meet the Candidate" programme was very creative. Bro. Bijo Manjalil was elected as General Beadle, Bro. Lijo Thekkanath as Assistant General Beadle, Bro. Augustine Mlavarayil as LCA Secretary and Bro. Tephin Kunnappillil as LCA Joint Secretary.

## 4. Feast of the Sacred Heart

The Feast of Sacred Heart of Jesus was solemnly celebrated on 19 June. The Concelebrated Solemn Divine Liturgy was presided over by Rev. Fr. Rector and Fr. Thomas Kallukalam gave the homily. The presence of members of neighbouring Religious Communities and around thousand parishners during the Divine Liturgy and the Eucharistic procession graced the occasion. Bp. Antony Kariyil officiated the concluding benediction at JBC auditorium, DVK.

## 5. Chavara Lectures

The fourth annual Chavara Lectures was organized under the auspices of Centre for the Study and Research on Chavara on Wednesday15 June. Rev. Fr. Joseph Xavier SJ, Gregorian University, Rome, was the resource person. The theme was Life of St. Chavara as Mercy in Practice.

**6. New Comers' day**

Dharmaram welcomed the New Comers formally on 28 June. Newly joined brothers and fathers introduced themselves to the community. The programme was coordinated by *II* year Philosophy students.

**July 2016**

**1. Blessing of New Block : Christ University**

New block for the faculty of Automobile engineering at the Kengeri Campus of Christ University, was blessed and inaugurated on 16 July, 2016. Rev. Dr. Thomas Aykara, Rector and Chancellor, officiated the blessing ceremony.

**2. Conference: Journal of Dharma**

DVK, in association with Journal of Dharma and Globethics.net, organized a two day conference on 'Feminine Genius: Women Leadership for a Just and Compassionate

Society' on 29 and 30 July, 2016. Rev. Dr. Paul Achandy, Prior General and Vice-chancellor, DVK, inaugurated the conference. There were different sessions and many eminent personalities attended the conference.

3. **Hearty congratulations to Rev. Dr. Saju Chackalackal**

**Rev. Dr. Saju Chackalackal**, Dean of the faculty of Philosophy, Dharmaram Vidya Kshetram was appointed the General Councilor for Evangelization and Pastoral Ministry on 24 July. This new appointment is certainly an irreparable loss for DVK and for the entire Dharmaram; but this is certainly for the good of the Congregation.

**August 2016**

1. **New Dean for the Faculty of Philosophy**

**Rev. Dr. Jose Nandhikkara** was elected and appointed the Dean of the faculty of Philosophy. Best wishes and sincere prayers.

2. **Bishop Jonas Thaliath CMI Endowment Lectures**

Bishop Jonas Thaliath, CMI Endowment Lectures 2016-17 was organized by Faculty of Theology on 3 and 4 August. Dr. Mrs. Lisa Sowle Cahill, Boston College, USA delivered six lectures on A Theology and Praxis of Women's Empowerment

## 3. Blessing of New Living Quarters for Dharmaram Domestic Staff

The newly built living quarters for the Dharmaram domestic staff was blessed by Rev. Fr. Prior General on 06 August, 2016. All the members of the General Council, many Fathers and Brothers of Dharmaram were present.

## 4. Fr. Canisius CMI Endowment Lectures

Fr. Canisius CMI endowment lectures was inaugurated by Fr. Prior General on 06 August 2016. Fr. Paulachan Kochappilly, the president, DVK, presided over the function. Dr. Anto Karokaran CMI was the resource person. The theme was Mission: An Alternative Model. Rev. Dr. Thomas Aykara, Rector, shared the memories on Fr. Canisius, during his concluding message. The programme was organized by *Vinayasadhana*, DVK under the leadership of Rev. Dr. Francis Thonnippara, the director.

## 5. Canonical Visitation: 18 July to 08 August

Fr, General's Canonical visitation revitalized the whole Dharmaram community. The report of the 'Study Committee for Restructuring Dharmaram for Effective Formation' was discussed in the joint-meeting of the members of General Council and the Dharmaram Local Council, held on 06

August. The discussions went well and gave the members more clarifications. During his concluding conference on 08 August Fr. General told that we must give space for God to work in our life. On 09 August Fr. General left for Wardha for Canonical Visitation there.

**6. Year of Mercy**

This August 15 was a very special day to Dharmaram as we had our lunch together with the guests from ASVAS, where we serve free meal to around 400 people every day. People who are the marginalized, especially daily labourers and poor patients from nearby hospitals, had a delicious meal with us at Dharmaram dining hall as part of our Year of Mercy. Last year too we shared our lunch with them during Chavara Year Celebrations.

# Carmel Vidya Bhavan Pune

**Jubilee Inauguration**

The golden Jubilee year of the religious commitment of Fr. Rector was inaugurated in our community and Carmel parish on 8th May 2016. The joy and happiness of Jubilee celebration would continue for one year and would reach its culmination as awe celebrate it officially on 8th September. Jubilee greetings to Fr. Rector…

**Holidays**

Brothers in Carmel Vidya Bhavan had gone to their respective provinces for their vacation. The then second years had spent one month here to watch and ward the houses on an alternate basis. Fr. Rector had visited the houses of the then first years accompanied by their batch mates. It was a great experience for all the families and for all of us.

**Perpetual Profession**

Eight of our brothers namely, Joffin Kollara, Cijo Chennadu, Paulson Kochukaniyamparampil, Jobin Tholanickal, Vikas Kunnathuparayil, Navin Challissery, Jithin Kuroor and Bibin Thymoottil were committed themselves before the Lord perpetually. This was done in their respective provinces. They spent one month in prayer and meditation in C S R Pariyaram followed by a retreat led by Fr. Jomon Kochukaniyamparampil. Prayerful wishes and hearty congratulations to all of them….

**Arrival of New Comers**

Four brothers, namely James Vezhambuthottathil, Abin Changamcheril, Shijin Pulimoottil and Majo Chakkumpeedika had

arrived here for their theological studies. Hearty welcome to all of them…

**Renewal Programme**

A renewal programme was arranged in C V B led by the Vicar general of our congregation Fr. Varghese Vithayathil and Fr. George Thanchan, the then councilor for pastoral apostolate, to reinstate the spirit of CMIness in the inmates of C V B. The four thrusts of our congregation and the recommendations of the plenary assembly were the major discussion theme. We worked out an action plan based on these and we are implementing them.

**Beginning of Classes**

The Classes in J D V began on 6th June 2016 with a concelebrated Holy Mass in Papel Seminary Chapel led by Bishop Thomas Dabre of Pune Diocese. All campus superiors were present in that occasion. The official lectures began on 7th June.

**Sent off to Deacons**

The deacons of C V B, Rejeesh Puthiyaparambil, Sijo Thayyalackal, Jithin Njaliyan, Clint Karkkamthottiyil, Renish Puthussery and Lebin Vennattuparambil were given sent off as they were moving to Kerala for their deacon ministry in different parishes which is for the first time in the history of Carmel Vidya Bhavan. They successfully completed their comprehensive viva voce exam. Dn. Jithin Parasseril of Bhavnagar province left C V B in March itself for his 4th year theological studies in Baroda.

**New Comers' day**

The four first year theological students were given a warm welcome to C V B . On that day, during Holy Mass Fr. Rector cordially

welcomed them to C V B and in the evening a bible service was arranged followed by a welcome gathering. The gathering was a fun oriented one. The celebration reached its peak with the agape followed.

**Feast of Fr. Rector**

The heavenly Patron's day of Fr. Rector was celebrated on June 13. On the occasion a most solemn Holy Mass was concelebrated. A grant agape enhanced the happiness of the celebration.

**Sad Demise**

Beloved Father of Bro. Sinto Kavil slept in the Lord on June 13. Prayers and Heartfelt Condolences to Bro. Sinto and bereaved family…

**Feast of Our Lady of Mount Carmel**

The community day of C V B was celebrated on 16th July 2016. We have our monthly recollection as a preparation for the feast of our Lady of Mount Carmel. On 15th July, the campus houses were invited for a special high tea. On 16th there was most solemn Holy Mass and renewal of vows. For the renewal of vows, all the C M I fathers in P G and NVSE were present. The celebration was followed by an agape at lunch.

**Birthday Celebration of Fr. Sony**

We celebrated the birthday of Fr. Sony on 8th August. Bro. Anu Vellappally gave the homily in the Holy Mass. We cut the cake and wished him in at breakfast. There was a small gathering in the night followed by a delicious dinner.

**Christ College News**

Christ College is becoming one of the most prestigious institutions in Pune under the powerful leadership of Fr. Sony. He is really working hard to bring the institution to the lime light in the education scenario of Pune. The construction work is in progress and a new five storey building will be erected within a short span of time.

**Parish News**

· The new office bearers of the Parish were elected and took charge for the year 2016-2017. New ward councilors were also elected.

· A bulletin named "Carmel Voice" under the leadership of Carmel communications led by brothers, Jithin Kuroor, Cijo Chennadu and Abin Changamcharil is published from the Parish. The last bulletin was based on the theme "mother."

· The house blessings in the Parish were over. Fr. Rector, brothers and councilors took initiatives and efforts to complete it within the stipulated time.

· Our Sunday school classes maintain their academic and religious purposes. This year we initiated English Holy Mass for the Catechism students on Sundays.

· We celebrated faith formation day in our Parish. It was mainly organized and meant for the catechism students. On 23rd July, we had a cultural evening organized by Carmel Sunday school. The teachers and P T A were the driving hands behind this. On 24th July, the members of S V D congregation nearby, led classes and seminar based on bible and our religious faith formation

## Education Department News

# ദേശീയ വിദ്യാഭ്യാസ കരടുരേഖ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ:

**റവ.ഡോ.സേവ്യർ അരുൾ രാജ്**




കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ കരടുരേഖ ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ കവർന്നെടുക്കുന്നതാണെന്ന് മദ്രാസ് ഹൈക്കോടതി സീനിയർ അഡ്വ. റവ.ഡോ.സേവ്യർ അരുൾരാജ് അഭിപ്രായപ്പെട്ടു. കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്ററിൽ നടന്ന സി.എം.ഐ. വിദ്യാഭ്യാസ മാധ്യമ വിഭാഗം സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസ കരടുരേഖയെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വിദ്യാഭ്യാസ അവകാശം ഇല്ലാതാക്കി പകരം ഗുരുകുല സംവിധാനം ഏർപ്പെടുത്തുവാനും അതുവഴി ഉന്നത കുലജാതർക്കു മാത്രം ഉന്നത

വിദ്യാഭ്യാസം ലഭ്യമാക്കുകയും മറ്റുള്ളവർക്ക് അംഗൻവാടി വിദ്യാഭ്യാസവുമായിരിക്കും പരിണത ഫലം. യോഗ നിർബന്ധമാക്കുന്നുവെന്നത് പ്രശ്നമല്ല, മറിച്ച് യോഗ പഠിച്ചില്ലെങ്കിൽ അധ്യാപകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വരെ നിഷേധിക്കുന്ന അവസ്ഥയാണ് കരടുരേഖയിലുള്ളതെന്നും തുടർന്നു പറഞ്ഞു. സി.എം.ഐ. വിദ്യാഭ്യാസ മാധ്യമ വിഭാഗം ജനറൽ കൗൺസിലർ റവ.ഫാ.സെബാസ്റ്റ്യൻ തെക്കേടത്ത് അധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.റോബി കണ്ണൻചിറ സി.എം.ഐ, സെന്റ് ആൽബർട്ട്സ് പ്രിൻസിപ്പാൾ ഡോ.എം.എൽ ജോസഫ്, സിമാംസ് പ്രിൻസിപ്പാൾ പ്രൊഫ.എ.എക്സ് എഡ്വിൻ, കെ.ബി.എ. തൊടുപുഴ പ്രൊവിൻഷ്യൽ കൗൺസിലർ സി.മെർലി തെങ്ങുംപള്ളി എന്നിവർ പ്രസംഗിച്ചു. രാജഗിരി എൻജിനീയറിംഗ് കോളേജിൽ നിന്ന് റവ.ഡോ.വർഗ്ഗീസ് പന്തലൂക്കാരൻ, തേവര എസ്.എച്ച് കോളേജിൽ നിന്ന് റവ.ഡോ. ജോസഫ് കുസുമാലയം സി.എം.ഐ തുടങ്ങി കേരളത്തിലെ വിവിധ കോളേജിൽ നിന്നുള്ള അധ്യാപക പ്രതിനിധികൾ പങ്കെടുത്തു.

## Chavara Cultural Centre, Kochi News

### ഇടനിലക്കാരെ ഒഴിവാക്കി  നേരിട്ട് വിതരണം ചെയ്യുകയെന്ന വെല്ലുവിളി ഏറ്റെടുക്കും : മന്ത്രി  പി. തിലോത്തമൻ




ഉത്പാദനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിച്ച് ഗുണമേന്മയുള്ള ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയെന്നതാണ് ലക്ഷ്യമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി  പി. തിലോത്തമൻ പറഞ്ഞു. ഇടനിലക്കാരെ ഒഴിവാക്കി ഉത്പന്നങ്ങൾ നേരിട്ട് ജനങ്ങളിലെത്തിക്കുക വഴി വിലക്കയറ്റം പിടിച്ചുനിർത്തുമെന്നും ഇതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ചാവറ കൾച്ചറൽ സെന്ററിൽ നടന്ന **കേരളത്തിലെ പൊതുവിതരണ സമ്പ്രദായം സാധ്യതകളും വെല്ലുവിളികളും വിഷയത്തിൽ സെമിനാർ** ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആഷ തോമസ് ഐ. എ. എസ്. മുഖ്യ പ്രഭാഷണം നടത്തി. ഉത്സവക്കാലങ്ങളിൽ വിലക്കയറ്റം പിടിച്ചു നിർത്തുവാൻ സാധിക്കുന്നുണ്ടെങ്കിലും സ്ഥിരമായി വിലനിന്ത്രിക്കണമെങ്കിൽ നിലവിലുള്ളതിന്റെ പലമടക്ക് ശേഷി വർദ്ധിപ്പിക്കേണ്ടിവരും, മൊത്ത വിതരണ ഏജൻസിയായി പ്രവർത്തിച്ചാൽ മാത്രമേ കമ്പോളത്തിൽ നൽക്കു

വാൻ സാധിക്കൂ . പുതിയ സർക്കാറിന്റെ നയമനുസരിച്ച് നിലവിലുള്ള വിലയിൽ കാര്യമായ മാറ്റം വരുത്താതെ മുന്നോട്ട് കൊണ്ടുപോകണമെന്നതാണ്, അതിനാൽ ഇപ്പോൾ തന്നെ സപ്ലൈകോ മാസം 30കോടി രൂപാ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ഡോ. ആഷ തോമസ് ചൂണ്ടിക്കാട്ടി. അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. ലീഗൽ മെട്രോളജി സെൻട്രൽ സോൺ ഡപ്യൂട്ടി കൺട്രോളർ റാം മോഹൻ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം.ഐ., ടി. വി. ലൂക്കോസ്, അഡ്വ. എം. എൽ. ജോർജ്ജ് ,അഡ്വ. ഡി. ബി. ബിനു, കെ. ഇല്ല്യാസ് എന്നിവർ പ്രസംഗിച്ചു.

ചാവറ കൾച്ചറൽ സെന്ററിൽ നടന്ന **കേരളത്തിലെ പൊതുവിതരണ സമ്പ്രദായം സാധ്യതകളും വെല്ലുവിളികളും വിഷയത്തിൽ സെമിനാർ** മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. എം. എൽ. ജോർജ്ജ്, റാം മോഹൻ, ഡോ. ആഷ തോമസ്, അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ,ഫാ. റോബി കണ്ണൻചിറ സി.എം.ഐ., ടി. വി. ലൂക്കോസ് എന്നിവർ സമീപം.

### ആദ്യ അപേക്ഷയിൽ തന്നെ കൃത്യമായ മറുപടി നൽകാൻ ഉദ്യോഗസ്ഥർക്ക് കഴിയണം : വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷൻ



ഒന്നാത്തെ മറുപടിയിൽതന്നെ കൃത്യമായ വിവരം നൽകുവാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്ന് മുഖ്യവിവരാവകാശ കമ്മീഷണർ വിൻസൻ എം. പോൾ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററും, കേരള ആർ.ടി.ഐ. ഫെഡറേഷനും സംയുക്തമായി സംഘടിപ്പിച്ച വിവരാവകാശനിയമത്തിന്റെ ഒരു പതിറ്റാണ്ട് നേട്ടങ്ങളും വെല്ലുവിളികളും എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2011 മുതലുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്, കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചില്ല, പ്രായോഗിക ബുദ്ധിമുട്ടുകൾ ഒക്കെ പറഞ്ഞതുകൊണ്ട് ഒരു വ്യക്തിയുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് ന്യായീകരണമില്ല. ഒന്നാമത്തെ അപേക്ഷയിൽ കിട്ടുന്ന മറുപടിയിൽ പലരും തൃപ്തരല്ല. അതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ ശിക്ഷിക്കുവാൻ ആർ.ടി.ഐ. നിയമത്തിൽ വകുപ്പില്ല. അതിന് മാറ്റം വരുത്തിയാൽ തന്നെ കൃത്യമായ മറുപടി നൽകുവാൻ ഉദ്യോഗസ്ഥർ തയ്യാറാവും. എങ്ങനെ മറുപടി നൽകാതിരിക്കാൻ സാധിക്കും എന്നാണ് ഒരു ഉദ്യോഗസ്ഥൻ ചിന്തിക്കുന്നത്. രേഖകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ പല ഡിപ്പാർട്ട്മെന്റുകളിലുമില്ല. ഓരോ ഓഫീസിലും രേഖകൾ ലഭ്യമാക്കണം. കമ്പ്യൂട്ടർ വാങ്ങിച്ചു കൂട്ടുകയെന്നല്ലാതെ രേഖകൾ കമ്പ്യൂട്ടറിലാക്കുന്ന നടപടി ഉണ്ടാകുന്നില്ലയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മുഖ്യവിവരാവകാശ കമ്മീഷണരുടെ മുന്നിലുള്ള അപേക്ഷകൾ തീർക്കാനാണ് ആദ്യം ശ്രമിക്കുന്നതെന്നും, മറ്റ്കമ്മീഷൻ അംഗങ്ങൾ കൂടി വന്നാൽ ഒരു വർഷം കൊണ്ട് എല്ലാ അപേക്ഷകളും തീർപ്പാക്കണമെന്നതാണ് ലക്ഷ്യമെന്ന് ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞു.

ബാങ്ക് നാഷണലൈസേഷനു ശേഷം വന്ന ഏറ്റവും വലിയ നിയമമാണ് വിവരാവകാശനിയമം. പൂഴ്ത്തിവെച്ചിരിക്കുന്ന പല കാര്യങ്ങളും മാധ്യമങ്ങളിലൂടെ വെളിച്ചത്തുകൊണ്ടുവരാൻ സാധിച്ചുവെന്നത് ഈ നിയമത്തിന്റെ പ്രാധാന്യമാണെന്ന് അഡ്വ. വി.ഡി. സതീശൻ എം. എൽ. എ. അഭിപ്രായപ്പെട്ടു.

അറിയുവാനുള്ള അവകാശമാണ് മാധ്യമങ്ങൾ നിറവേറ്റുന്നതെന്നും അത് ഏറ്റവും മൂല്യവത്തായ ഒന്നാണെന്നും അതിനെ അംഗീകരിക്കാൻ തയ്യാറാവണമെന്ന് ഡോ. സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. അഡ്വ.ഡി.ബി. ബിനു, മോഡറേറ്ററായിരുന്നു. ഫാ. റോബി കണ്ണൻചിറ സി. എം .ഐ., മീഡിയ അക്കാദമി ചെയർമാൻ സെർജി ആന്റണി, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി സി. നാരായണൻ, അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ, ടി.ജി. മോഹൻദാസ്, സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പാൾ റവ. ഡോ. സിസ്റ്റർ മേരി ജോസഫ്, കെ. എൻ. കെ. നമ്പൂതിരി, കെ. എ. ഇല്ല്യാസ് എന്നിവർ പ്രസംഗിച്ചു.

## പുഞ്ചിരി നിറഞ്ഞ മുഖവും മാന്യമായ പെരുമാറ്റവും ടൂറിസം രംഗത്ത് അനിവാര്യം: പാട്രിക് സേവ്യർ

പുഞ്ചിരി നിറഞ്ഞ മുഖവും മാന്യമായ പെരുമാറ്റവും എയർ ലൈൻ/ ടൂറിസം ജോലി രംഗത്ത് അനിവാര്യമാണെന്ന് എയർ ഇന്ത്യ കൊച്ചി സ്റ്റേഷൻ മാനേജർ പാട്രിക് സേവ്യർ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിൽ ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിന്റെ ക്യാബിൻ ക്രൂ, എയർപോർട്ട് മാനേജ്മെന്റ് സർട്ടിഫൈഡ് കോഴ്സിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് 100 പുതിയ എയർപോർട്ടുകളാണ് ഉടൻ ആരംഭിക്കുവാൻ പോകുന്നത്. അതിനാൽ പരിശീലനം സിദ്ധിച്ചവർക്ക് മികച്ച അവസരമാണ് ഈ രംഗത്ത് ഉണ്ടാവുന്നത്. കൃത്യമായ അറിവോടെ പ്രവർത്തിച്ചു കൊണ്ട് നല്ല നിലയിൽ ഉയർന്നുവരുവാൻ എയർലൈൻ, ടൂറിസം രംഗത്ത് ഒത്തിരി സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. സി.എം.ഐ. സഭാ സാമ്പത്തിക വിഭാഗം ജനറൽ കൗൺസിലർ ഫാ.ആന്റണി എളംതോട്ടം അധ്യക്ഷത വഹിച്ചു. എയർ ഇന്ത്യ സെയിൽസ് മാനേജർ ഷീല കുറുപ്പ്, എയർ ഇന്ത്യ മാർക്കറ്റിംഗ് മാനേജർ ബീന ജോൺ, ഫാ. റോബി കണ്ണൻചിറ സി.

എം.ഐ., പ്രൊഫ.എ.എക്സ്.എഡ്വിൻ, ജിജോ പാലത്തിങ്കൽ, വിജയൻ മേനോൻ, ജയറാം.സി, ഡെമ്റിസ് എന്നിവർ പ്രസംഗിച്ചു.

## ആദ്യ അപേക്ഷയിൽ തന്നെ കൃത്യമായ മറുപടി നൽകാൻ ഉദ്യോഗസ്ഥർക്ക് കഴിയണം : മുഖ്യവിവരാവകാശ കമ്മീഷണർ

ഒന്നാത്തെ മറുപടിയിൽതന്നെ കൃത്യമായ വിവരം നൽകുവാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്ന് മുഖ്യവിവരാവകാശ കമ്മീഷണർ വിൻസൻ എം. പോൾ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററും, കേരള ആർ.ടി.ഐ. ഫെഡറേഷനും സംയുക്തമായി സംഘടിപ്പിച്ച വിവരാവകാശനിയമത്തിന്റെ ഒരു പതിറ്റാണ്ട് നേട്ടങ്ങളും വെല്ലുവിളികളും എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2011 മുതലുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്, കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചില്ല, പ്രായോഗിക ബുദ്ധിമുട്ടുകൾ ഒക്കെ പറഞ്ഞതുകൊണ്ട് ഒരു വ്യക്തിയുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് ന്യായീകരണമില്ല. ഒന്നാമത്തെ അപേക്ഷയിൽ കിട്ടുന്ന മറുപടിയിൽ പലരും തൃപ്തരല്ല. അതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ ശിക്ഷിക്കുവാൻ ആർ.ടി.ഐ. നിയമത്തിൽ വകുപ്പില്ല. അതിന് മാറ്റം വരുത്തിയാൽ തന്നെ കൃത്യമായ മറുപടി നൽകുവാൻ ഉദ്യോഗസ്ഥർ തയ്യാറാവും. എങ്ങനെ മറുപടി നൽകാതിരിക്കാൻ സാധിക്കും എന്നാണ് ഒരു ഉദ്യോഗസ്ഥൻ ചിന്തിക്കുന്നത്. രേഖകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ പല ഡിപ്പാർട്ട്മെന്റുകളിലുമില്ല. ഓരോ ഓഫീസിലും രേഖകൾ ലഭ്യമാക്കണം. കമ്പ്യൂട്ടർ വാങ്ങിച്ചു കൂട്ടുകയെന്നല്ലാതെ രേഖകൾ കമ്പ്യൂട്ടറിലാക്കുന്ന നടപടി ഉണ്ടാകുന്നില്ലയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മുഖ്യവിവരാവകാശ കമ്മീഷണരുടെ മുന്നിലുള്ള അപേക്ഷകൾ തീർക്കാനാണ് ആദ്യം ശ്രമിക്കുന്നതെന്നും, മറ്റ്കമ്മീഷൻ അംഗങ്ങൾ കൂടി വന്നാൽ ഒരു വർഷം കൊണ്ട് എല്ലാ അപേക്ഷകളും തീർപ്പാക്കണമെന്നതാണ് ലക്ഷ്യമെന്ന് ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞു.

ബാങ്ക് നാഷണലൈസേഷനു ശേഷം വന്ന ഏറ്റവും വലിയ നിയമമാണ് വിവരാവകാശനിയമം. പൂഴ്ത്തിവെച്ചിരിക്കുന്ന പല കാര്യങ്ങളും മാധ്യമങ്ങളിലൂടെ വെളിച്ചത്തുകൊണ്ടുവരാൻ സാധിച്ചുവെന്നത് ഈ നിയമത്തിന്റെ പ്രാധാന്യമാണെന്ന് അഡ്വ. വി.ഡി. സതീശൻ എം. എൽ. എ. അഭിപ്രായപ്പെട്ടു.

അറിയുവാനുള്ള അവകാശമാണ് മാധ്യമങ്ങൾ നിറവേറ്റുന്നതെന്നും അത് ഏറ്റവും മൂല്യവത്തായ ഒന്നാണെന്നും അതിനെ അംഗീകരിക്കാൻ തയ്യാറാവണമെന്ന് ഡോ. സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. അഡ്വ.ഡി.ബി. ബിനു, മോഡറേറ്ററായിരുന്നു. ഫാ. റോബി കണ്ണൻചിറ സി. എം .ഐ., മീഡിയ അക്കാദമി ചെയർമാൻ സെർജി ആന്റണി, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി സി. നാരായണൻ, അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ, ടി.ജി. മോഹൻദാസ്, സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പാൾ റവ. ഡോ. സിസ്റ്റർ മേരി ജോസഫ്, കെ. എൻ. കെ. നമ്പൂതിരി, കെ. എ. ഇല്ല്യാസ് എന്നിവർ പ്രസംഗിച്ചു.

## പരിസ്ഥിതി ദിനം ആചരിച്ചു

അന്തരീക്ഷത്തിന് മരം നൽകുന്ന ശുദ്ധി മനുഷ്യനെ ശുദ്ധീകരിക്കുന്നുമെന്ന് ഫാ. റോബി കണ്ണൻചിറ സി.എം.ഐ. അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽസെന്ററിൽ ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷതൈനട്ടുക്കൊണ്ട് സംസാരിക്കുകയായിരുന്നു ഫാ. റോബി കണ്ണൻചിറ സി.എം.ഐ. . മണ്ണിന്റെയും ജലത്തിന്റെയും സ്പർശം നമ്മളെ ശുദ്ധീകരിക്കുമെന്നും പരിസ്ഥിതി ദിനത്തിൽ മാത്രമല്ല എന്നും വൃക്ഷങ്ങളെ പരിപാലിക്കുവാനും നട്ടുവളർത്തുവാനും സാധിക്കണമെന്നും പറഞ്ഞു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിന്റെ പുതിയ കെട്ടിടം പരിസ്ഥിതി സൗഹൃദമായി സൂക്ഷിക്കുന്നതിനും പരിസരങ്ങളിലും കെട്ടിടത്തിന്റെ മുകളിലും പച്ചക്കറികൃഷി ആരംഭിച്ചു. പ്രൊഫ.എ.എക്സ്. എഡ്വിൻ, ജോർജ്ജ് വർഗ്ഗീസ്, ജിജോ പാലത്തിങ്കൽ, വിജയൻ മേനോൻ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

## വിദ്യാർത്ഥികൾ കലയിലൂടെ കൂടുതൽ മനോധൈര്യം നേടണം: ബേണി

മറ്റുള്ളവരുടെ മുന്നിൽ ധൈര്യമായി നിൽക്കുവാൻ സാധിക്കണം. അതിന് വിദ്യാർത്ഥികൾ കലാ ഉപാസനയിലൂടെ കൂടുതൽ മനോധൈര്യം നേടണമെന്ന് പ്രശസ്ത സംഗീതജ്ഞൻ P.J.ബേണി

അഭിപ്രായപ്പെട്ടു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിന്റെ കൾച്ചറൽ ഡേ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ സംസ്കാരം നമ്മളിൽ നിന്നും അകന്നു പോകുന്നു. വിദേശികൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്ന ചിലത് മാത്രം അനാവശ്യമായി അനുകരിക്കുവാൻ ശ്രമിക്കുന്നത് തെറ്റാണ്, നല്ലത് സ്വീകരിക്കു കയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നും അദ്ദേഹം അഭിപ്രായ പ്പെട്ടു. ജിജോ പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ പ്രൊഫ. എ.എക്സ്.എഡ്വിൻ, വിജയൻ മേനോൻ, ജോർജ് വർഗ്ഗീസ്, ബി.ബി.വിനോദ്, വന്ദന തമ്പി എന്നിവർ പ്രസംഗിച്ചു.

## ചാവറ കൾച്ചറൽ സെന്ററിൽ രാമായണ മാസാചരണവും മതസൗഹാർദ്ദസംഗമവും



ചാവറ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ രാമായണമാസാചരണത്തോടനുബന്ധിച്ച് രാമായണപാരായണവും മതസൗഹാർദ്ദസംഗമവും പി.എസ്.സി. ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു . സി.എം.ഐ സഭാ വിദ്യാഭ്യാസ മാധ്യമ വിഭാഗം ജനറൽ കൗൺസിലർ റവ. ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് അധ്യക്ഷത വഹിച്ചു. കലാമണ്ഡലം പ്രഭാകരൻ രാമായണപാരായണം നടത്തി.. തദവസരത്തിൽ **80ന്റെ നിറവിൽ നിൽക്കുന്ന കെ.എൽ. മോഹനവർമ്മയെ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് സി.എം.ഐ. പൊന്നാട അണിയിച്ച് ആദരിച്ചു.എ.കെ. പുതുശ്ശേരി കെ.എൽ.,** ഡോ. (സിസ്റ്റർ) വിനീത (ഡയറക്ടർ, സെന്റ് തെരേസാസ് കോളേജ്), സിസ്റ്റർ അനീഷ (സുപ്പീരിയർ, എസ്.ഡി. കോൺവെന്റ്, ഉദയാകോളനി), ആർ.കെ. ദാമോദരൻ, ടി.പി.എം. ഇബ്രാഹിം ഖാൻ, പി.രാമചന്ദ്രൻ (സെക്രട്ടറി, എറണാകുളം കരയോഗം), കെ.എച്ച്. ഷഫീക്ക്, മുകേഷ് ജയിൻ, ശോഭ കെ.എസ്. (ബഹായി-ഓക്സിലറി മെമ്പർ), ബണ്ടി സിംഗ്, എസ്സ്. കൃഷ്ണമൂർത്തി, സി.ജി. രാജഗോപാൽ തുടങ്ങി മത, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുത്തു. തുടർന്ന് തൃപ്പൂണിത്തുറ രഞ്ജിത്ത് രാമായണ കഥയെ ആസ്പദമാക്കി അവതരിപ്പിക്കുന്ന കേരളനടനവും നടന്നു.

## നമ്മുടെ ഉള്ളിന്റെ നന്മയാണ് അപരന് സ്വാതന്ത്ര്യമാവേണ്ടത്: കെ.എൽ.മോഹനവർമ്മ

നമ്മുടെ ഉള്ളിന്റെ നന്മയാണ് മറ്റുള്ളവർക്ക് സ്വാതന്ത്ര്യത്തിന്റെ വെളിച്ചമാകേണ്ടതെന്ന് കെ.എൽ.മോഹനവർമ്മ അഭിപ്രായപ്പെട്ടു. ചാവറ കൽച്ചറൽ സെന്ററിൽ ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാ.റോബി കണ്ണൻചിറ സി.എം.ഐ.അധ്യക്ഷത വഹിച്ചു. എല്ലാവർക്കും എപ്പോഴും അഭയകേന്ദ്രമായിരുന്നു ഭാരതം. മനസ്സിലെ അടിമത്വങ്ങൾ, അഴുക്കുകൾ മാറ്റി കൂടുതൽ സ്വാതന്ത്ര്യത്തോടെ മുന്നോട്ട് പോകണം. അന്യോന്യമുള്ള അടുപ്പം നിലനിർത്തുവാൻ കഴിയുമ്പോൾ

സ്വാതന്ത്ര്യത്തിന് അതിർവരമ്പുകളില്ലാതാവും എന്ന് അദ്ദേഹം പറ ഞ്ഞു. തുടർന്ന് സ്കൂൾ വിദ്യാർത്ഥികൾക്കായി ദേശീയഗാന, ദേശ ഭക്തിഗാന മത്സരങ്ങൾ സംഘടിപ്പിച്ചു. ജോൺസൺ മങ്ങഴ, പി.എ. ഫെലിക്സ്, ഗാഗുൽ ജോസഫ്, ജോളി പവേലിൽ, ഷാനൽ ലോപ്പ സ് എന്നിവർ പ്രസംഗിച്ചു.

## പ്രമേയങ്ങളുടെ വൈവിധ്യം മുഖമുദ്രയാക്കിയ സംവിധായകനാണ് കെ. ജി. ജോർജ്ജ് : കെ. ബി. വേണു

പ്രമേയങ്ങളുടെ വൈവിധ്യവും അവയുടെ നൂതനമായ അവതരണ ശേഷിയുംകൊണ്ട് മലയാള സിനിമയിൽ സ്വന്തമായ ഇടം കണ്ടെ ത്തിയ മികച്ച സംവിധായകനാണ് കെ.ജി. ജോർജ്ജ് എന്ന് ചലച്ചി ത്രകാരനും മാധ്യമപ്രവർത്തകനുമായ കെ.ബി. വേണു അഭിപ്രാ യപ്പെട്ടു. ചാവറ മൂവി സർക്കിളിന്റെ നേതൃത്വത്തിൽ നടത്തിയ കെ. ജി. ജോർജ്ജ് നാല് പതിറ്റാണ്ട് പിന്നിടുന്ന ചലച്ചിത്രസാന്നിധ്യം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഒത്തുത്തീർപ്പിന് വഴങ്ങാതെ തന്റേതായ രീതിയിൽ മാത്രം സിനിമയെ വിഭാവനം ചെയ്ത വ്യക്തി കൂടിയാണ് കെ. ജി. ജോർജ്ജ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കെ. ജി. ജോർജ്ജിന്റെ മറ്റൊരാൾ എന്ന സിനിമയുടെ പ്രദർശനവും ഉണ്ടായിരുന്നു. ചട ങ്ങിൽ ജോളി പവേലിൽ, അരുൺ ആർ., രാജീവ്, ഷാനൽ ലോപ്പസ് എന്നിവർ പ്രസംഗിച്ചു.

## ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി

കൊച്ചി കോർപ്പറേഷൻ, ചാവറ കൾച്ചറൽ സെന്റർ, കാരിക്കാ മുറി റസിഡൻസ് അസോസിയേഷൻ എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കോർപ്പറേഷൻ ടാക്സ് അപ്പീൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.വി.പി. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. മഴക്കാലരോഗ ങ്ങളെ ചെറുക്കുവാനുള്ള പ്രതിരോധനത്തിനുവേണ്ടിയുള്ള ഹോമിയോ മെഡിക്കൽക്യാമ്പ് നടത്തുന്നതെന്ന് അദ്ദേഹം പറ

ഞ്ഞു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.റോബി കണ്ണൻചിറ സി.എം.ഐ., ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. മൊയ്തീൻ, കാരിക്കാമുറി റസിഡൻസ് അസോസിയേഷൻ സെക്രട്ടറി സി.ഡി. അനിൽകുമാർ, ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരായ എന്നിവർ പ്രസംഗിച്ചു

## അഴിമതിയും കോടതി നടപടിക്രമവും വഴി നീതിനിഷേധിക്കപ്പെടരുത്: എ.കെ.നരായണൻ കുട്ടി

അഴിമതിമൂലവും കോടതി നടപടിക്രമം മൂലവും പാർശ്വവത്കരിക്കപ്പെട്ട ജനതയ്ക്ക് നീതിനിഷേധിക്കപ്പെടരുതെന്ന് എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ എ.കെ. നാരായണൻ കുട്ടി അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച **നീതിദിനം – ജസ്റ്റിസ് ഫോർ വിക്റ്റിംസ്** ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതിയും നിയമവും രണ്ടായിക്കാണണം, നീതി നടപ്പാക്കേണ്ടത് സർക്കാരുദ്യോഗസ്ഥർ മാത്രമല്ല അതിന് പൊതുസമൂഹത്തിന്റെ കൂടി ജാഗ്രത വേണെമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചന്ദ്രബോസ്, ജിഷ, റിസ്റ്റി തുടങ്ങിയ വധക്കേസുകളിൽ മദ്യമയക്കുമരുന്ന് ഉപയോഗിച്ചിരുന്നുവെന്നത്, സമൂഹത്തിൽ മദ്യമയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന് ഉണർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാട്ടുന്നുവെന്ന് അദ്ദേഹം പറഞ്ഞു അഡ്വക്കേറ്റ് എം. ആർ രാജേന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. വെള്ളം നിറച്ച് വീർപ്പിച്ചിരിക്കുന്ന ഒരു ബലൂൺ കണക്കാണ് പ്രോസിക്യൂഷൻ കുറ്റപത്രം തയ്യാറാക്കിവയ്ക്കുന്നത്. ഒരു മൊട്ടുസൂചി മതി അത് പൊട്ടിക്കാൻ. തെളിവില്ലാത്തതിനാൽ നിസാരമായി പ്രതികൾ രക്ഷപ്പെടുന്നു. മാധ്യമങ്ങളിൽ വരുമ്പോൾ മാത്രമാണ് എന്തെങ്കിലും ചെയ്യണമെന്നു തോന്നുന്നതും ഇരകൾക്ക് നീതി ലഭിക്കുന്നതും, അത്തരം അനുഭവങ്ങളാണ് ഇന്ന് നാട്ടിൽ നടക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഫാ. റോബി കണ്ണൻചിറ സി.എം.ഐ., ആർ.ടി.ഐ. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.ഡി.ബി. ബിനു, എറണാകുളം വില്ലേജ് ആഫീസർ ശ്രീ. ജോസഫ് ആന്റണി ഹെർട്ടിസ്,

എറണാകുളം വൈ.ഡബ്ല്യു.സി.എ. പ്രസിഡന്റ് ശ്രീമതി മായ ചെറിയാൻ, പ്രൊഫ. എ.എക്സ്. എഡ്വിൻ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

## കാഴ്ച പരിമിതർക്ക് പിൻതുണയുമായി ടെലി സെയിൽസ് കേന്ദ്രം ചാവറയിൽ ആരംഭിച്ചു




സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് വിഷലി ചലഞ്ച്ഡും (എസ്. ആർ. വി. സി.), ചാവറ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷലി ചലഞ്ചഡും (സി. ഐ. ഐ. വി. സി) സംയുക്തമായി എൻവിഷൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വോഡഫോണിന്റെ സഹകരണത്തോടെ ടെലി കോൾ സെന്ററിന് തുടക്കം കുറിച്ചു കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി കേരളത്തിൽ ആരംഭിക്കുന്ന ആദ്യത്തെ ടെലി സെയിൽസ് സെന്റർ ആണിത്. സമൂഹത്തിൽ വളരെയധികം നല്ല കാര്യങ്ങൽ ചെയ്യുവാൻ ഈ സംരംഭം തുടക്കം കുറിക്കട്ടെയെന്നും പ്ലസ്ടുവിൽ അറുനൂറിൽ അറുനൂർ മാർക്ക് നേടിയ കാർത്തികയെപോലുള്ള കാഴ്ച വൈകല്യത്തെ അതിജീവിച്ചവർ സമൂഹത്തിന് ഉൾക്കാഴ്ച നൽകുന്ന തിളങ്ങുന്ന നക്ഷത്രങ്ങളാണെന്നും മുഖ്യാതിഥി ജില്ലാ കളക്ടർ മുഹമ്മദ് വൈ സഫറുള്ള അഭിപ്രായപ്പെട്ടു.

ടെലി സെയിൽസ് സെന്ററിന്റെ ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര താരം ഫഹദ് ഫാസിൽ നിർവഹിച്ചു. യഥാർത്ഥ ലോകത്തെ കാണുവാൻ നിങ്ങളുടെ കണ്ണുകൾ അടക്കണമെന്നും 33 വർഷം താൻ നേടിയതിനേക്കാൾ എത്രയോ വലുതാണ് കാഴ്ചയില്ലാത്ത കാർത്തികയുടെ നേട്ടമെന്നും ഫഹദ് അഭിപ്രായപ്പെട്ടു. സി. എം. ഐ. സഭാ മുൻ പ്രിയോർ ജനറാൾ റവ. ഫാ. ജോസ് പന്തപ്ലംതൊട്ടിയിൽ അധ്യക്ഷത വഹിച്ചു. കാഴ്ച വെല്ലുവിളി നേരിടുന്ന 22 യുവതീ യുവാക്കളുമായിട്ടാണ് തുടക്കം കുറിച്ചിരിക്കുന്നത്. വരും മാസങ്ങളിലും വർഷങ്ങളിലും ഇതു കൂടുതൽ വിപുലമാക്കാനാവുമെന്ന് കാഴ്ച പരിമിതർക്ക് അർത്ഥവത്തായ ജീവിത മാർഗം കണ്ടെത്താനും തൊഴിലവസരങ്ങൾ കണ്ടെത്താനും സമൂഹത്തിന് ഉണർവ്വു നൽകാനും ഇതു സഹായിക്കുമെന്നഎസ്. ആർ. വി. സി. ഡയറക്ടർ എം.സി.റോയി, സെക്രട്ടറി സുനിൽ ജെ. മാത്യു, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണഞ്ചിറ എന്നിവർ പറഞ്ഞു. കാഴ്ച വൈകല്യമുള്ളവർക്കായി കമ്പ്യൂട്ടർ പരിശീലനവും ഇംഗ്ലീഷ് ഭാഷാ നൈപുണ്യവും നൽകുന്ന കോഴ്സ് സൗജന്യമായി നൽകുമെന്നും അവർ പറഞ്ഞു. വിഗാർഡ് ഗ്രൂപ്പ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, വോഡഫോൺ കേരളാ ബിസിനസ് മേധാവി അഭിജിത്ത് കിഷോർ, അഫ്സൽ യൂസഫ്, ഡോ. അൻസാർ സി. എ., ഗിരീഷ് കീർത്തി, മുജീബ് റഹ്മാൻ, അൽത്താഫ് ഹുസൈൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ഇതോടനനുബന്ധിച്ച് കാഴ്ച വൈകല്യമുള്ളവരുടെ ഹാർട്ട് റ്റു ഹാർട്ട് സംഗീതപരിപാടി ഉണ്ടായിരുന്നു. ആലുവ ബ്ലൈഡ് സ്ക്കൂളിലെ 22 വിദ്യാർത്ഥികൾക്ക് സമാർട്ട് കെയിൻ വിതരണവും നടത്തി.

From Dept. of Research and Documentation


## Golden Records - 35

### ചാവറ പിതാവ് കന്യാസ്ത്രികൾക്ക് എഴുതിയ ഒരു കത്ത്

*1870 മെയ് 25-ന് ചാവറ പിതാവ് കന്യാസ്ത്രികൾക്ക് എഴുതിയ ഒരു കത്താണ് ഇത്. ശ്രേഷ്ഠത്തിയമ്മയുടെ പേരിലാണ് ഇതെഴുതിയിരിക്കുന്നത്. കാനോന നമസ്ക്കാരം ചൊല്ലുന്നതിനുള്ള ക്രമത്തിന്റെ വിശദീകരണം ചോദിച്ചതിന് മറുപടിയായാണ് എഴുതുന്നത്. ഒരു യാത്ര പോയി മടങ്ങി വന്നപ്പോഴുണ്ടായ ക്ഷീണത്തെക്കുറിച്ചും തലവേദനയെക്കുറിച്ചും അറിയാതെ ഉറങ്ങിപോക്കുന്നതിനേക്കുറിച്ചുമെല്ലാം ഇതിൽ സൂചിപ്പിക്കുന്നുണ്ട്. മഠം അത്ര അടുത്തായിട്ടും അവിടം വരെ നടന്നു ചെല്ലാൻ പറ്റാത്തതാൽ അദ്ദേഹം ദുഃഖിക്കുന്നു. മഠത്തിൽ ചെയ്യിക്കേണ്ട ജോലിക്കളെക്കുറിച്ചും അതാ എങ്ങനെ ചെയ്യിക്കണമെന്നും വ്യക്തമായ നിർദ്ദേശങ്ങൾ ഈ കുറിപ്പിലൂടെ അദ്ദേഹം അവർക്ക് കൊടുക്കുന്നുണ്ട്. ചെയ്യുന്ന എന്തു പ്രവർത്തിയും ആത്മിയതയോടെ നോക്കിക്കാണുവാൻ അദ്ദേഹം അവരെ പഠിപ്പിക്കുന്നുണ്ട്. സന്യാസ ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ എങ്ങിനെ അഭ്യസിക്കണമെന്ന് നൽക്കുന്ന നിർദ്ദേശങ്ങൾ അദ്ദേഹത്തിന്റെ എല്ലാ കുറിപ്പടികളിലും വ്യക്തമായി കാണാൻ കഴിയും. ദൈവാത്മാവിനാൽ നിറഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം എന്ന് അദ്ദേഹത്തിന്റെ ഒരോ കത്തുകളും തെളിയിക്കുന്നുണ്ട്.*

*കയ്യെഴുത്തിന്റെ ആദ്യ ഭാഗം മാത്രമാണ് താഴെ ചേർത്തിരിക്കുന്നത്.*

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**



# പകർപ്പ്

മിശിഹായ്ക്കു സ്തുതി മെയ് 25, 1870

ഈശോ മറിയം യൗസേപ്പ്

ഇന്നലെ കാനോന നമസ്ക്കാരത്തിന്റെ ക്രമം ചോദിച്ചിരുന്നത് നിങ്ങൾക്ക് മനസ്സിലാകാൻ തക്കവിധം ഒരു വിധത്തിൽ എഴുതിയിട്ടുണ്ട്. അവിടെവരെ ഒന്നുവരണമെന്നാഗ്രഹിച്ചു. എന്നാൽ ഇന്നലെ ഇവിടെ വന്നപ്പോഴേക്കും വല്ലാത്ത ക്ഷീണവും തലവേദനയുമായിരുന്നു. അറിയാതെ ഉറങ്ങിപ്പോകുന്നു. അതിനാൽ വലിയ ക്ഷീണത്തോടെയാണ് ഈ കുറിപ്പ് എഴുതുന്നത്.

കൽപ്പണിക്കാരോട് താൽപര്യമായി പറഞ്ഞ് വെള്ളിയാഴ്ചയും കൂടി വന്ന് ഈ പണികളൊക്കെയും തീർത്തു തരണമെന്ന് പ്രൊക്കുദോരിനെക്കൊണ്ട് പറയിപ്പിക്കുക. പത്തായത്തിനു ചുറ്റും തറ കെട്ടി അവിടെ നിന്നു തൂണു കൊടുക്കുക. വലുതും ചെറുതുമായ പത്തായത്തിനു താഴെ ചിതലു പിടിക്കാതിരിക്കാൻ തക്കവണ്ണം കൽച്ചുവടുകെട്ടി അതിന്മേൽ പത്തായം വെയ്ക്കണം. നിലം തിണ്ണ തല്ലണം. വല്ല നെല്ലോ വിത്തോ അവിടെയിട്ട് അളക്കാൻ തക്കവിധം തല്ലിമെഴുകണം.

വേലിക്കകത്തും പുറത്തുമുള്ള തൈത്തെങ്ങുകളുടെ ചുവട്ടിൽ കിളപ്പിച്ച് ചിപ്പിവേരു കളഞ്ഞ് തടം എടുത്ത് കരിയിലെ കട്ടയിടണം, തൈത്തെങ്ങുകളിൽ വേലന്മാരെ കയറ്റി കുറ്റിമടലും പൊതുമ്പും കോഞ്ഞാട്ടയുമെല്ലാം പറിപ്പിച്ച് തെങ്ങിന്റെ തല തെളിക്കണം. ഇങ്ങനെ ചുവടും തലയും തെളിയുമ്പോൾ മാത്രമേ കായുണ്ടാകൂ. ഇതുവഴി തെങ്ങിനും ഉപകാരം, വിറകിനും ലാഭം. ഈ വേലകളെല്ലാം നടത്തുവാൻ പ്രൊക്കുദോരിനോട് പറയണം. കൂലി കൊടുക്കാൻ പണമില്ലല്ലോ എന്ന് അയാൾ കരുതേണ്ട. നാം വേലയെടുപ്പിക്കുക. പണം തമ്പുരാൻ

തരും. ഇതു നമ്മുടെ വകയല്ല. പിന്നെയോ ഈശോമിശിഹാ യുടെ പത്രമേനിയത്രെ. നാം വേല ചെയ്താൽ മതി.

ഇത്, ശ്രേഷ്ഠത്തിയമ്മയ്ക്ക്, പ്രിയോർ

ആഹാ കു. ഏലിയാ

പ്രിയോർ (ഒപ്പ്)

ഓരോരുത്തരെയും ഏൽപ്പിച്ചിരിക്കുന്ന ജോലി അവരവർ നോക്കണം. അന്വേഷണങ്ങൾ ശ്രേഷ്ഠന്മാർക്ക്. ജോലി ചെയ്യി പ്പിക്കൽ പ്രൊക്കുദോരിന്റെ കടമ. സമൂഹാംഗങ്ങൾ അനുസര ണം, എളിമ, ഉപവി എന്നിവ അഭ്യസിക്കാൻ ഉത്സാഹിക്കുക. അൽപനേരം പോലും ആരും വെറുതെ കളയരുത്. ഇതിന്റെ വില എത്ര അധികമാണെന്നോർക്കുക.

*കർമ്മെലയിലെ സൗഗന്ധികങ്ങൾ*



**Rev. Fr. George Thanchan CMI (1957-2016)**

**Born : 06.06.1957**
**First Profession: 05.06.1978**
**Ordination : 06.05.1986**
**Death: 04.07.2016**

"For whether we live, we live unto the Lord; and whether we die, we die unto the Lord; whether we live therefore, or die, we are the Lord's."
(Rom. 14:8)

Rev. Fr. George Thanchan (59) was called for eternal reward on July 4, 2016 at 6:45 am at SUT Hospital,Trivandrum in Kerala.

He hails from St Mary's parish Kottekkad and was born on June 6, 1957 of Chackoand Mary as the fifth child. He has 3 brothers and 2 sisters. In 1973 he joined the CMI congregation in Deva Matha Province and took his First Vows on January 5, 1978 and on January 3, 1984 he committed himself perpetually in the congregation. He was ordained priest on May 6, 1986 after his philosophical and theological training in Dharmaram Pontifical Institute and Poona and his first posting was to Mandideep mission when Bishop Clemens Thottungal assigned him as Priest-in-Charge. He served as Secretary to Bishop Pastor Neelamkavil from 1987 to 1991 and then the Procurator of the Diocese of Sagar from 1988 to 1991. Thereafter he pursued his higher studies in Rome in Canon Law and completed his doctorate at the Pontifical Oriental Institute. He had been serving full time as Professor of Canon Law at Dharmaram Pontifical Institute

from 2001 where he served also as Master of students (2001-2005). In 2005 he was elected Provincial of St Paul's Province, Bhopal. As Provincial he was an example for conciliation and growth, in matters relating to the diocese and for the life of the Province. After completion of his term (2005-2008) as Provincial, he was elected Vicar General of CMI Congregation (2008-2016) holding the Department of Evangelization and Pastoral Ministry. In the subsequent ministry also he has been holding the portfolio of Evangelization and Pastoral Ministry till he entrusted his soul to the mercy of God. Fr. George had been a powerful presence in the contemporary life of the CMI Congregation which has a long history as the first indigenous religious congregation. Unassuming and unimposing, he was well liked in the congregation and the society at large. Behind a reticent and withdrawing, jovial and pleasant face he wore all the time, he has been a diligent and ardent religious of powerful convictions who could prudently guide the community to accomplish so much in so short a time. As a professor, he was well respected and beyond questioning and was most clear when he answered the queries of students. He was a friend, model religious and philosopher for many who encountered him in the journey of life. Even amidst his administrative responsibilities he continued his teaching at various CMI seminaries and other centres of religious and priestly formation. The clarity of thought, practical sense and mastery he had in ecclesiastical law was so amazing that his opinion was sought as the last word by many religious congregations, especially for various legal matters and general chapters, and for tribunals handling ecclesiastical legal issues all over India. His consistent contributions to the General Chapters of the CMI congregation and the General Councils will remain as a sterling contribution and lasting effect. One of the thrusts of the last two General Chapters of the CMI Congregation has been the Global Mission and Fr. George was the tremendous force in

forming a policy for bringing the CMIs to take the Gospel to the ends of the world; he was supposed to have completed his visit to the recently started Brazil mission at the time of his demise but for some delay in obtaining a visa to that country. He coordinated many of the programmes of the canonization of St Kuriakose Elias Chavara held in Rome before and after canonization along with the fathers in Rome.

Fr. Thanchan was on a mission to Trivandrum, although it turned out to be his last helping mission of his earthly life, where he died. On July 3rd evening he visited his friend priests of the MCBS congregation at Kalagram in Trivandrum, an institution run by MCBS fathers. After supper he developed breathing trouble at night and was taken to SUT Hospital. Immediately Rev. Fr. Bino Pattarukalam CMI of Trivandrum Province rushed to the hospital and took care of him. He was in the ICU for medical care. Due to cardiac arrest, at 6.45 a.m. on 4th July, 2016, he breathed his last to join the heavenly CMIs. His Eminence Cardinal Baselios Cleemis, Major Archbishop of Syro Malankara Church, prayed for Fr. Thanchan in SUT Hospital. On the way to Kakkanad, the body was taken to Chavara Pilgrim Centre, Mannanam and prayers were held over there presided over by Mar Joseph Perumthottam, Archbishop of Changanassery. A memorial mass was celebrated in the chapel at Chavara Hills, presided by Bishop Emeritus of Chanda, Msgr. Vijayanand Nedumpuram CMI and a number of priests, nuns and the faithful. Mar George Cardinal Alenchery, Major Archbishop of Syro Malabar Church, prayed for Rev. Fr. George and shared his happy memories with him and his contribution to Syro Malabar Church. Then the deceased was shifted to Rajagiri Hospital mortuary. On July 7, 2016, the deceased was taken to the chapel at CMI Prior General's House. Rev. Fr. Paul Achandy, Prior General led the first and second part of the funeral ceremony at Chavara Hills. Mar Antony Kariyil, Bishop

of Mandya Diocese presided over the mass and gave the message. Then the body was taken to Jerusalem Retreat Centre Thrissur, for the final ceremony. Mar Raphael Thattil presided over the holy mass along with other bishops, major superiors and priests. Fr. Anto Amarnad Chittilappilly gave a very touching eulogy during the service. Mar Andrews Thazhath officiated the crowning ceremony. The burial was held in Sagar Bhavan presided over by Mar Jacob Thoomkuzhy and other bishops. Rev. Fr. Kurian Kachappilly, Provincial of St Paul's Province, Bhopal, most of the CMI Provincials, and a large number of CMI members from all over the country also took part in the funeral services. The eloquent presence he has been in the life of the church was quite evident in the glorious funeral that was accorded to him in the presence of about 17 bishops including Major Archbishops of Syro Malabar and Malankara churches, about 400 priests, the religious and their superior generals and provincials, and a large crowd of the faithful who participated in the obsequies. Let us offer this noble soul to the mercy of God and pray that perpetual light shine upon his face and the Almighty grant him eternal life. Please observe the suffrages for the deceased of our congregation (D 58, 59 & 60) at the earliest for the repose of the noble soul of Rev. Fr. George Thanchan at your house. Each member is obliged to say a mass for the General Councillor when he dies in office.

01.08.2016 **Fr. Paul Achandy CMI**
Kakkanad Prior General



## ഫാ. ആന്റണി സ്പിരിഡിയോൻ പള്ളിപ്പാടൻ സി. എം. ഐ.
അമ്പഴക്കാട് ആശ്രമം

ജനനം: 06.02.1937
ആദ്യവ്രതം: 16.05.1957
തിരുപ്പട്ടം: 17.05.1964
മരണം : 25.04.2016

അമ്പഴക്കാട് (കോട്ടയ്ക്കൽ) വി. അമ്മത്രേസ്യായുടെ ആശ്രമാംഗമായ ബഹു. ആന്റണി സ്പിരിഡിയോൻ അച്ചൻ 2016 ഏപ്രിൽ 25-ാം തീയതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 79-ാം വയസ്സിൽ ഈ ലോകത്തോട് വിട പറഞ്ഞു, സ്വർഗ്ഗപിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി. അമല ആസ്പത്രിയിൽ വച്ചായിരുന്നു അന്ത്യം. ആസ്പത്രിയുടെ സമീപത്തുള്ള നമ്മുടെ 'സാന്ത്വന'ത്തിൽ രണ്ടു വർഷമായി അദ്ദേഹം ചികിത്സയിലായിരുന്നു. ആന്റണി സ്പിരിഡിയോൻ അച്ചൻ ഇരിങ്ങാലക്കുട രൂപതയിൽ വെണ്ണൂർ ഇടവകയിൽ പള്ളിപ്പാടൻ കുടുംബാംഗമാണ്. ദേവസ്സി, ഏല്യ മാതാപിതാക്കൾ. 9 മക്കളുള്ള വലിയ കുടുംബത്തിൽ അദ്ദേഹം 8-ാം മത്തെ മകനാണ്. ബഹു. ജോസ് ചുങ്കൻ സി. എം. ഐ. അദ്ദേഹത്തിന്റെ അടുത്ത ബന്ധുവാണ്.

അദ്ദേഹത്തിന്റെ സന്യാസപരിശീലനം വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ ആരംഭിച്ച്, കറുകുറ്റിയിൽ നവസന്യാസം പൂർത്തിയാക്കി, അമ്പഴക്കാട് ജൂനിയറേറ്റ് പഠനം നടത്തി. വൈദികപഠനം ബാംഗ്ലൂർ ധർമ്മാരാം പഠനഗൃഹത്തിലായിരുന്നു. പരിശീലനത്തിൽ അദ്ദേഹത്തിന്റെ ഗുരുക്കൻമാർ ഫാ. ഡീസ്മസ്സ്, ഫാ. ക്രിസോസ്റ്റോം, ഫാ. ജൂസ്തൂസ്, ഫാ. മൻസുവേസ്തൂസ് എന്നിവരായിരുന്നു. പരിശീലനം പൂർത്തിയാക്കി 1964-ൽ വൈദികനായി പുറത്തുവന്ന

ബഹു. ആന്റണിയച്ചന്റെ ജീവിതം ശോഭനമായിരുന്നു. എല്ലാവരേയും സ്നേഹപൂർവം സ്വീകരിച്ച്, നർമ്മസംഭാഷണം നടത്തി അവരിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള ഒരു പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. പട്ടം സ്വീകരിച്ച വർഷം തന്നെ ആന്റണിയച്ചൻ വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ ഇംഗ്ലീഷ്-ലത്തീൻ ഭാഷാധ്യാപകനായി നിയമിക്കപ്പെട്ടു. യോഗാർത്ഥികളുടെ ഭാഷാധ്യാപകനായി അദ്ദേഹം നന്നായി അദ്ധ്വാനിച്ചു. യോഗാർത്ഥികളുടെ നിഷ്ഠയുള്ള അധ്യാപകനായി രുന്നു അദ്ദേഹം. പിന്നീട് കർണ്ണാടകയിലെ ധാർവാർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. കരസ്ഥമാക്കി എൽത്തുരുത്ത് കോളേജിൽ ഭാഷാധ്യാപകനായി. പ്രവിശ്യയിലെ പുല്ലൂർ, കുന്ദംകുളം, വരന്തരപ്പിള്ളി എന്നീ ആശ്രമങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനായിട്ടുണ്ട്. ബഹു. ആന്റണിയച്ചന്റെ സമർപ്പണ ജീവിതത്തിന്റെ ധന്യത നിറഞ്ഞുനില്ക്കുന്നത് അദ്ദേഹം യോഗാർത്ഥി റെക്ടർ ആയിരുന്ന കാലഘട്ടത്തിലാണ്. വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ 9 വർഷവും, എൽത്തുരുത്ത് 6 വർഷവും അദ്ദേഹം റെക്ടറായിരുന്നു. വീടുകളിൽ നിന്നും യോഗാർത്ഥി ഭവനത്തിൽ എത്തുന്ന കുട്ടികൾക്ക് ആന്റണിയച്ചൻ മാതാവും പിതാവുമായിരുന്നു. സന്യാസജീവിതത്തിലേക്കുള്ള തീക്ഷ്ണമായ ആഗ്രഹം ഉപദേശങ്ങളിലൂടെയും, മാതൃകയിലൂടെയും അദ്ദേഹമവരിൽ ജനിപ്പിച്ചു. പ്രവിശ്യയിൽ അദ്ദേഹത്തിന് വലിയ ശിഷ്യസമ്പത്തുണ്ട്.

പൗരോഹിത്യത്തോടുള്ള അഗാധമായ മതിപ്പും സമർപ്പണവും ആന്റണിയച്ചന്റെ ജീവിതത്തിൽ എന്നും പച്ച പിടിച്ചുനിന്നിരുന്നു. വി. ബലിയും ബലിപീഠവും അദ്ദേഹത്തിന്റെ ശക്തികേന്ദ്രങ്ങളായിരുന്നു. അവിടെ നിന്നാണ് തന്റെ ജീവിതത്തിനാവശ്യമായ ആത്മീയ ഊർജ്ജം അദ്ദേഹം സമ്പാദിച്ചിരുന്നത്. ആന്റണിയച്ചൻ നല്ല ഒരു സംഗീതജ്ഞനായിരുന്നു. പാട്ടുകുർബ്ബാനയും, വചന പ്രഘോഷണവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു.

ദേവാലയഗീതങ്ങൾ പഠിപ്പിക്കുന്നതിൽ അതീവ തത്പരനായിരുന്നു. പൗരോഹിത്യ ശുശ്രൂഷകളിൽ അദ്ദേഹം ഏറ്റവും ശ്രദ്ധാലുവായിരുന്നു. ആശ്രമശ്രേഷ്ഠനായിരുന്നപ്പോഴും യോഗാർത്ഥികളുടെ ഗുരുനാഥനായിരുന്നപ്പോഴും, ഏത് ജോലിയായാലും അജപാലന ആവശ്യങ്ങൾക്ക് അച്ചൻ സമയം കണ്ടെത്തിയിരുന്നു.

തന്റെ സമർപ്പിതജീവിതത്തിന്റെ അവസാന 11 വർഷങ്ങൾ ആന്റണിയച്ചൻ ചിലവഴിച്ചത് അമ്പഴക്കാട്(കോട്ടയ്ക്കൽ) ആശ്രമത്തിലാണ്. ഇവിടെയും അദ്ദേഹം ഊർജ്ജ്വസ്വലനായിരുന്നു. നവസന്യാസികളുടെ കുമ്പസാരക്കാരനായിട്ടും അടുത്തുള്ള കാർമ്മൽ കോൺവെന്റിൽ ചാപ്ലയ്നായിട്ടും ജോലി ചെയ്തു. ദൈവജനത്തിന് എപ്പോഴും അദ്ദേഹം സംലഭ്യനായിരുന്നു. സ്വർഗ്ഗപിതാവിന്റെ ഭവനത്തിലേക്കുള്ള ഒരുക്കത്തിൽ അദ്ദേഹം ഇവിടെ ദിവസങ്ങൾ ചിലവഴിച്ചു. അവസാന രണ്ടു വർഷം ആന്റണിയച്ചൻ ചികിത്സാർത്ഥം അമല ആസ്പത്രിയുടെ സമീപത്തുള്ള 'സാന്ത്വന'ത്തിൽ താമസിച്ചു. അവസാനഘട്ടത്തിൽ ആഴ്ചയിൽ മൂന്ന് പ്രാവശ്യം അദ്ദേഹത്തിന് ഡയാലിസിസ് ചെയ്യേണ്ടിവന്നു. അവിടെയുള്ള എല്ലാവരും അദ്ദേഹത്തെ പരിചരിച്ചിരുന്നു. എല്ലാവരേയും അദ്ദേഹം സ്നേഹിച്ചു.

ബഹു. വെ. ആന്റണിയച്ചന്റെ സംസ്ക്കാരകർമ്മത്തിൽ പങ്കെടുക്കുവാനും, അന്ത്യേമോപചാരം അർപ്പിക്കുവാനും ധാരാളം പേർ അമ്പഴക്കാട് ആശ്രമത്തിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാക്കൻമാർ  പോളി കണ്ണൂക്കാടൻ, മാർ പാസ്റ്റർ നീലങ്കാവിൽ, മാർ ജെയിംസ് പഴയാറ്റിൽ എന്നിവർ സംസ്ക്കാരശുശ്രൂഷയിൽ കാർമ്മികരായിരുന്നു. മാർ ആൻഡ്രൂസ് സാന്ത്വനത്തിൽ വന്ന് അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. സി. എം. ഐ. സഭയുടെ പ്രിയോർ ജനറൽ, അദ്ദേഹത്തിന്റെ ശിഷ്യൻ കൂടിയായ ബ. പോൾ അച്ചാണ്ടിയച്ചൻ അദ്ദേഹത്തെ അനുസ്മരിച്ച് പ്രസംഗിച്ചു. പ്രൊവിൻഷ്യൽ ബ. വാൾട്ടറച്ചൻ,  സി. എം. ഐ. വൈദികർ, ഇടവക വൈദികർ, ബ. സിസ്റ്റേഴ്സ് അദ്ദേഹത്തിന്റെ വീട്ടുകാർ,

ഇടവകസമൂഹം തുടങ്ങി അനേകം പേർ സംസ്കാരശുശ്രൂഷയിൽ പങ്കുകൊണ്ടു. നമ്മുടെ സഭാനിയമപ്രകാരമുള്ള ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുവാൻ ഓർമ്മിച്ചിരുന്നു.

**ഫാ. ഫ്രാൻസീസ് കണിച്ചിക്കാട്ടിൽ സി. എം. ഐ.**
പ്രിയോർ,
വി. അമ്മത്രേസ്യായുടെ ആശ്രമം, അമ്പഴക്കാട്



## റവ. ഫാ. ജോസഫ് മുണ്ടുവേലിമുകളേൽ സി.എം.ഐ.

കാഞ്ഞിരപ്പള്ളി മേരിക്വീൻസ് കാർമ്മൽ ഹൗസ് ആശ്രമാംഗ മായിരുന്ന ഫാ. ജോസഫ് മുണ്ടുവേലിമുകളേൽ തന്റെ 75-ാം വയസ്സിൽ നിത്യസമ്മാനത്തിനായി യാത്ര പുറപ്പെട്ടു. തികച്ചും അപ്രതീക്ഷിതമായിരുന്നു മുണ്ടുവേലിയച്ചന്റെ വേർപാട്. ഓടിനടന്ന് എല്ലാവർക്കും ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന അദ്ദേഹം അതിവേഗം ആരോടും യാത്ര ചോദിക്കാൻ കാത്തുനില്ക്കാതെ നാഥന്റെ വിളി കേട്ട് ജീവിത തിരശ്ശീലയ്ക്കു പിന്നിൽ മറഞ്ഞു. ബി. പി. ചികിത്സയിലായിരുന്ന അദ്ദേഹം പെട്ടന്നുണ്ടായ മസ്തിഷ്കരക്തസ്രാവത്തിന് കീഴ്പ്പെടുകയായിരുന്നു, ഡോക്ടർമാരേയും രോഗീശുശ്രൂഷകരേയും നിസ്സഹായരാക്കി ക്കൊണ്ട്.

അതിരമ്പുഴ ഇടവകയിൽ ജനിച്ച് ശ്രീകണ്ഠമംഗലം ലിസ്യൂ ഇടവകയിൽ വളർന്ന മുണ്ടുവേലിമുകളേലച്ചന്റെ മാതാപിതാക്കൾ ഐസക് - കാതറീൻ ദമ്പതികളായിരുന്നു. 1941-ലായിരുന്നു ജനനം. കുടുംബത്തിലെ ആദ്യസന്താനമായിരുന്ന ജോസഫ് മുണ്ടുവേലിമുകളേൽ തന്റെ സഹോദരങ്ങൾക്കും അവരുടെ കൊച്ചുമക്കൾക്കുമെല്ലാം എന്നും അച്ചായിയായിരുന്നു. ഏഴ് സഹോദരങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1956 - ൽ സി.എം.ഐ. സഭയുടെ മാന്നാനം മൈനർ സെമിനാരിയിൽ ചേർന്നു. മുത്തോലി,

ചെത്തിപ്പുഴ സെമിനാരികളിലെ ഭാഷാപഠനത്തിനും, നവസന്യാസപരിശീലനത്തിനും ശേഷം തത്വശാസ്ത്ര, ദൈവശാസ്ത്രപഠനം ബാഗ്ലൂരിലെ സി.എം.ഐ. മേജർ സെമിനാരിയായ ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പൂർത്തിയാക്കി. സന്യാസിയെന്ന നിലയിൽ 1961 – ൽ നിത്യവ്രതം അനുഷ്ഠിച്ച അദ്ദേഹം 1968 – ൽ വൈദികപട്ടം സ്വീകരിച്ചു.

കോട്ടയം, മുത്തോലി, കാഞ്ഞിരപ്പള്ളി എന്നീ ആശ്രമങ്ങളിലായി ഒതുങ്ങിനിന്നു അദ്ദേഹത്തിന്റെ സേവനരംഗങ്ങൾ. 1970 – ൽ ദീപികയിൽ ശുശ്രൂഷ ജീവിതം ആരംഭിച്ച അദ്ദേഹം മുംബൈയിൽനിന്നും ബ്ലോക്ക് മെയിക്കിംഗിൽ പരിശീലം നേടി. ദീപികയുടെ ബ്ലോക്ക് സ്റ്റുഡിയോയിൽ മാനേജരായി ആരംഭിച്ച ദീപികാസേവന ജീവിതം, പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ തലവൻ തലവനെന്ന നിലയിൽ വരെയെത്തി. വെറും ഒരു മാനേജരായിരുന്നില്ല അദ്ദേഹം. 18 മണിക്കൂറും ജീവനക്കാരോടൊപ്പം ജീവിച്ച് അവരിൽ ഒരാളെപ്പോലെ കഠിനാധ്വാനം ചെയ്ത് എല്ലാവരുടേയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റുകയും ചെയ്ത വ്യക്തിയായിരുന്നു മുണ്ടുവേലിലയച്ചൻ.

കോട്ടയത്തെ ദീർഘകാല സേവനത്തിനു ശേഷം മുത്തോലിയിലേക്ക് സ്ഥലം മാറിയ മുണ്ടുവേലിയച്ചൻ അവിടെയും സുദീർഘമായ 16 വർഷം ബോർഡിംഗ് റെക്ടറെന്ന നിലയിൽ സേവനം അനുഷ്ഠിച്ച് വലിയ ശിഷ്യ സമ്പത്തിന്റെയും ഉടമയായി. ബോർഡിംഗ് കുട്ടികൾക്ക് പ്രിയങ്കരനായ റെക്ടറായിരുന്നു മുണ്ടുവേലിയച്ചൻ. മുത്തോലി സ്കൂളിലെ അദ്ധ്യാപകരുമായും വളരെ നല്ല ബന്ധം പുലർത്തിയിരുന്നു.

ഏല്പിക്കപ്പെട്ട ജോലികളെല്ലാം വളരെ സമർപ്പണബോധത്തോടെ ചെയ്തുതീർക്കുന്ന സ്വഭാവക്കാരനായിരുന്നു മുണ്ടുവേലിലയച്ചൻ. ഏതാണ്ട് 7 വർഷത്തോളം കോട്ടയം സി. എം. ഐ. പ്രൊവിൻഷ്യൽ ഹൗസിന്റെ സുപ്പീരിയറായും സേവനം അനുഷ്ഠിച്ചു. അതിഥി സത്ക്കാരപ്രിയനായിരുന്ന അദ്ദേഹത്തിന്റെ ആ സേവനരംഗത്തെ

പ്രവർത്തനശൈലി പ്രവിശ്യാഭവനത്തിൽ അസമയത്തുപോലും എത്തുന്നവർക്ക് ആശ്വാസവം സന്തോഷദായകവുമായിരുന്നു. നല്ലൊരു സന്യാസിയെന്ന നിലയിൽ പ്രാർത്ഥനാജീവിതത്തിലും, വൈദികനെന്ന നിലയിൽ വൈദികശുശ്രൂഷാരംഗത്തും അദ്ദേഹം തിളങ്ങിനിന്നു.

മുത്തോലി ആശ്രമ സെമിത്തേരിയിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്. മൃതസംസ്കാരവേളയിലും അതിനു മുമ്പുമായി വളരെ വലിയ ജനാവലി മുത്തോലിയിൽ എത്തി അദ്ദേഹത്തോട് ആദരവ് പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തും സുഹൃദ് വലയവും എത്ര വലുതായിരുന്നുവെന്ന് വ്യക്തമാക്കുന്നതായിരുന്നു മരണാനന്തര ശുശ്രൂഷയുടെ അവസരം. മൃതസംസ്കാര ശുശ്രൂഷകളുടെ പ്രധാനഭാഗമായ സമൂഹബലിയ്ക്ക് ബ. പ്രൊവിൻഷ്യൽ ജോർജ്ജ് ഇടയാടിയിലച്ചൻ നേതൃത്വം നല്കി. സഹകാർമ്മികരായി ജനറൽ ഓഡിറ്റർ ബ. ജോണി എടപ്പുളവനച്ചൻ, തിരുവനന്തപുരം പ്രൊവിൻഷ്യൽ ബ. സോജൻ മഠത്തിലച്ചൻ, ദീപികയുടെ ചീഫ് എഡിറ്റർ ബ. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ, മുണ്ടുവേലിയച്ചന്റെ ഇടവകയായ ലിസ്യൂ പള്ളിയുടെ വികാരി ബ. ഫ്രാൻസീസ് കൊടിയനച്ചൻ, കാഞ്ഞിരപ്പള്ളി മേരിക്വീൻസ് കാർമ്മൽ ഹൗസിന്റെ പ്രീഫെക്ട് ആയ ബ. ലൂക്കോസ് പറയരുതോട്ടത്തിലച്ചൻ എന്നിവർ ബലിയർപ്പിച്ചു. മുൻ പ്രൊവിൻഷ്യലും ബാംഗ്ലൂർ ക്രിസ്തുജയന്തി കോളേജിന്റെ പ്രിൻസിപ്പലുമായ ബ. ജോസ്കുട്ടി പടിഞ്ഞാറേപ്പീടിക ബ. മുണ്ടുവേലിമുകളേലച്ചന്റെ ആത്മീയതയേയും, സേവനസന്നദ്ധതയേയും, സമർപ്പണബോധത്തേയും പ്രകീർത്തിച്ച് വചനസന്ദേശം നല്കി. സമാപനകർമ്മങ്ങൾക്ക് പാലാ രൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവ് നേതൃത്വം നല്കി. മാർ മാത്യു അറയ്ക്കൽ പിതാവും, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവും, മാർ വിജയാന്ദ് നെടുംപുറം പിതാവും നേരത്തേയെത്തി മുണ്ടുവേലിലയച്ചനു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

നമ്മുടെ പ്രിയപ്പെട്ട മുണ്ടുവേലിമുകളേലച്ചനെ നമ്മുടെ

പ്രാർത്ഥനകളിൽ എന്നും സ്മരിക്കാം. നമ്മുടെ സഭാനിയമപ്രകാരമുള്ള ബലികളും പ്രാർത്ഥനകളും അർപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

പ്രാർത്ഥനയുടെ ഐക്യത്തിൽ

കാഞ്ഞിരപ്പിള്ളി ഫാ. ലൂക്കോസ് പറയരുതോട്ടം സി. എം. ഐ.
15.07.2016 പ്രീഫെക്ട്

മേരിക്വീൻസ് കാർമ്മൽ ഹൗസ്



## റവ. ഫാ. മാത്യു ഉപ്പാണി

1935–2016

കോട്ടയം സെന്റ് ജോസഫ് പ്രൊവിൻസിലെ ഇടമറ്റം ചാവറ ആശ്രമാംഗമായിരുന്ന ബഹു. മാത്യു ഉപ്പാണി അച്ചൻ 2016 ജൂലൈ മാസം 9–ാം തീയതി വെളുപ്പിന് 5.00 മണിക്ക് തന്റെ 81–ാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

എറണാകുളം അതിരൂപതാ വടയാർ ഇടവകയിൽ ഉപ്പാണി എമ്മാനുവേൽ-മറിയാമ്മ ദമ്പതികളുടെ പുത്രനായി 1935 ജനുവരി 20 ന് ജനിച്ചു. വടയാർ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി സി. എം. ഐ. സഭയിൽ ചേർന്നു. 1958 മെയ് 16ന് നിത്യവ്രതം അനുഷ്ഠിച്ചു. 1964 മെയ് 16ന് അഭിഷിക്തനായി. കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം സമ്പാദിച്ച മാത്യു അച്ചൻ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും സുറിയാനി ഭാഷയിൽ ഉപരിപഠനം നടത്തി. തുടർന്ന് മാഗ്നറ്റിക് തെറാപ്പിയിൽ ഡിപ്ലോമയും കരസ്ഥമാക്കി. നല്ലൊരു വാഗ്മിയായിരുന്ന മാത്യു ഉപ്പാണിയച്ചൻ നിരവധി ഇടവകകളിൽ ധ്യാനപ്രസംഗം നടത്തുകയും പല ഇടവകകളിൽ സഹവികാരിയായി ജോലി ചെയ്യുകയും ചെയ്തു. മുഹമ്മ ആശ്രമത്തിലെ സുപ്പീരിയർ ആയിരുന്ന അച്ചൻ തീക്ഷ്ണതയുള്ള വചനശുശ്രൂഷകൻ കൂടിയായിരുന്നു. ചെത്തിപ്പുഴ ആശ്രമാംഗമായിരുന്നപ്പോൾ ആശ്രമദേവാലയത്തിൽ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ജപമാലയും റംശപ്രാർത്ഥനകളും വചനസന്ദേശവും ഉച്ചഭാഷിണിയിലൂടെ ചൊല്ലിയിരുന്നു. കുടുംബപ്രാർത്ഥനയുടെ ആവശ്യകത സമൂഹത്തെ

ബോധ്യപ്പെടുത്തുന്നതിന് അദ്ദേഹം കണ്ട ഈ മാർഗ്ഗം ഏറെ പ്രശംസനീയമായിരുന്നു.

'പ്ശിത്ത' ബൈബിളിനെ സുറിയാനി ഭാഷയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് മാത്യു അച്ചന്റെ സുറിയാനി ഭാഷയിലുള്ള മികവിനെവിളിച്ചറിയിക്കുന്നു. ഇത് സീറോ മലബാർ സഭയ്ക്ക് വലിയൊരു നേട്ടം തന്നെയായിരുന്നുവെന്ന് പിതാക്കന്മാർ അനുസ്മരിക്കുന്നു. 'അറിവിൽപെടാത്ത മേഘപടലം' വത്തിക്കാൻ കൗൺസിലിന്റെ ഡിക്രികളിൽ ചിലത്, ചില ആത്മീയ ഗ്രന്ഥങ്ങൾ തുടങ്ങി ധാരാളം ഇംഗ്ലീഷ് കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കൂത്താട്ടുകുളം മേരിഗിരി കോളേജിന്റെ സ്ഥാപകപിതാവായ മാത്യു അച്ചൻ മധ്യപ്രദേശിലെ ജ്യോതി കോളേജിലെ അദ്ധ്യാപകനും ദക്ഷിണാഫ്രിക്കയിലെ സെമിനാരി അദ്ധ്യാപകനും ആയിരുന്നു. കൂടാതെ അമനകര, പാലാ, പാലമ്പ്ര എന്നീ ആശ്രമങ്ങളിലും സ്തുത്യർഹമായ സേവനം ചെയ്തു.

ഇടമറ്റം ചാവറ ആശ്രമാംഗമായിരുന്നെങ്കിലും കഴിഞ്ഞ മൂന്നു വർഷമായി കിഡ്നി സംബന്ധമായ അസുഖത്തെത്തുടർന്ന് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് ആസ്പത്രിയോട് ചേർന്നുള്ള പ്രശാന്ത് ഭവനിലായിരുന്നു മാത്യു അച്ചൻ താമസിച്ചിരുന്നത്. 1969-ൽ വെല്ലൂരിൽ വച്ച് അതീവഗൗരവമേറിയ ഹൃദയശസ്ത്രക്രിയ ചെയ്യേണ്ടിവരികയും ദൈവകാരുണ്യത്താൽ ഊർജ്ജ്വസ്വല നാവുകയും ചെയ്തു. ഈ ദൈവകാരുണ്യത്തിന്റെ അനുസ്മരണാർത്ഥമാണ് 'പ്ശിത്ത' ബൈബിളിന്റെ വിവർത്തനം നിർവഹിച്ചതെന്ന് ഗ്രന്ഥത്തിൽ അദ്ദേഹം തന്നെ കുറിച്ചിട്ടുണ്ട്. ദൃഢനിശ്ചയം അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും നിഴലിച്ചിരുന്നു. സുറിയാനി ഭാഷയിലെ നൈപുണ്യം കേരളത്തിലെ നിരവധി ദൈവാലയങ്ങളിൽ സുറിയാനി പാട്ടുകുർബാനയിലൂടെ അദ്ദേഹം പങ്കുവച്ചതും ദൈവകാരുണ്യത്തിന്റെ വ്യക്തമായ പ്രകടനമായിരുന്നു.

ജൂലൈ പത്താം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് സെന്റ്

വിൻസെന്റ് ആശ്രമദൈവാലയത്തിൽ നടന്ന സംസ്ക്കാര ചടങ്ങിൽ വി. കുർബാനയ്ക്ക് ജനറാൾ ബഹു. പോൾ അച്ചാണ്ടി അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. സംസ്ക്കാരശുശ്രൂഷയുടെ ആദ്യഭാഗത്ത് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അച്ചന്റെ പ്രവർത്തനങ്ങളെ ഓർമ്മിക്കുകയും ചെയ്തു. സംസ്ക്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും മാത്യു അച്ചനെ അനുസ്മരിച്ച് സംസാരിക്കുകയും ചെയ്തു. പരി. കുർബാനയ്ക്കിടയിൽ ബഹു. ജോസഫ് വള്ളിപ്പാലം അച്ചൻ അനുസ്മരണപ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽ ബഹു. ജോർജ്ജ് ഇടയാടിയിലച്ചൻ, ഇടമറ്റം ചാവറ ആശ്രമം പ്രീഫെക്ട് ഫാ. റ്റോമി കാരാംവേലി, മാത്യു അച്ചന്റെ സഹോദരീപുത്രൻ റവ. ഫാ. മാത്യു കരീത്തറ എന്നിവർ സഹകാർമ്മികരായിരുന്നു. നിരവധി വൈദികരും സമർപ്പിതരും ബന്ധുമിത്രാദികളും ശിഷ്യഗണങ്ങളും നാട്ടുകാരുമടങ്ങുന്ന ധാരാളം പേർ ശുശ്രൂഷകളിൽ സന്നിഹിതരായിരുന്നു.

ബഹു. മാത്യു ഉപ്പാണി അച്ചനുവേണ്ടി സഭാനിയമപ്രകാരമുള്ള ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുവാൻ ഓർമ്മപ്പെടുത്തട്ടെ.

ഇടമറ്റം
20-07-2016

**ഫാ. റ്റോമി കാരാംവേലി**
പ്രീഫെക്ട്, ചാവറ ആശ്രമം



# റവ. ഫാ. തോമസ് മാളിയേക്കൽ സി.എം.ഐ

ജനനം : 20.4.1954
തിരുപ്പട്ടം : 11.5.1983
ആദ്യവ്രതം : 16.5.1957
മരണം : 20.7.2016

കോട്ടയം സെന്റ് ജോസഫ് പ്രവശ്യയുടെ അമനകര സെന്റ് പയസ്ത ആശ്രമാംഗമായിരുന്ന ബ. തോമസ് മാളിയേക്കൽ സി.എം.ഐ അച്ചൻ 2016 ജൂലൈ 20-ന് ദിവംഗതനായി. പാലാ മരിയൻ സെന്ററിൽ വച്ചായിരുന്നു അന്ത്യം. അദ്ദേഹത്തിന്റെ മൃതശരീരം 2016 ജൂലൈ 22-നു പാലാ സെന്റ് വിൻസെന്റ് ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

ബോദ്ധ്യങ്ങളുടെ മനുഷ്യൻ, അനുഗ്രഹീതനായ കലാകാരൻ, കാര്യപ്രാപ്തിയുള്ള കർമ്മയോഗി, ദൃഢമായ സുഹൃദ്ബന്ധങ്ങളുടെ വ്യക്തിത്വം, ക്രിയാത്മകമായ പ്രവർത്തന ശൈലിയുടെ വക്താവ്, കർമ്മനിരതനും സ്നേഹസമ്പന്നനുമായ ഗുരുനാഥൻ, ദൈവാശ്രയബോധം ഹൃദയത്തിൽ സൂക്ഷിച്ച വ്യക്തിതം, സമൂഹത്തിന് ആർജവം പകരുന്ന സജീവ സാനിധ്യം, അസാധാരണമായ ഓർമ്മശക്തിയുടെ ഉടമ, മുഖം നോക്കാതെയുള്ള പ്രവർത്തന ശൈലി എന്നിങ്ങനെ ബ. തോമസച്ചന്റെ ജീവിതത്തെ സംഗ്രഹിക്കാം.

പാലാ രൂപതയിലെ മീനച്ചിൽ ഇടവക മാളിയേക്കൽ ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ അഞ്ച് മക്കളിൽ മൂന്നാമനായി 1954 നവംബർ 4-ാം തിയതി തോമസച്ചൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം കരിക്കാട്ടൂർ ആശ്രമത്തോടനുബന്ധിച്ചുള്ള അപ്പസ്തോലിക്ക് ബോർഡിംഗിൽ താമസിച്ച് എട്ട്, ഒൻപത് ക്ലാസ്സുകളിലെ പഠനം പൂർത്തീകരിച്ചു.

പത്താം ക്ലാസ്സിലെ പഠനത്തിനായി മുത്തോലി സെന്റ് ആന്റണീസ് സ്കൂളിൽ ചേരുകയും ഒപ്പം യോഗാർത്ഥി ഭവനത്തിലെ അംഗമായി മാറുകയും ചെയ്തു. ഒരു വർഷക്കാലത്തെ ലത്തീൻ പഠനത്തിനു ശേഷം പ്രീഡിഗ്രി പഠനം മാന്നാനം കെ.ഇ. കോളേജിൽ പൂർത്തിയാക്കി. ചെത്തിപ്പുഴയിൽ നവസന്യാസ പരിശീലനം പൂർത്തിയാക്കി 1975 മെയ് 16-ാം

തിയതി ആദ്യവ്രതം അനുഷ്ഠിച്ചു. കോളേജ് വിദ്യാഭ്യാസം കോഴിക്കാട് ദേവഗിരി കേളേജിലും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ ബാംഗ്ളൂർ ധർമ്മാരാം കോളേജിലും പൂർത്തിയാക്കി. 1980 ജൂൺ 5-ന് നിത്യവ്രതമനുഷ്ഠിച്ച അദ്ദേഹം 1983 മെയ് 11-ന് ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനായി. തുടർന്ന് തേവര സേക്രട്ട്ഹാർട്ട് കോളേജിൽ നിന്ന് കൊമേഴ്സിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി.

മൂലമറ്റം സെന്റ് ജോസഫ് കോളേജിൽ പ്രിൻസിപ്പലായും അദ്ധ്യാപകനായും, എടത്വ സെന്റ് അലോഷ്യസ് കോളേജിൽ പ്രിൻസിപ്പലായും തന്റെ ഔദ്യോഗിക ജീവിതത്തിൽ അധിക കാലവും അച്ചൻ ചിലവഴിച്ചു. വൈദിക ജീവിതത്തിന്റെ ആരംഭത്തിൽ ഒരു വർഷക്കാലം പാലാ സെന്റ് വിൻസെന്റ് ആശ്രമത്തിന്റെ പ്രൊകുറേറ്ററായി ജോലി നിർവഹിച്ചു. റിട്ടയർമെന്റിനു ശേഷം മഹരാഷ്ട്രയിലെ ചന്ദ്രപ്പൂരിലുള്ള കാർമ്മൽ അക്കാദമി സ്കൂളിന്റെ പ്രിൻസിപ്പലായി സേവനം ചെയ്തു. ഇതിനിടയിൽ 1997-2000 വർഷങ്ങളിൽ അദ്ദേഹം അമേരിക്കയിൽ അജപാലന ശ്രുശ്രൂഷ നിർവഹിച്ചു. 2010-ൽ വിദ്യാഭാസ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച അദ്ദേഹം ചക്കുപള്ളം, കൂത്താട്ടുകുളം ഭവനങ്ങളിൽ അംഗമായിരുന്നു. 2011-2014 പുതുപ്പള്ളി സെന്റ് ആന്റണീസ് സി.എം.ഐ ഭവന്റെ പ്രിഫെക്ട് ആയി ഉത്തരവാദിത്വം നിർവഹിച്ചു.

2014 മുതൽ തോമസച്ചൻ അമനകര ആശ്രമാംഗമായി വിവിധ ശുശ്രൂഷകളിലേർപ്പെട്ടിരുന്നു. ആരോഗ്യപരമായ ബുദ്ധിമുട്ടുകളുണ്ടായിരുന്നിട്ടും വി.കുർബാനയും മറ്റ് കൂദാശകളും പരികർമ്മം ചെയ്യുന്നതിന് ഉത്സാഹം കാണിച്ചിരുന്നു. 2014 ഡിസംബറിൽ അദ്ദേഹം അമേരിക്കയിൽ അജപാലനശുശ്രൂഷക്കായി

പോയിരുന്നെങ്കിലും ആരോഗ്യപരമായകാരണങ്ങളാൽ അധികം താമസിയാതെ നാട്ടിലേക്ക് തിരിച്ച് പോന്നു. കരൾരോഗസംബന്ധമായ അസ്വാസ്ഥ്യം ഇക്കാലങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ഇതിനുള്ള ചികിത്സയ്ക്കായി ബാംഗ്ളൂർ സെന്റ് ഫിലോമിനാസ് ആശുപത്രിയിലും ആലുവ രാജഗിരി ആശുപത്രിയിലും അദ്ദേഹം പോയിരുന്നു. തന്റെ രോഗത്തെക്കുറിച്ച് കൃത്യമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ജീവിതത്തിന്റെ അവസാന നാളുകളിൽ ഒന്നരമാസക്കാലം പാലാ മരിയൻ സെന്ററിൽ ചികിത്സയിലായിരുന്നു. ശാരീരിക വേദനകളും സഹനങ്ങളും വഹിച്ച്, അന്ത്യകുദാശ സ്വീകരിച്ച്, സഭാംഗങ്ങളുടേയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനകൾ ശ്രവിച്ചുകൊണ്ടുള്ള ഒരു മരണം സ്വീകരിക്കുവാൻ തോമസച്ചന് സാധിച്ചു.

മോശയേപ്പോലെ മനസ്സുരുകിയ പ്രാർത്ഥന വഴി ദൈവജനത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച്, തേടിച്ചെന്നവരുടെ പാതകളെ ചൈതന്യവത്താക്കി, മെഴുകുതിരിപോലെ ഉരുകിയില്ലാതായി, നന്മകളുടെ വഴിത്താരകൾ തെളിച്ച് തമ്പുരാന്റെ പാതയുടെ ഔന്നത്യം ഉയർത്തി പിടിച്ച്, വ്രതബദ്ധജീവിതത്തിലൂടെ സമർപ്പിച്ച്, സി.എം.ഐ സഭയെ ഏറെ സ്നേഹിച്ച്, സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഗണ്യമായ സംഭാവനകൾ നല്കി തോമസച്ചൻ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി. അദ്ധ്യാപകനും, പുരോഹിതനും, സഹൃദയനുമായി വർത്തിച്ചുകൊണ്ട് അദ്ദേഹം തന്റെയും മറ്റുള്ളവരുടെയും ജീവീതങ്ങളെ ദീപ്തമാക്കി.

മൃതസംസ്കാരവേളയിലും അതിനുമുൻപുമായി വളരെ വലിയ ജനാവലി അമനകരയിലും പാലായിലും എത്തി അദ്ദേഹത്തോട് ആദരവ് പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തും സുഹൃദ് ബന്ധവും എത്ര വലുതായിരുന്നുവെന്ന് വ്യക്തമാക്കുന്നതായിരുന്നു മൃതസംസ്കാര ശുശ്രൂഷക്കായിഎത്തിച്ചേർന്ന വൻ ജനാവലി. പാലാ സെന്റ് വിൻസന്റ് ആശ്രമ ദേവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ പ്രധാന ഭാഗമായ സമൂഹബലിക്ക് ഛാന്ദാ രൂപതാ മുൻ മെത്രാൻ മാർ വിജയാനന്ദ് നെടുമ്പുറം പിതാവ് നേതൃത്വം നല്കി. കോട്ടയം പ്രവിശ്യാധിപൻ ജോർജ് ഇടയാടിയലച്ചൻ,

കോഴിക്കോട് പ്രവിശ്യാധിപൻ ജോസഫ് വയലിലച്ചൻ, തൃശൂർ പ്രവിശ്യാധിപൻ വാൾട്ടർ തേലപ്പള്ളിയിലച്ചൻ, ഛാന്ദാ പ്രവിശ്യാധിപൻ ആന്റണി കുറ്റിയാനിക്കലച്ചൻ, ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ തോമസ് ചാത്തൻപറൻമ്പിലച്ചൻ, അമനകര ആശ്രമത്തിന്റെ പ്രിയോർ സഖറിയാസ് കളപ്പുരക്കലച്ചൻ എന്നിവർ സഹകാർമ്മികരായിരുന്നു. മുൻ പ്രൊവിഷ്യലും ബാംഗ്ലൂർ ക്രിസ്തുജയന്തി കോളേജിന്റെ പ്രിൻസിപ്പലുമായിരുന്ന ജോസുകുട്ടി പടിഞ്ഞാറെ പീടികയിലച്ചൻ തന്റെ സഹപാഠിയും സുഹൃത്തുമായ തോമസച്ചന്റെ ജീവിതത്തെ വചന സന്ദേശത്തിലൂടെ വെളിപ്പെടുത്തിതന്നു. സമാപന കർമ്മങ്ങൾക്ക് സി.എം.ഐ സഭയുടെ ജനറൽ കൗൺസിലർ സെബാസ്റ്റ്യൻ തെക്കേടമച്ചൻ നേതൃത്വം നല്കി. മാണ്ഡ്യ രൂപത മാർ ആന്റണികരിയിൽ പിതാവും, പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും തോമസച്ചനുവേണ്ടി ഒപ്പീസു ചെല്ലി പ്രാർത്ഥിച്ചു.

മനോചിന്തകൾ പവിത്രീകരിച്ച്, വിജ്ഞാനം വിശുദ്ധീകരിച്ച്, യേശുഭാവം ധരിച്ച്, ജീവനും ജീവിതവും തമ്പുരാനു സമർപ്പിച്ച ഈ സന്യാസ വൈദികന്റെ ജീവിതം എന്നെന്നും വാഴ്ത്തപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ. മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് സ്വർഗ്ഗീയഗാനം ആലപിക്കുവാൻ ദൈവപിതാവിന്റെ പക്കലേക്ക് പുറപ്പെട്ടിരിക്കുന്ന ബഹു. തോമസ് മാളിയേക്കലച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ എന്നും സ്മരിക്കുകയും അദ്ദേഹത്തിനുവേണ്ടി സഭാനിയമപ്രകാരമുള്ള ബലികളും പ്രാർത്ഥനകളും അർപ്പിക്കുകയും ചെയ്യാം.

അമനകര
08.08.2016

പ്രാർത്ഥനയോടെ

**ഫാ. സഖറിയാസ് കളപ്പുരയ്ക്കൽ സി.എം.ഐ**
പ്രിയോർ
സെന്റ് പയസ് X ആശ്രമം
അമനകര, രാമപുരം

*Carmela Sandesam*
CMI Bulletin
CMI Generalate, Chavara Hills
P.B. No. 3105, Kakkanad P.O.
Kochi - 682 030

No. 230; March 2016
Phone : 0484-2881804
0484-2881816
carmelasandesam.cmi@gmail.com
*For Private Circulation*

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2016 നവംബർ 15 നകം ഓഫീസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.
Editor : **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media of Communication